# നിങ്ങളുടെ ജീവിതത്തിലെ വിശ്രമം




6 ആഴ്ചയുടെ കലണ്ടർ എന്നെങ്കിലും മാറ്റിയിട്ടുണ്ടോ?

25 സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കും

37 പ്രതിവാരവിശ്രമം കുറഞ്ഞ അപകടസാദ്ധ്യത


## ശബ്ബത്തിനെപ്പറ്റി

# നിങ്ങൾ അറിയേണ്ടതെല്ലാം

## ഉള്ളടക്കം


ഭാഗം – 1 ........................ പേജ് 3

**എന്താണ് ശബ്ബത്ത്**

3 ശബ്ബത്ത് ദൈവത്തിൽനിന്ന് വരുന്നു
4 ഏഴാം ദിവസത്തിൽ വിശ്രമം
5 ശനിയാഴ്ച ഇന്നും ശനിയാഴ്ചയോ

ഭാഗം – 2 ........................ പേജ് 11

**ശബ്ബത്തിന്റെ ചരിത്രം**

11 ശബ്ബത്തിന്റെ സൃഷ്ടി
12 യിസ്രയേലിലെ ശബ്ബത്ത്
17 സുവിശേഷങ്ങളിലെ ശബ്ബത്ത്
22 ശബ്ബത്ത് ആദ്യകാല ക്രിസ്തീയ സഭയിൽ
25 സമയങ്ങളെയും കാലങ്ങളെയും മാറ്റുവാൻ ശ്രമിക്കും

ഭാഗം – 3 ........................ പേജ് 31

**ശബ്ബത്ത് ഇന്നും നാളെയും**

31 കല്പന ഇപ്പോഴും പ്രധാനമാണോ
34 അതുകൊണ്ട് ശബ്ബത്ത് ഇപ്പോഴും പ്രസക്തമാണോ?
36 നല്ല ആരോഗ്യവും ശബ്ബത്തും
38 ശബ്ബത്ത് എങ്ങനെ വിശുദ്ധമായി ആചരിക്കാം
40 പുതിയഭൂമിയിലെ ശബ്ബത്ത്
42 എന്തുകൊണ്ട് ശബ്ബത്ത്?



**Ningalude Jeevithathile Visramam**
Sabbathinepetti Ningel Ariyendunnathellam
(Malayalam)

Name of author: Pastor Douglas Batchelor
Translated by: V. M. Joseph, Antony C. J.
Editor: Soey Thomas
Associate Editor: Binoy Chacko

Sponsored by:
Moni Abraham & Abraham Thomas, Plamkoottathil

Published by: Personal Ministries
Post Bag 753, Evergreen Lane, Moospet Road
Thrissur – 680 005, Kerala
Tel: 0487 2440341,Mob: +91 944 6228 376
e-mail: swiusda5@gmail.com, apsectionofsda@gmail.com

Printed at:
Ebenezer Printers – Thrissur Ph: 0487 2361892
Graphics: ADDWISE Media Hut-Thrissur
Cell +91 9745 448 333
Graphic Designer: Aji Paul

Copies: 10000/2017



All rights reserved.
No part of this publication may be reproduced, Distributed or transmitted in any form or by any means, Including photo copying or other electronics and mechanical methods, without the prior written permission of the publisher.



Price: **Rs. 50.00**


"സുവിശേഷ പ്രബോധനങ്ങളുടെ രചയിതാവ് ക്രിസ്ത്യാനികളോട് പറയുന്നു: ശബ്ബത്തിനെ അവഗണിക്കുന്നത് അവസാനിപ്പിക്കുക"
*ആമി ജേക്കബ്സ്*
www.christiandaily.com. Feb. 24, 2015.

### ആമുഖം

# സ്നേഹമാണെല്ലാം...

## സ്നേഹത്തേക്കാൾ അതിപ്രധാനമായത് ഒന്നുമില്ല.

ദൈവത്തെ പൂർണ്ണഹൃദയത്തോടെയും അയൽക്കാരെ നമ്മെപ്പോലെയും സ്നേഹിക്കുന്നതിനെക്കുറിച്ചാണ് ദൈവകല്പന പറയുന്നത്.

സ്നേഹം സമയത്തെ ആശ്രയിച്ചിരിക്കുന്നു. പ്രിയപ്പെട്ടവരോടൊത്തുള്ള നിമിഷങ്ങളായാലും കുടുംബത്തോടൊത്തുള്ള യാത്രയോ ആഴ്ചതോറും ദൈവത്തെ ആരാധിക്കുവാനുള്ള സഭാ കൂട്ടായ്മയോ, ഏതുമാകട്ടെ എല്ലാ സ്നേഹബന്ധങ്ങളും നിലനില്ക്കുന്നത് വിശേഷതയുള്ള സമയത്തിന്റെ പശ്ചാത്തലത്തിലാണ്.

പ്രവൃത്തിദിനത്തിൽ ജോലിയോടുള്ള ബന്ധത്തിൽ ചെയ്യുന്ന ഒരുക്കങ്ങളും, പ്രഭാതഭക്ഷണത്തിനായി ഒന്നിച്ചുകൂടുന്നതും അങ്ങനെ ഒരു സാധാരണ കുടുംബത്തിൽ സംഭവിക്കുന്നതല്ല വിശേഷതയുള്ള സമയം.

നേരെമറിച്ച്, നമ്മുടെ പ്രിയപ്പെട്ടവർ പറയുന്ന കാര്യങ്ങൾക്കുവേണ്ടി അതീവ താത്പര്യത്തോടെ ശ്രദ്ധിക്കുന്നതും അവർക്കുവേണ്ടി ആ സമയം വേർതിരിക്കുന്നതും **വിശേഷതയുള്ള സമയ**ത്തെയാണ് കാണിക്കുന്നത്. തിരക്കേറിയ ജീവിതത്തിലെ പരക്കംപാച്ചിലിലല്ല ഒരുമിച്ച് വിശ്രമിക്കുമ്പോഴാണ് നമ്മുടെ സ്നേഹബന്ധങ്ങൾ വളരുന്നത്. ദൈവവുമായി ആരോഗ്യകരമായ സ്നേഹബന്ധമുള്ളപ്പോഴാണ് അത് ഏറ്റവും നന്നായി വളരുന്നത്. ഈ തിരക്കേറിയ കാലഘട്ടത്തിൽ അതുകൊണ്ടുതന്നെ സ്നേഹം ഈ പുസ്തകത്തിന്റെ പ്രധാന വിഷയമാകുന്നു.

"സ്വർഗ്ഗത്തെയും ഭൂമിയെയും ദൈവത്തെയും മനുഷ്യരെയും ബന്ധിപ്പിക്കുന്ന ഒരു പാലം," വേദപുസ്തകം ശബ്ബത്ത് എന്നു വിളിക്കുന്ന, വിശ്രമദിവസത്തിന്റെ ചരിത്രപ്രധാനമായ മർമ്മം തുടർന്നുള്ള പേജുകളിൽ നാം കണ്ടെത്തും. അനേകർ വിസ്മരിച്ച അപൂർവ്വമായ ഒരു ദാനമാണ് ഇത്. എന്നാൽ "ശബ്ബത്ത് നാളിനെ ഓർക്കുക" എന്ന് ദൈവം ആവശ്യപ്പെട്ടതിന്റെ പ്രധാന കാരണം സ്നേഹം മാത്രമാണെന്ന് നിങ്ങൾക്ക് വ്യക്തമായി കാണാനാവും.






# നാം തിരക്കിലാണ്, ഒടുവിൽ സംഭവിച്ചതെന്ത് എന്നുപോലും നാമറിയുന്നില്ല!

മനഃശാസ്ത്ര വിദഗ്ദ്ധർ പറയുന്നു, ദീർഘനാളായി അലട്ടുന്ന സമ്മർദ്ദം - ഇന്ന് വളർന്നുകൊണ്ടിരിക്കുന്ന പൊതു ആരോഗ്യ പ്രശ്നമാണ്."

പ്രായഭേദമെന്യേ ഇത്തരം ഉയർന്ന സമ്മർദ്ദങ്ങൾ ഉറക്കം മുതൽ ജോലി വരെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും തടസ്സമാകുന്നു. ശാരീരിക, മാനസ്സികാരോഗ്യത്തെ മാത്രമല്ല ബന്ധങ്ങളെയും അത് ബാധിക്കുന്നു. 40 ശതമാനത്തിലധികം ആളുകൾ സമ്മർദ്ദം മൂലമുണ്ടാകുന്ന രോഗങ്ങളാൽ വലയുന്നു. ലോകമെങ്ങും ഹൃദയാഘാതം, കാൻസർ, ശ്വാസകോശ രോഗങ്ങൾ, അപകടങ്ങൾ, കരൾരോഗം, ആത്മഹത്യ മുതലായവ മൂലമുള്ള മരണങ്ങൾക്ക് വഴിവയ്ക്കുന്നതും ഈ സമ്മർദ്ദമാണ്.

സ്മാർട്ട്ഫോൺ, കമ്പ്യൂട്ടർ എന്നിവയിൽനിന്നും അകലം പാലിക്കുക എന്നതാണ് ഈ പ്രശ്നത്തിന് ഒരു ഉത്തമപരിഹാരം. ഇതു സത്യമാണ്! സാങ്കേതികവിദ്യകൾ നമ്മുടെ ജീവിതവും ജോലിയും എളുപ്പമാക്കുവാനായി നിർമ്മിക്കപ്പെട്ടവയാണ്. എന്നാൽ ഇവ രണ്ടും നമ്മെ ജോലിസ്ഥലത്ത് മാത്രമല്ല ഭവനങ്ങളിൽപ്പോലും തിരക്കുള്ളവരാക്കി തളച്ചിടുകയാണ്. നാം എവിടേക്ക് തിരിഞ്ഞാലും ജനങ്ങൾ തലകുനിച്ച് ശരീരത്തിലെ ഒരവയവം പോലെയായ സ്മാർട്ട്ഫോണിലേക്ക് കണ്ണുംനട്ട് തങ്ങൾ ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത "സുഹൃത്തുക്കൾ" എന്താണ് ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തിരിക്കുന്നത് എന്നറിയുവാൻ വിരലുകൾകൊണ്ട് കസർത്ത് നടത്തുകയാണ്. പലപ്പോഴും ഓഫീസിൽ കിട്ടുന്ന ചെറിയ ഇടവേളകൾപോലും ഈ നോട്ടത്തിലേക്ക് വഴുതി വീഴുന്നു. കുടുംബവും സുഹൃത്തുക്കളും അടുത്തുണ്ടെങ്കിൽപ്പോലും അവരത് അറിയുന്നില്ല. അടുത്ത മുറിയിലിരിക്കുന്ന ഭാര്യയോടുപോലും സംസാരിക്കുന്നത് സ്മാർട്ട് ഫോണിലൂടെയാണ്. സ്ഥിരതയില്ലാത്ത വിശ്രമവും മനഃസമാധാനമില്ലായ്മയും നമ്മുടെ അദ്ധ്വാനത്തിന്റെ ഫലം അനുഭവിക്കുവാനുള്ള കഴിവിനെ അപഹരിക്കുകയാണ്. ഈ ലോകജീവിതത്തിന് ആവശ്യമായ കാര്യങ്ങൾക്കുവേണ്ടി നമ്മുടെ ഹൃദയങ്ങളെ ഭാരപ്പെടുത്താതിരിക്കുവാൻ ആവശ്യമായതെന്തും നാം ചെയ്യണം.

ഈ ഭൂമിയിലുള്ള ഓരോ മനുഷ്യനും എങ്ങനെ ജീവിക്കും എന്നുള്ള ചിന്തകൾ വിട്ടുകളഞ്ഞ് സുഹൃത്തുക്കൾക്കും കുടുംബത്തിനും ദൈവത്തോടൊപ്പം സമയം പങ്കിട്ട് എല്ലാ ജോലികളിൽനിന്നും വിമുക്തരായി ചുറ്റുമുള്ള പ്രകൃതിയെ കണ്ടാസ്വദിക്കുവാൻ ഓരോ ആഴ്ചയിലും ഒരു പ്രത്യേക ദിവസമുണ്ടെന്നു പറഞ്ഞാൽ അത് നിങ്ങൾക്ക് വിശ്വസിക്കുവാനാവുമോ?

എന്നാൽ, അത് സത്യമാണ്. ശബ്ബത്ത് ആണ് ആ ദിവസം. ഓരോ ആഴ്ചയിലും നിങ്ങളുടെ ജീവിതത്തെ പുതുക്കി ഊർജ്ജസ്വലമാക്കുവാൻ നിങ്ങൾക്കായി മാത്രം ദൈവം സൃഷ്ടിച്ച ദിവസം. ഇത് കൊള്ളാമല്ലോ എന്നാണ് നിങ്ങൾ ചിന്തിക്കുന്നതെങ്കിൽ തീർച്ചയായും ഈ പുസ്തകത്തിന് നിങ്ങളെ സഹായിക്കുവാനാകും. "നിങ്ങളുടെ ജീവിതത്തിലെ വിശ്രമത്തെപ്പറ്റി നിങ്ങൾ അറിയേണ്ടതെല്ലാം?" കണ്ടെത്തുവാനുള്ള വഴി ഇതിലുണ്ട്.



ഭാഗം 1

# എന്താണ് ശബ്ബത്ത്?

## "സമയത്തിലെ മരുപ്പച്ചയെന്ന്" ചിലർ അതിനെ വിളിക്കുന്നു.

യാതൊരു കുറ്റബോധവുമില്ലാതെ ആഴ്ചയിൽ ഒരു ദിവസം എല്ലാ ജോലികളോടും വീട്ടുജോലികളോടുപോലും വിട പറഞ്ഞ് കുടുംബത്തിനും സുഹൃത്തുക്കൾക്കും പ്രകൃതിക്കുമൊപ്പം കഴിയുവാനൊരു ദിവസം. അല്ലെങ്കിൽ മറ്റാർക്കെങ്കിലും ഒരു നല്ല കാര്യം ചെയ്യുവാനുള്ള അവസരം.

സൃഷ്ടിയുടെ സമയത്ത് ദൈവമാണ് ഈ പ്രത്യേകദിവസത്തെ രൂപകല്പനചെയ്ത് നമുക്ക് നൽകിയത് എന്ന് വേദപുസ്തകം പറയുന്നു.

> "താൻ ചെയ്ത പ്രവൃത്തി ഒക്കെയും ദൈവം തീർത്തശേഷം താൻ ചെയ്ത സകല പ്രവൃത്തിയിൽനിന്നും ഏഴാം ദിവസം നിവൃത്തനായി താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽനിന്നും അന്നു നിവൃത്തനായതുകൊണ്ടു ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു" (ഉല്പത്തി 2:2,3).

കാരണം ഏഴാം ദിവസം ദൈവം തന്റെ സൃഷ്ടിപ്പ് അവസാനിപ്പിച്ചു. എന്നന്നേക്കും ഓർമ്മിക്കുവാനായി ആ ദിവസത്തെ "അനുഗ്രഹിച്ചു" ഒരു വിശുദ്ധ ദിവസമാക്കി.

"ശബ്ബത്ത്" എന്ന എബ്രായ പദം "അവസാനിപ്പിക്കുക" എന്നാണ് അർത്ഥമാക്കുന്നത്. ദൈവം, സൃഷ്ടിപ്പ് അവസാനിപ്പിച്ചതുപോലെ നമ്മുടെ ദൈനംദിനജോലികൾ അവസാനിപ്പിച്ച് പ്രധാനപ്പെട്ടതിലേക്ക് ശ്രദ്ധയൂന്നണം. നമ്മുടെ ആത്മീയ ഭൗതിക ജീവിതത്തിലെ "റീസെറ്റ് ബട്ടൺ" (എല്ലാം പൂർവ്വ സ്ഥിതിയിലാക്കുന്നതിനായി കമ്പ്യൂട്ടറിലും മറ്റും ഉപയോഗിക്കുന്ന ബട്ടൺ) അമർത്തുവാനുള്ള ദിവസമാണത്.

നമ്മുടെ സുഖസമൃദ്ധിക്കായുള്ള ദൈവിക സ്നേഹമാണ് ശബ്ബത്തിലൂടെ ശക്തമായി വെളിപ്പെടുന്നത്. തീർച്ചയായും ദൈവത്തിന് വിശ്രമം ആവശ്യമില്ലെന്ന് നമുക്കറിയാം. "യിസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല" (സങ്കീ. 121:4). ദൈവം ഒരിക്കലും സമ്മർദ്ദത്തിലല്ല, തളരുന്നതുമില്ല. "നിനക്കറിഞ്ഞുകൂടയോ? നീ കേട്ടിട്ടില്ലയോ? യഹോവ നിത്യദൈവം; ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നേ; അവൻ ക്ഷീണിക്കുന്നില്ല, തളർന്നുപോകുന്നതുമില്ല; അവന്റെ ബുദ്ധി അപ്രമേയമത്രേ" (യെശയ്യാവു 40:28). സൗരയൂഥവും ഭൂമിയും അതിലെ സർവ്വചരാചരങ്ങളെയും സൃഷ്ടിച്ചിട്ടും ദൈവം ക്ഷീണിതനായിരുന്നില്ല.

**വെബ്സ്റ്റേഴ്സ് നിഘണ്ടു വിശ്രമത്തെ "പ്രവൃത്തി അല്ലെങ്കിൽ തൊഴിലിൽനിന്നുള്ള വിടുതൽ" എന്നാണ് നിർവചിക്കുന്നത്.**



എന്നിട്ടും തന്റെ സൃഷ്ടിക്ക് ഒരു ഉദാഹരണമെന്നവണ്ണം തന്റെ ജോലിയിൽനിന്നും ഏഴാംദിനം നിവൃത്തനായി. അത് നമുക്ക് അനുയോജ്യമായ ഒരു ദാനമായിരുന്നു! യേശു ഇങ്ങനെ പറഞ്ഞു, "ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായതു" (മർക്കൊസ് 2:27). ആറു ദിവസത്തെ മഹത്തരമായ സൃഷ്ടിക്കുശേഷം ദൈവം ശബ്ബത്ത് എന്ന ഒരു ദിവസം കൂടി സൃഷ്ടിക്കുവാൻ തീരുമാനിച്ചു. ദൈവത്തിന് അതിന്റെ ആവശ്യമുണ്ടായിരുന്നില്ല, പക്ഷേ അവിടുന്ന് അങ്ങനെ ചെയ്തു. താൻ സൃഷ്ടിച്ച മനുഷ്യന്, മുഴുവൻ സൃഷ്ടികളെയും ആസ്വദിക്കുവാനും ശാരീരിക ആത്മീയ വിശ്രമം സ്രഷ്ടാവിന്റെ സ്നേഹത്തിൽനിന്ന് അനുഭവിക്കുവാനുമുള്ള ഒരു സമയവുമാണ് അത്.

## ശബ്ബത്ത് ദൈവത്തിൽനിന്ന് വരുന്നു

പാപത്താൽ നശിച്ച, മനുഷ്യർ ഏതു വിധേനയും സ്വാർത്ഥതാൽപര്യങ്ങൾ നേടിയെടുക്കുന്നതിന് മാത്രമായിരിക്കും ശ്രമിക്കുകയെന്ന് ദൈവത്തിന് അറിയാമായിരുന്നു. ആത്മീയ വളർച്ചയ്ക്കും അനശ്വരമായവയുടെ പ്രാധാന്യം മനസ്സിലാക്കിത്തരുന്നതിനും സുസ്ഥിരമായ ഒരവസരം വേണ്ടിവരുമെന്ന് തനിക്ക് അറിയാമായിരുന്നു. അങ്ങനെ ശബ്ബത്ത് ദൈവകല്പിത



മായ ഒരവസരമാകുന്നു. സത്യത്തിൽ ശബ്ബത്ത് ദൈനംദിന ജീവിത സമ്മർദ്ദങ്ങളിൽനിന്ന് വിടുതൽ നേടുവാനുള്ള ഒരു ദൈവകല്പനതന്നെയാണ്.

ശബ്ബത്തിന്റെ വഴിയിൽ യാതൊരു ഭൗമികശക്തിയും തടസ്സമായി വരരുതെന്ന് ദൈവം നിശ്ചയിച്ചിരിക്കുന്നു. മാനവ നിലനിൽപിന്റെ തന്നെ ഒരവിഭാജ്യ ഘടകമാണത്. അതുകൊണ്ട് തന്റെ ജനത്തോട് വ്യക്തമായി ദൈവം ഇങ്ങനെകല്പിക്കുന്നു....

> ‘ശബ്ബത്ത്നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. ആറു ദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു; അന്നു നീയും നിന്റെ പുത്രനും പുത്രിയും നിന്റെ വേലക്കാരനും വേലക്കാരത്തിയും നിന്റെ കന്നുകാലികളും നിന്റെ പടിവാതിൽക്കകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുതു. ആറു ദിവസംകൊണ്ടു യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി, ഏഴാം ദിവസം സ്വസ്ഥമായിരുന്നു; അതുകൊണ്ടു യഹോവ ശബ്ബത്ത്നാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു”
> (പുറപ്പാടു 20:8-11).

ദൈവത്തിന്റെ സ്നേഹം ഈ കല്പനയിലുടനീളം പ്രതിഫലിക്കുന്നുണ്ട്, ഇല്ലേ? നിങ്ങൾ മാത്രം തൊഴിലിൽനിന്ന് വിശ്രമിച്ചാൽ പോരാ, മറ്റുള്ളവരെല്ലാം തന്നെ ഈ അവസരം ആഴ്ചതോറും ഉപയോഗപ്പെടുത്തണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നിങ്ങൾ ഒരു തൊഴിലാളിയാണെങ്കിൽ വിശ്രമിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നിങ്ങളൊരു തൊഴിൽ ദാതാവാണെങ്കിൽ അതിന്റെ മേൽനോട്ടത്തിൽനിന്ന് നിങ്ങൾ വിശ്രമിച്ചാൽ മാത്രം പോരാ നിങ്ങളുടെ തൊഴിലാളികൾക്കുകൂടി അതിനുള്ള അവസരം ഉണ്ടെന്ന് ഉറപ്പുവരുത്തണം. ചുമട് വഹിക്കുന്ന നിങ്ങളുടെ മൃഗങ്ങൾക്കു കൂടി ഈ വിശ്രമം ലഭിക്കണമെന്നാണ് ദൈവം നിഷ്കർഷിക്കുന്നത്!



## ഏഴാം ദിവസത്തിൽ വിശ്രമം

വിശ്രമത്തിനായി ഒരു പ്രത്യേക ദിവസം വേണമെന്ന് മാത്രമല്ല എല്ലാവർക്കുമായി വിശ്രമം ലഭിക്കുന്നതിനുള്ള ആ പ്രത്യേക ദിനം തന്നെ ദൈവം തിരഞ്ഞെടുത്ത് തന്നിരിക്കുന്നു. സ്നേഹത്തിന്റെ അവിശ്വസനീയമായ മറ്റൊരടയാളമാണത്. അത് തീർച്ചയായും വളരെയധികം അർത്ഥവത്താണ്!

ഒരു ദിവസം വിശ്രമത്തിനായി മാറ്റി വയ്ക്കുമ്പോൾ സുഹൃത്തുക്കൾക്കും കുടുംബാംഗങ്ങൾക്കും മറ്റ് പ്രിയപ്പെട്ടവർക്കുമൊപ്പം സന്തോഷിക്കുവാനും കൂട്ടായ്മയിൽ ദൈവത്തെ ആരാധിക്കുവാനും സാദ്ധ്യമാവുന്നു. ഇന്നത്തെ തിരക്കേറിയ ലോകത്തിൽ വിവിധ സമയക്രമത്തിൽ പല ജോലികൾ ചെയ്യുന്ന കുടുംബാംഗങ്ങൾക്ക് വെവ്വേറേ ഒഴിവുദിവസങ്ങളായിരിക്കും ലഭിക്കുക. ചിലർക്ക് ബുധനാഴ്ച, മറ്റ് ചിലർക്ക് ശനിയാഴ്ച, ഇനിയും ഒരു കൂട്ടർക്ക് ഞായറാഴ്ച അങ്ങനെ. തമ്മിൽ കൂടിക്കാണുവാൻ പോലുമാവാത്തവിധം നമ്മുടെ അവധിദിവസങ്ങൾ ഇരു ധ്രുവങ്ങളിലായി പോകുന്നു. ഒരു പ്രത്യേക ദിവസം നിശ്ചയിക്കുക വഴി ദൈവം ആഴ്ചയിൽ ഒരു ദിവസം നമുക്ക് എല്ലാർക്കും ഒത്തുചേരാമെന്ന് ഉറപ്പുവരുത്തുന്നു.

ലോകമെമ്പാടുമുള്ള സമാനമനസ്കർ ഒന്നായി ദൈവത്തിന്റെ സൃഷ്ടിയെയും അനന്തകൃപയെയും സ്തുതിക്കുമെന്നും ഉറപ്പുവരുത്തുന്നു. നമ്മെ പ്രോത്സാഹിപ്പിച്ച് പുനർജീവിപ്പിക്കുന്ന ഏറ്റവും ശ്രേഷ്ഠമായ സമയമാണത്.

എന്നാൽ ഏത് ദിവസമാണ് ദൈവം ശബ്ബത്തിനായി നിയോഗിച്ചത്? “ശബ്ബത്ത്” എന്ന വാക്കിന്റെ അർത്ഥം വിശ്രമം എന്നാണ്. വിശ്രമിക്കണമെങ്കിൽ നിങ്ങൾ വേല ചെയ്തു എന്നത് തീർച്ച. എന്നാൽ ഇത്തരമൊരു ദിവസം ആഴ്ചവട്ടത്തിന്റെ അവസാനമായിരിക്കും ദൈവം നിയോഗിച്ചത് എന്നു ചിന്തിക്കുന്നത് തികച്ചും ഉചിതമാണ്. വേദപുസ്തകം സ്പഷ്ടമായി പറയുന്നതും ഇതു തന്നെയാണ്. “ഏഴാം ദിവസം ശബ്ബത്ത് ആകുന്നു” (പുറപ്പാടു 20:10). ലോകത്തിലെ എല്ലാ സംസ്ക്കാരങ്ങളിലും ഏഴാം ദിനമെന്നു പറയുന്നത് നമ്മൾ പൊതുവായി വിളിക്കുന്ന ശനിയാഴ്ചയാണ്.

മറ്റൊരർത്ഥത്തിൽ, യെഹൂദ്യ സംസ്ക്കാരത്തിൽ, ഒരു ദിവസം കണക്കാക്കുന്നത് സന്ധ്യ മുതൽ സന്ധ്യ വരെയാണ്. ഒരു ദിവസത്തിന്റെ രാത്രിഭാഗം ആദ്യവും വെളിച്ചമുള്ള ഭാഗം അവസാനവുമാണ് വരുന്നത്. അങ്ങനെയാണെങ്കിൽ വേദപുസ്തക ശബ്ബത്ത് വെള്ളിയാഴ്ച സന്ധ്യയ്ക്ക് സൂര്യാസ്തമയത്തിൽ ആരംഭിച്ച് ശനിയാഴ്ച സന്ധ്യയ്ക്ക് സൂര്യാസ്തമയത്തിൽ അവസാനിക്കുന്നു എന്ന് അർത്ഥമാക്കുന്നു. “വൈകുന്നേരം മുതൽ പിറ്റെന്നാൾ വൈകുന്നേരം വരെ നിങ്ങൾ ശബ്ബത്ത് ആചരിക്കേണം” (ലേവ്യ. 23:32; മർക്കൊസ് 1:32 കാണുക).




**“ആറു ദിവസം നിങ്ങൾ വേല ചെയ്യേണം.”**

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |

## ഞായറാഴ്ചയെക്കുറിച്ച് എന്ത് പറയുന്നു?

ഭൂരിഭാഗം ക്രിസ്ത്യാനികളും എന്തുകൊണ്ട് ശനിയാഴ്ചയ്ക്കു പകരം ഞായറാഴ്ച ആരാധിക്കുന്നു.
ഇതു വളരെ പ്രധാനപ്പെട്ട ചോദ്യമാണ്.
ഇതു നാം പിന്നീട് വിശദീകരിക്കും.




# നിങ്ങൾക്ക് അറിയാമോ?

## ശബ്ബത്ത് മനുഷ്യന്റെ ഭാഷയിൽ

ആഴ്ചയിലെ ഏഴാം ദിനം (ശനിയാഴ്ച) എല്ലാ പ്രവൃത്തികളിൽനിന്നും വിശ്രമം എന്നത് ലോകത്തിലെ ആധുനികവും പുരാതനവുമായ എല്ലാ ഭാഷകളിലും ഉള്ള പൊതുവായ ആശയമാണ്. ഭാഷ അവ സംസാരിക്കുന്നവരുടെ സംസ്ക്കാരങ്ങളുടെ ആചാരമര്യാദകളാണ് പ്രതിഫലിപ്പിക്കുന്നത്. പല പുരാതന സംസ്ക്കാരങ്ങളും ഏഴാം ദിനത്തിൽ വിശ്രമിച്ചു. ഭാഷകൾ രൂപപ്പെട്ടപ്പോൾ, ആഴ്ചയിലെ ഏഴാം ദിവസത്തിന്റെ പേര് "വിശ്രമ ദിനം" എന്നു തന്നെ തുടർന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ഡോ. വില്ല്യം മീഡ് ജോൺസ് 160 ഭാഷകളിൽ ഏഴാം ദിനത്തിന് പറയുന്ന പേരുകൾ ഉൾപ്പെടുന്ന "ആഴ്ചയുടെ പട്ടിക" പ്രസിദ്ധീകരിക്കുകയുണ്ടായി. അവയിൽ ചില അതിപുരാതനമായവയും ഉൾപ്പെട്ടിരുന്നു. അബ്രഹാമിനും നൂറ്റാണ്ടുകൾക്കുമുമ്പേ ബാബിലോണിയൻ ഭാഷയിൽ ആഴ്ചയിലെ ഏഴാം ദിനത്തിന് "വിശ്രമ ദിനം" എന്നർത്ഥം വരുന്ന സ-ബാ-ട്ടു എന്നു വിളിക്കുന്നു.

ഇക്കാലത്തുപോലും, ലോകമെങ്ങുമുള്ള നൂറിൽപരം ഭാഷകളിൽ, അവയിൽ ഭൂരിഭാഗവും പുരാതന എബ്രായ ഭാഷയുമായി ബന്ധം ഇല്ലാത്തവ, "ശബ്ബത്ത്" എന്ന വാക്കാണ് ശനിയാഴ്ചയ്ക്കായി ഉപയോഗിക്കുന്നത്. അവയിൽ ഒന്നുപോലും ശബ്ബത്ത് അല്ലാതെ മറ്റൊരു ദിവസവും ഒരു വിശ്രമദിനമായി മാറ്റിവെയ്ക്കുന്നില്ല. ഒന്നിൽനിന്ന് മറ്റൊന്നിനെ ഗ്രഹിക്കുവാനാവാത്ത വിധം ലോകഭാഷകൾ വളർന്നുവെങ്കിലും ഏഴാം ദിനത്തെ സൂചിപ്പിക്കുന്ന പദം തിരിച്ചറിയാവുന്ന വിധം നിലകൊണ്ടു.

ദൈവത്തിന്റെ ഏഴാം ദിന ശബ്ബത്ത് യെഹൂദ്യ മതാചാരങ്ങൾക്കും മുമ്പേ നിലനിന്നിരുന്നു എന്ന വേദപുസ്തക ഉപദേശത്തെ സ്ഥിരീകരിക്കുന്ന സ്വതന്ത്ര തിരുവചനങ്ങളുടെ ശ്രദ്ധേയമായ തെളിവാണ് ഇത്. ഒരു ശനിയാഴ്ച വിശ്രമത്തിനുള്ള വിശുദ്ധ ദിവസം എന്ന ആശയം ബാബിലോൺ മുതൽ ആധുനിക കാലങ്ങളിലൂടെ ഭൂരിഭാഗം സംസ്ക്കാരങ്ങളിലും മനസ്സിലാക്കുകയും, അംഗീകരിക്കുകയും, അനുഷ്ഠിക്കുകയും ചെയ്തിരുന്നു.

## ശനിയാഴ്ച ഇന്നും... ശനിയാഴ്ചയോ?

മോശെയ്ക്കും യേശുവിനും അറിയാമായിരുന്ന ഏഴാംദിനം തന്നെയാണോ ഇന്ന് നമുക്കറിയാവുന്ന ശനിയാഴ്ച? അതേ! ഒന്നാമതായി, യെഹൂദജനം അവരുടെ പൂർവ്വപിതാവായ അബ്രഹാമിന്റെ കാലം മുതൽ ഏഴാംദിന ശബ്ബത്ത് അനുസരിക്കുന്നു. അത് അവർ ഇന്നും തുടരുന്നു.

യിസ്രായേൽമക്കൾ മരുഭൂമിയിലൂടെ അലഞ്ഞ നാല്പത് വർഷക്കാലം ആഴ്ചതോറുമുള്ള ശബ്ബത്തിൽ ഉണ്ടായ അദ്ഭുതങ്ങളെക്കുറിച്ചാണ് പുറപ്പാടു പുസ്തകം പതിനാറാം അദ്ധ്യായം പറയുന്നത്. ഉദാഹരണത്തിന്, ഓരോ ആഴ്ചയിലെ ആറു ദിവസവും യിസ്രയേൽമക്കൾക്കു മന്നാ ശേഖരിക്കുന്നതിന് ദൈവം നൽകി. എന്നാൽ വെള്ളിയാഴ്ച, ദിവസവും ശേഖരിച്ചതിന്റെ ഇരട്ടി ശേഖരിക്കുവാൻ ദൈവം കല്പിച്ചു. കാരണം പിറ്റേന്ന് ശബ്ബത്തിൽ സ്വർഗ്ഗത്തിൽനിന്ന് മന്നാ വർഷിക്കില്ലായിരുന്നു. (പത്തുകല്പനകൾ നൽകുന്നതിന് മുമ്പായിരുന്നു ഈ സംഭവം എന്നത് നാം മനസ്സിലാക്കണം)



സീനായ് മലയിൽ വെച്ച് ദൈവം കല്പന നൽകിയപ്പോൾ ദൈവം ശബ്ബത്തിനെ ഒരിക്കൽകൂടി ഉറപ്പിച്ചു (പുറപ്പാടു 20:8-11). യേശു ജനിച്ചപ്പോഴും യെഹൂദർ ശബ്ബത്ത് അനുസരിക്കുകയായിരുന്നു. ഒരു രാജ്യം മുഴുവൻ ആയിരക്കണക്കിനു വർഷങ്ങളായി ആഴ്ചതോറും ഈ ദിനം അതിശ്രദ്ധയോടെ എണ്ണിക്കൊണ്ടിരുന്നു. ഇരുട്ടറയിൽ ഒറ്റപ്പെട്ട ഒരു യെഹൂദന് ഒരുപക്ഷേ ശബ്ബത്ത് ദിനം തിട്ടപ്പെടുത്തുവാനാകാതെ വന്നിരിക്കാം, പക്ഷേ യെഹൂദന്മാരുടെ രാഷ്ട്രം മുഴുവൻ അവരുടെ വിശുദ്ധ ശബ്ബത്ത് വിസ്മരിച്ചുകളയുക അസാധ്യം തന്നെ.

രണ്ടാമതായി, ലോകമെമ്പാടുമുള്ള ആധുനികവും പുരാതനവുമായ 160-ൽപരം ഭാഷകൾ ശനിയാഴ്ചയെ ഒരു "വിശ്രമ ദിനമായി" തിരിച്ചറിഞ്ഞിരുന്നു. ഉദാഹരണത്തിന്, ശനിയാഴ്ചയെ

# ആഴ്ചയുടെ കലണ്ടർ എന്നെങ്കിലും മാറ്റിയിട്ടുണ്ടോ?

1582-ൽ, പോപ്പ് ഗ്രിഗറി പതിമൂന്നാമൻ ഒരു ചെറിയ മാറ്റം കലണ്ടറിൽ വരുത്തി. എന്നാൽ അത് ആഴ്ചവട്ടത്തിന് യാതൊരു മാറ്റവും വരുത്തിയില്ല. (അദ്ദേഹം ഈ മാറ്റം അംഗീകരിച്ചപ്പോൾ മുതൽ നമ്മുടെ ഇന്നത്തെ കലണ്ടർ ഗ്രിഗോറിയൻ കലണ്ടർ എന്നാണ് അറിയപ്പെടുന്നത്.) 1582-നു മുമ്പ്, ഏകദേശം 46 ബി.സി.യിൽ ജൂലിയസ് സീസർ സ്ഥാപിച്ച ജൂലിയൻ കലണ്ടറായിരുന്നു നിലവിലിരുന്നത്. ജൂലിയൻ കലണ്ടറിൽ ഒരു വർഷം കണക്കാക്കിയിരുന്നത് $365^{1}/_{4}$ ദിവസങ്ങളായാണ്. എന്നാൽ സൗരവർഷം യഥാർത്ഥത്തിൽ അതിനേക്കാൾ 11 മിനിറ്റ് കുറവാണ്. ഈ 11 മിനിറ്റ് ഓരോ വർഷവും കൂടി വന്നു. അങ്ങനെ 1582 ആയപ്പോഴേക്കും സൗരയൂഥത്തിന്റെ കണക്കിനേക്കാൾ പത്തു പൂർണ്ണദിവസത്തിന്റെ വ്യത്യാസത്തിലായി കലണ്ടർ ദിനങ്ങൾ. പോപ്പ് ഗ്രിഗറി ഈ പത്തു ദിനങ്ങളെ കലണ്ടറിൽനിന്നും എടുത്തുകളഞ്ഞു. അന്ന് 1582, ഒക്ടോബർ നാല്, വ്യാഴാഴ്ചയായിരുന്നു. തൊട്ടടുത്ത ദിവസം, വെള്ളിയാഴ്ച, ഒക്ടോബർ അഞ്ച് ആകേണ്ടിയിരുന്നു. എന്നാൽ കലണ്ടറിനെ സൗരയൂഥക്രമവുമായി യോജിപ്പിക്കുന്നതിനായി പത്തു ദിവസം എടുത്തുകളഞ്ഞ് ഗ്രിഗറി അതിനെ ഒക്ടോബർ 15 ആക്കി.

ആഴ്ചയിലെ ദിവസങ്ങൾക്ക് യാതൊരു മാറ്റവും വരുത്തിയിരുന്നില്ല. വെള്ളിയാഴ്ച ഇപ്പോഴും വ്യാഴാഴ്ചക്കു ശേഷവും ശനിയാഴ്ച ഇപ്പോഴും വെള്ളിയാഴ്ചക്കു ശേഷവും തന്നെ വരുന്നു. എക്കാലത്തെയും പോലെ അതേ ഏഴാം ദിനം തന്നെ ശനിയാഴ്ചയായി തുടരുന്നു. ലോകത്തിലെ ഏറ്റവും ആധികാരികമായ സമയപാലകർ ഈ വസ്തുത ശരിവെയ്ക്കുന്നു.






*"ആഴ്ചയുടെ ക്രമത്തെ ബാധിക്കുന്ന തരത്തിലുള്ള യാതൊരു മാറ്റവും കഴിഞ്ഞ നൂറ്റാണ്ടുകളിൽ നമ്മുടെ കലണ്ടറിൽ ഉണ്ടായിട്ടില്ല."*

- ജെയിംസ് റോബർട്സൺ, അമേരിക്കൻ എഫേമെറിസ് ഡയറക്ടർ, നാവിക വിഭാഗം, യു.എസ്. നാവിക നിരീക്ഷണശാല, വാഷിങ്ടൺ, ഡി. സി.

*"സൃഷ്ടി മുതൽ ഒരൊറ്റ ദിവസം പോലും നഷ്ടപ്പെട്ടിട്ടില്ലെന്ന് ഉറപ്പോടെ പറയുവാനാവും. ഏത് വിധത്തിലുള്ള കലണ്ടർ മാറ്റങ്ങളും ആഴ്ച ക്രമത്തെ ബാധിച്ചിട്ടുമില്ല."*

- ഡോ. ഫ്രാങ്ക് ജെഫ്രീസ്, റോയൽ ആസ്ട്രോണമിക്കൽ സൊസൈറ്റി അംഗവും, ഇംഗ്ലണ്ടിലെ ഗ്രീൻവിച്ച് റോയൽ ഒബ്സർവേറ്ററിയുടെ റിസർച്ച് ഡയറക്ടറുമാണ്.

സൂചിപ്പിക്കുന്ന സ്പാനിഷ് പദം ശബ്ബത്ത് എന്ന് അർത്ഥമാക്കുന്ന "സബാഡോ" ആണ്. റഷ്യൻ ഭാഷയിൽ അത് "സബ്ബോട്ട" എന്നാണ്. ഭാഷകൾ ഉണ്ടായപ്പോൾത്തന്നെ ആഗോള തലത്തിൽ ശനിയാഴ്ചയെ വിശ്രമ ദിനമായി കണ്ട് ആ ദിവസത്തിന്റെ പേര് തന്നെ അങ്ങനെ സംയോജിപ്പിക്കുകയായിരുന്നു എന്ന് ഇത് വ്യക്തമാക്കുന്നു. (കൂടുതൽ വിശദീകരണത്തിനായി പേജ് 9 കാണുക.)

**സാബത്ത്** (ഇംഗ്ലീഷ്)
**സബാഡോ** (സ്പാനിഷ്)
**സബ്ബോട്ടാ** (റഷ്യൻ)
**സബ്ബാട്ടൊ** (ഇറ്റാലിയൻ)
**സബ്ബാറ്റൺ** (ഗ്രീക്ക്)
**യോം സബ്ത്** (അറബി)

മൂന്നാമതായി, നിത്യതയോളം ശബ്ബത്തിനെ സംരക്ഷിച്ചുകൊള്ളാമെന്ന് ദൈവം വാഗ്ദത്തം ചെയ്തിട്ടുണ്ട്. യെശയ്യാവു 66:22, 23 പറയുന്നു, "ഞാൻ ഉണ്ടാക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും എന്റെ മുമ്പാകെ നിലനില്ക്കുന്നതുപോലെ നിങ്ങളുടെ സന്തതിയും നിങ്ങളുടെ പേരും നിലനില്ക്കും എന്നു യഹോവയുടെ അരുളപ്പാടു. പിന്നെ അമാവാസിതോറും ശബ്ബത്തു തോറും സകല ജഡവും എന്റെ സന്നിധിയിൽ നമസ്ക്കരിപ്പാൻ വരും എന്നു യഹോവ അരുളിച്ചെയ്യുന്നു." നിത്യതയിൽ ഉടനീളം അനുസരിക്കുവാനുള്ളതാണെങ്കിൽ ശബ്ബത്തിന്റെ കാര്യം ദൈവത്തിന് എങ്ങനെ വിട്ടുകളയുവാനാകും?

പുതിയനിയമ വചനപ്രകാരം ഒരു വെള്ളിയാഴ്ച യേശു മരിക്കുകയും ആഴ്ചയിലെ ആദ്യ ദിനമായ ഒരു ഞായറാഴ്ച ഉയിർക്കുകയും ചെയ്തു. വേദപുസ്തകം ഇങ്ങനെ പറയുന്നു, "...ഒരു മനുഷ്യൻ പീലാത്തൊസിന്റെ അടുക്കൽ ചെന്നു യേശുവിന്റെ ശരീരം ചോദിച്ചു, അതു ഇറക്കി... കല്ലറയിൽ വെച്ചു. അന്നു ഒരുക്കനാൾ ആയിരുന്നു, ശബ്ബത്തും ആരംഭിച്ചു" (ലൂക്കൊസ് 23:52-54). വെള്ളിയാഴ്ച "ഒരുക്കനാൾ" എന്നാണ് അറിയപ്പെട്ടിരുന്നത്. അത് ശബ്ബത്തിനുവേണ്ടി ഒരുങ്ങുവാനുള്ള ദിവസമായിരുന്നു.

അടുത്ത ഏതാനും വാക്യങ്ങളിൽ പറയുന്നു, "ഗലീലയിൽനിന്നു അവനോടുകൂടെ പോന്ന സ്ത്രീകളും പിന്നാലെ ചെന്നു കല്ലറയും അവന്റെ ശരീരം വെച്ച വിധവും കണ്ടിട്ടു മടങ്ങിപ്പോയി സുഗന്ധവർഗ്ഗവും പരിമളതൈലവും ഒരുക്കി; കല്പന അനുസരിച്ചു ശബ്ബത്തിൽ സ്വസ്ഥമായിരുന്നു" (55, 56 വാക്യങ്ങൾ). യേശു ശബ്ബത്ത് കല്പനയ്ക്ക് അത്രമാത്രം ഉന്നതമായ പ്രാധാന്യം നൽകിയെന്ന് അവർ വിശ്വസിച്ചിരുന്നതായി മനസ്സിലാക്കാം.

ഈ സ്ത്രീകൾ "കല്പന അനുസരിച്ചു" ശബ്ബത്തിൽ സ്വസ്ഥമായിരുന്നു - അതായത് നാലാമത്തെ കല്പന- "ഏഴാം ദിനം ശബ്ബത്ത് ആകുന്നു" എന്ന് കല്പന പറയുന്നു. ഇതിൽനിന്ന് മനസ്സിലാക്കാം അവർ വിശ്രമിച്ചത് ശനിയാഴ്ചയായിരുന്നു. തൊട്ടടുത്ത വാക്യങ്ങളിൽ പറയുന്നു, "അവർ ഒരുക്കിയ സുഗന്ധവർഗ്ഗം എടുത്തു ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം അതികാലത്തു കല്ലറെക്കൽ എത്തി, കല്ലറയിൽനിന്നു കല്ലു ഉരുട്ടിക്കളഞ്ഞതായി കണ്ടു" (ലൂക്കൊസ് 24: 1,2). വേദപുസ്തകം അനുസരിച്ച് ഒരുക്കനാളായ വെള്ളിയാഴ്ച യേശു മരിച്ചു, അതിനെ ഇന്ന് അനേകം ക്രൈസ്തവർ "ദുഃഖവെള്ളി" എന്ന് വിളിക്കുന്നു.



ശനിയാഴ്ച, ശബ്ബത്തിൽ യേശു കല്ലറയിൽ "സ്വസ്ഥ മായിരുന്നു." ആഴ്ചയുടെ ഒന്നാം ദിവസം ഞായറാഴ്ച യേശു കല്ലറയിൽനിന്നും ഉയിർത്തു.

തന്റെ രക്ഷാകര ദൗത്യം വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് അവൻ പൂർത്തീകരിച്ചു - യേശു പ്രഖ്യാപിച്ചു, "നിവൃത്തിയായി!" പിന്നെ അവൻ മരിച്ചു. അവൻ ശബ്ബത്ത് മുഴുവനും കല്ലറ യിൽ വിശ്രമിച്ചിട്ട് ഞായറാഴ്ച രാവിലെ ഉയിർത്തെഴുന്നേറ്റു. എന്തുകൊണ്ട്? നമ്മുടെ മഹാപുരോഹിതനായി ഇന്ന് തന്റെ വേല തുടരുവാനാണ് (എബ്രായർ 8:1-3).

## ഒരു വിസ്മയ സന്ദേശം

### ഏഴു ദിനക്രമം

മാസം

വർഷം

ദിവസം

വർഷത്തിന്റെ അളവുകോൽ സൂര്യനാണ്. മാസത്തിന്റേത് ചന്ദ്രനും. ദിവസമോ ഭൂമി യുടെ ഭ്രമണത്തെയും ആശ്രയിച്ചിരി ക്കുന്നു. എന്തുകൊണ്ട് സമയത്തെ ഏഴു ദിനങ്ങളുടെ ക്രമത്തിൽ അളക്കുന്നു എന്നതിന് ശാസ്ത്രീയമോ വാനശാസ്ത്ര പരമോ ആയ യാതൊരു യുക്തിയും ലഭ്യമല്ല. അത് നിങ്ങൾ വേദപുസ്തക ത്തിൽ മാത്രം കണ്ടെത്തും.

## ശബ്ബത്തിനുള്ള മറ്റൊരു കാരണം

ദൈവത്തെ സ്രഷ്ടാവായി അംഗീകരിക്കുക, ജോലിയിൽ നിന്നുള്ള വിശ്രമത്തിന്റെ അനുഗ്രഹം പ്രാപിക്കുക എന്നിവ കൂടാതെ ശബ്ബത്ത് ആസ്വദിക്കുന്നതിന് മറ്റൊരു വിസ്മയകരമായ കാരണം കൂടിയുണ്ടെന്ന് വേദപുസ്തകം പറയുന്നു. അതേ, അക്ഷരികമായി ഇരുപത്തിനാലു മണിക്കൂറുകൾ വീതമുള്ള ആറു ദിവസങ്ങൾകൊണ്ട് ദൈവം ഈ ലോകത്തെ സൃഷ്ടിച്ചു എന്നതിന്റെ അടയാളമായി ശബ്ബത്തിനെ നൽകി, എങ്കിലും ഇത് നിങ്ങളെ വീണ്ടെടുക്കവാനും ശുദ്ധീകരിക്കുവാനുമുള്ള ദൈവ ത്തിന്റെ അതുല്യശക്തിയുടെ ഒരു അടയാളം കൂടെയാണ്.

ആവർത്തനപുസ്തകം 5:12-15 വരെ നമുക്കൊന്നു നോക്കാം:

"നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ചതു പോലെ ശബ്ബത്തുനാൾ ശുദ്ധീകരിച്ചു ആചരിക്ക. ആറു ദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസമോ നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്താകുന്നു; അന്നു നീയും നിന്റെ മകനും മകളും നിന്റെ വേലക്കാരനും വേലക്കാരത്തിയും നിന്റെ കാളയും കഴുതയും നിനക്കുള്ള യാതൊരു നാല്ക്കാലിയും നിന്റെ പടിവാതിലുകൾക്കകത്തുള്ള അന്യനും ഒരു വേലയും ചെയ്യരുതു; നിന്റെ വേലക്കാരനും വേലക്കാരത്തിയും നിന്നെപ്പോലെ സ്വസ്ഥമായിരിക്കേണ്ടതിന്നു തന്നേ. *നീ മിസ്രയീം ദേശത്തു അടിമയായിരുന്നു എന്നും അവിടെ നിന്നു നിന്റെ ദൈവമായ യഹോവ നിന്നെ ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജം കൊണ്ടും പുറപ്പെടുവിച്ചു എന്നും ഓർക്ക; അതുകൊണ്ടു ശബ്ബത്തുനാൾ ആചരി പ്പാൻ നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ചു."*

നിങ്ങൾക്ക് കാണുവാൻ കഴിഞ്ഞതുപോലെ, ഈ ഖണ്ഡികയുടെ ആദ്യ ഭാഗം പുറപ്പാടു പുസ്തകത്തിൽ നൽകിയിരിക്കുന്ന നാലാം കല്പനയ്ക്കു തത്തുല്യമാണ്. എന്നാൽ മുകളിൽ നൽകിയിരിക്കുന്ന വാക്യം ശ്രദ്ധിക്കുക; ശബ്ബത്ത് അനുസരിക്കുന്നതിനായി യിസ്രായേല്യർക്ക് നൽകിയ അധികമായ ഒരു പ്രമാണം ആണത്: കാരണം ദൈവം അവരെ മിസ്രയീമിലെ അടിമത്തത്തിൽനിന്ന് രക്ഷിച്ചു.



അപ്രകാരം, ഒരിക്കൽ ദൈവം യിസ്രായേൽമക്കളെ കൈപിടിച്ചു നടത്തിയതുപോലെ - പാപത്തിന്റെ അടിമത്തത്തിൽനിന്നും നമ്മെ രക്ഷിച്ചിരിക്കുന്നവനായ യേശുക്രിസ്തുവിൽ നമ്മുടെ രക്ഷയ്ക്കായുള്ള ഒരു സ്മാരകമാണ് ശബ്ബത്ത്. ദൈവം തന്റെ ജനത്തെ വിശുദ്ധരാക്കിയതുപോലെ തന്നെ യേശു തന്റെ അനുഗാമികളെ വിശുദ്ധീകരിക്കുന്നു; അബ്രഹാമിന്റെ കുടുംബത്തിലേക്ക് നമ്മെ ഒട്ടിച്ചു ചേർക്കുകയും ചെയ്തിരിക്കുന്നു, മാത്രമല്ല ക്രിസ്തുവിന്റെ നിർമ്മലമായ നീതീകരണത്തിന്റെ പങ്കാളികളുമാണ്. യേശു പറഞ്ഞു, "ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെ മേൽ ഉണ്ടു; *ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു" (ലൂക്കൊസ് 4:18). ഇത് മഹത്തായ ഒരു വാർത്തയല്ലേ?*

മനുഷ്യനെ സൃഷ്ടിച്ച ദൈവം പ്രപഞ്ചചരാചരങ്ങളേയും തന്റെ വചനത്താൽ സൃഷ്ടിച്ചു. നമുക്ക് ദൈവത്തിങ്കലേക്ക് വരുവാനും യഥാസ്ഥാനപ്പെടുവാനും കഴിയുമെന്നതിന് ആഴ്ചതോറുമുള്ള ഒരു ഓർമ്മപ്പെടുത്തലാണ് ശബ്ബത്ത്. മത്തായി 11:28–30 വരെ വാക്യങ്ങളിൽ യേശു ഇങ്ങനെ പറയുന്നു, "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൌമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു." യേശുവിലാണ് ആത്യന്തികമായ വിശ്രമം, അതുകൊണ്ട് സാത്താന്റെ കെണികളിൽനിന്ന് നിങ്ങളെ അവൻ വിടുവിച്ചുവെന്ന് ഓർമ്മിക്കുന്നതിനുള്ള ഒരു വിശേഷ അവസരമാണ് ഓരോ ശബ്ബത്തും. പാപത്തിന്റെ കുറ്റബോധത്തിൽ നിന്നു മാത്രമല്ല ഇപ്പോഴും നിങ്ങളിലുള്ള പാപവും കഴുകപ്പെടുന്നു.

എത്ര മനോഹരമായ വാഗ്ദാനം! തീർച്ചയായും, ഈ വാഗ്ദാനം തിന്മ നിറഞ്ഞ ഹൃദയത്തെ രൂപാന്തരപ്പെടുത്തുമെന്ന് തിരുവചനം പറയുന്നു, "സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ" (എഫെസ്യർ 4:24). യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലം നീതീകരിക്കപ്പെട്ട വിശ്വാസിയുടെ ശക്തമായ തിരിച്ചറിവിന്റെ അടയാളമാണ് ക്രിസ്തുവിലുള്ള പുതുജീവിതം.

ദൈവത്തിന് നിങ്ങളെ സ്വീകരിക്കുവാനും, ജീവിതത്തിലെ എല്ലാ മേഖലകളിലും നിങ്ങളെ പൂർണ്ണമായും ശുദ്ധീകരിക്കുവാനുമാകും. നിങ്ങൾ വീണ്ടും ജനിച്ചവരാണ്. അവന്റെ ശക്തിയിൽ പൂർണ്ണവിശ്വാസം അർപ്പിക്കുമെങ്കിൽ നിങ്ങളുടെ ജീവിതം നേർവഴിക്ക് നയിക്കുവാൻ അവൻ ഒരുക്കമാണ്.

ഭൗതിക സൃഷ്ടിക്കുമപ്പുറത്തേക്ക് ചൂണ്ടി ദൈവം പറയുന്നു, "ഞാൻ അവരെ വിശുദ്ധീകരിക്കുന്ന യഹോവ എന്നു അവർ അറിയേണ്ടതിന്നു എനിക്കും അവർക്കും ഇടയിൽ അടയാളമായിരിപ്പാൻ തക്കവണ്ണം എന്റെ ശബ്ബത്തുകളെയും ഞാൻ അവർക്കു കൊടുത്തു" (യെഹെ. 20:12). വിശുദ്ധ ശബ്ബത്ത് തന്റെ വിശുദ്ധീകരിക്കപ്പെട്ട ജനത്തിന്റെ അടയാളമായിരുന്നു. വീണ്ടും ജനനത്തിലൂടെ ഒരു ഒരു പ്രത്യേക ഉദ്ദേശത്തിന് മനുഷ്യരെ വിനിയോഗിക്കുവാൻ ദൈവത്തിനു കഴിയുമെന്നതിന്റെ ആഴ്ചതോറുമുള്ള ഒരു ഓർമ്മപ്പെടുത്തലായി ശബ്ബത്ത് നിലകൊള്ളുന്നു.

വേദപുസ്തകം പറയുന്നു, "ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമർ 12:2). ദൈവകൃപയെയും നമ്മെ പുതിയ മനുഷ്യരായി രൂപാന്തരപ്പെടുത്തുവാനുള്ള തന്റെ ശക്തിയെയും സംബന്ധിച്ച് മറക്കാതെ ലോകത്തിന്റെ മോഹങ്ങളിൽനിന്നും തക്കസമയത്ത് അകന്നു ജീവിക്കുവാൻ ഓരോ ശബ്ബത്തും ഒരവസരമാണ്. ഇതിലധികം മികച്ചതായി മറ്റെന്തുണ്ട്?



# ആഴ്ചയിലെ ദിവസങ്ങൾ

## പേരുകളും സംഖ്യകളും

പഴയനിയമ കാലത്ത് യെഹൂദന്മാർ അവരുടെ ആഴ്ചയിലെ ദിവസങ്ങൾക്ക് പേരിനു പകരം, ഒന്നു മുതൽ ശബ്ബത്ത് വരെയുള്ള ഏഴു ദിവസങ്ങൾക്ക് അക്കങ്ങളാണ് നൽകിയത്. ശബ്ബത്ത് കൂടാതെ ആറാം ദിനത്തിനും അവർ ചിലപ്പോൾ ഒരു പേരു വിളിച്ചിരുന്നു, "ഒരുക്കനാൾ".

എന്നാൽ ആഴ്ചയിലെ ദിവസങ്ങളുടെ ഇംഗ്ലീഷ് പേരുകൾ എങ്ങനെ ഉണ്ടായി? അവ റോമൻ, ജർമൻ, നോർവീജിയൻ ദേവന്മാരുടെ പേരുകളിൽനിന്നും ഉരുത്തിരിഞ്ഞു വന്നതാണ്.

1

### സൺഡേ

റോമരിൽനിന്നും ഉണ്ടായ "സൂര്യന്റെ ദിനം". പല പ്രാകൃത സംസ്ക്കാരങ്ങളും സൂര്യനെ ദേവനായി ആരാധിച്ചിരുന്നു.

2

### മൺഡേ

ആംഗ്ലോ സാക്സൺസ് (ആദിമ ബ്രിട്ടീഷുകാർ) ഉണ്ടാക്കിയ "ചാന്ദ്ര ദിനം".

3

### റ്റ്യൂസ്ഡേ

ജർമ്മൻ യുദ്ധ ദേവനായ റ്റിയുവിൽനിന്നാണ് ഈ പേര് ഉണ്ടായത്.

4

### വെനസ്ഡേ

"വോഡന്റെ" ദിവസമാണ്. നോർവ്വേക്കാരുടെ വേട്ട ദേവനായ ഓഡിനിന്റെ മറ്റൊരു പേരാണ് വോഡൻ.

5

### തേഴ്സ്ഡേ

"തോറിന്റെ ദിനം". ഇടിവെട്ടിന്റെയും മിന്നലിന്റെയും നോർവ്വീജിയൻ ദേവൻ.

6

### ഫ്രൈഡേ

"ഫ്രേയയുടെ" ദിവസമാണ്. സ്നേഹം, വിവാഹം, പുഷ്കലത്വം (സന്താനോല്പാദനം) എന്നിവയുടെ നോർവീജിയൻ ദേവി.

7

### സാറ്റർഡേ

സമ്പത്തിന്റെ റോമൻ ദേവനായ "ശനിയുടെ" ദിവസം.







നമ്മുടെ ലോകം ഇത്രയും മോശമായി കുഴഞ്ഞുമറിഞ്ഞതെങ്ങനെ? എന്തുകൊണ്ടാണ് കഷ്ടതയുണ്ടായിരിക്കുന്നത്? ദുഷ്ടത എവിടെനിന്നു വന്നു? അത് എപ്പോഴെങ്കിലും അവസാനിക്കുമോ?

ചിന്തിപ്പിക്കുന്ന എല്ലാവരേയും ഇതുപോലുള്ള ചോദ്യങ്ങൾ വിഷമിപ്പിക്കുന്നുണ്ട്. അതിനു ശാസ്ത്രത്തിനുത്തരമില്ല, തത്വശാസ്ത്രത്തിലെ ഉത്തരങ്ങൾ തമ്മിൽ ഖണ്ഡിക്കുന്നു. നമുക്കു സത്യം എവിടെ കണ്ടെത്താം?

പരീക്ഷണഘട്ടങ്ങളിൽ പ്രശ്നപരിഹാരവും സാരോപദേശവുമായി സത്യവേദപുസ്തകം നിലകൊള്ളുന്നു. മറഞ്ഞിരിക്കുന്ന ചരിത്ര സത്യങ്ങൾ തിരുവചനത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കുവാൻ ഈ ഗ്രന്ഥം നമ്മെ സഹായിക്കുന്നു. തിന്മയുടെ ആരംഭവും ദൈവം അതിനെ നേരിട്ട വിധവും ആസന്നഭാവിയിൽ അതിനെ പൂർണ്ണമായും നിഷ്കാസനം ചെയ്യുന്ന അവിടുത്തെ പദ്ധതിയും സവിസ്തരം ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

ഈ പുസ്തകം തീർച്ചയായും നിങ്ങളെ പ്രത്യാശയിലേക്ക് കൈപിടിച്ച് നടത്തുന്നതിന് ഇടയാക്കട്ടെ...

**പുസ്തകത്തിന്റെ വില ₹50/-**

# MISSIONARY BOOK OF THE YEAR 2017

**ഈ പുസ്തകം ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാണ്**

കൂടുതൽ വിവരങ്ങൾക്ക്:
Ph: (O) 0487 2440341, 43, 9495955082, 9446228376 e-mail: swiusda5@gmail.com, soeytom@gmail.com

ഭാഗം 2

# ശബ്ബത്തിന്റെ ചരിത്രം

ഒരു വിഷയം അതിന്റെ പശ്ചാത്തലമറിഞ്ഞ് വ്യക്തമായി മനസ്സിലാക്കുന്നതിന് ആരംഭത്തിലേക്കു ചെന്ന് ആ വിഷയത്തിന്റെ അടിത്തറ അറിയുകയാണ് വേണ്ടത്. അതുകൊണ്ട് നമ്മൾ പിന്നോട്ടു ചെന്ന് ശബ്ബത്തിന്റെ ഉത്ഭവം മനസ്സിലാക്കുവാൻ പോകുകയാണ്.

വേദപുസ്തകം പറയുന്നു, “ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു” (ഉല്പത്തി 1:1). ഈ സൃഷ്ടിയുടെ പ്രവൃത്തി ആറു ദിവസം കൊണ്ട് സംഭവിച്ചു.



**ഒന്നാം ദിവസം:** ദൈവം വെളിച്ചം ഉണ്ടാക്കി അതിനെ ഇരുട്ടിൽനിന്നും വേർതിരിച്ചു. താൻ വെളിച്ചത്തെ “പകൽ” എന്നും ഇരുളിനെ “രാത്രി” എന്നും വിളിച്ചു (ഉല്പത്തി 1:3–5).



**രണ്ടാം ദിവസം:** ദൈവം വെള്ളങ്ങളുടെ മദ്ധ്യേ ഒരു “വിതാനം” ഉണ്ടാക്കി മുകളിലെയും താഴത്തെയും വെള്ളത്തെ തമ്മിൽ വേർതിരിച്ചു. ദൈവം വിതാനത്തിന് “ആകാശം” എന്നുപേരിട്ടു. അതാണ് നമ്മുടെ അന്തരീക്ഷം (ഉല്പത്തി 1:6–8).



**മൂന്നാം ദിവസം:** ദൈവം “ഉണങ്ങിയ നിലം” ഉണ്ടാക്കി. അതിനെ “ഭൂമി” എന്നു വിളിച്ചു. വെള്ളങ്ങളെ “സമുദ്രം” എന്നും വിളിച്ചു. ദൈവം സസ്യജാലങ്ങളെയും വൃക്ഷലതാദികളെയും ഉണ്ടാക്കി (ഉല്പത്തി 1:9–13).



**നാലാം ദിവസം:** ദൈവം സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും സൃഷ്ടിച്ചു. അവ “അടയാളങ്ങൾക്കും, കാലങ്ങൾക്കും, ദിവസങ്ങൾക്കും, വർഷങ്ങൾക്കും” വേണ്ടിയായിരുന്നു... (ഉല്പത്തി 1:14–19).



**അഞ്ചാം ദിവസം:** മത്സ്യം, തിമിംഗലങ്ങൾ ഉൾപ്പെടെ ജലജന്തുക്കളെയും പറവജാതികളെയും സൃഷ്ടിച്ചുകൊണ്ട് ദൈവം ഭൂമിയെ ജീവജാലങ്ങളെക്കൊണ്ട് നിറയ്ക്കുവാൻ തുടങ്ങി (ഉല്പത്തി 1:20–23).



**ആറാം ദിവസം:** ദൈവം കരയിൽ ജീവിക്കുന്ന ജന്തുക്കളെയും, മൃഗങ്ങളെയും “കന്നുകാലികളെയും ഇഴജാതികളെയും കാട്ടുമൃഗങ്ങളെയും ഉണ്ടാക്കി” (ഉല്പത്തി 1:24,25).

ഏറ്റവും ഒടുവിൽ, ദൈവം മനുഷ്യനെ, ആദാമിനെയും ഹവ്വയെയും, പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. “ദൈവം അവരെ അനുഗ്രഹിച്ചു: നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകല ഭൂചരജന്തുവിന്മേലും വാഴുവിൻ എന്നു അവരോടു കല്പിച്ചു” (ഉല്പത്തി 1:26–31).

ഏറ്റവും ചെറിയ അണു മുതൽ ഭീമാകാരമായ സൂര്യൻ വരെ, ദിവസത്തിന് 24 മണിക്കൂർ വീതമുള്ള ആറു ദിവസം കൊണ്ട് ദൈവം സൃഷ്ടിച്ചു. അത് തികച്ചും ആശ്ചര്യകരവും അദ്ഭുതകരവുമായ ഒരു വേലയായിരുന്നു. ഉണരുന്ന സമയം മുതൽ കിടക്കയിലേക്ക് പോകുന്നതുവരെ എന്നും അതിന്റെ മഹത്വം അനുഭവവേദ്യമാകുന്നു.

## ശബ്ബത്തിന്റെ സൃഷ്ടി

എന്നാൽ ദൈവം നമ്മുടെ ഭൂമിയെ സജ്ജമാക്കുന്നത് അപ്പോഴും പൂർത്തീകരിച്ചിരുന്നില്ല. ദൈവം ചെയ്യുവാനാഗ്രഹിച്ച ഒരു കാര്യം കൂടി ഉണ്ടായിരുന്നു. ഇങ്ങനെയാണ് അതിനെക്കുറിച്ച് വേദപുസ്തകം പറയുന്നത്:

> “ഇങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള ചരാചരങ്ങളൊക്കെയും തികഞ്ഞു. താൻ ചെയ്ത പ്രവൃത്തി ഒക്കെയും ദൈവം തീർത്ത ശേഷം താൻ ചെയ്ത സകല പ്രവൃത്തിയിൽനിന്നും ഏഴാം ദിവസം നിവൃത്തനായി താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽനിന്നും അന്നു നിവൃത്തനായതുകൊണ്ടു ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു” (ഉല്പത്തി 2:1–3).

സൃഷ്ടിയുടെ സമയത്ത് ഭൂമി നിർമ്മിച്ചപ്പോൾത്തന്നെ ദൈവം ശബ്ബത്തും നല്കി. ദൈവം ശബ്ബത്തിൽ വിശ്രമിക്കുകയും അതിനെ അനുഗ്രഹിച്ച് വിശുദ്ധീകരിച്ച് ഒരു വിശുദ്ധ ഉപയോഗത്തിനായി മാറ്റിവെയ്ക്കുകയും ചെയ്തു.





**വെബ്സ്റ്റേഴ്സ് നിഘണ്ടു വിശുദ്ധീകരിക്കുക എന്ന വാക്കിനെ"വിശുദ്ധ ആവശ്യത്തിനോ മതപരമായ ഉപയോഗത്തിനോ ആയി മാറ്റി വെയ്ക്കുക" എന്നാണ് നിർവ്വചിക്കുന്നത്.**

നേരത്തേ പറഞ്ഞതുപോലെ, ദൈവം വിശ്രമിച്ചത് ക്ഷീണം മാറ്റുവാനായിരുന്നില്ല. ഇക്കാര്യത്തിൽ, ജോലി ചെയ്യുന്നതിൽനിന്ന് വിട്ടു നിൽക്കുക എന്നാണ് "വിശ്രമം" കൊണ്ട് അർത്ഥമാക്കുന്നത്. അങ്ങനെ ദൈവം സൃഷ്ടിപ്പിൻ വേല തീർത്തു. എന്തായാലും, ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചതിലൂടെ ദൈവം ശബ്ബത്തിലേക്ക് വളരെ സവിശേഷ ശ്രദ്ധ ക്ഷണിക്കുകയായിരുന്നു.



# നിങ്ങൾക്ക് അറിയാമോ?

## പെട്ടകവും ശബ്ബത്തും

പർവ്വതത്തിൽവെച്ചു കാണിച്ചു കൊടുത്ത "മാതൃക" പ്രകാരം ഒരു ആലയവും അതിന്റെ എല്ലാ ഉപകരണങ്ങളും ഒരു "പെട്ടക"വും - ഒരു പ്രത്യേക പേടകം - ഉണ്ടാക്കുവാൻ ദൈവം മോശെയോടു കല്പിച്ചു (പുറ. 25:9,40). ഈ പെട്ടകം "നിയമപെട്ടകം" എന്നും (ആവ. 10:8; എബ്രാ. 9:4), "സാക്ഷ്യപ്പെട്ടകം" എന്നും (പുറ. 25:22), വിളിക്കപ്പെട്ടിരുന്നു, കാരണം ദൈവം ശബ്ബത്ത് ഉൾപ്പെടെയുള്ള തന്റെ കല്പനകൾ എഴുതിയ രണ്ടു കല്പലകകൾ (പുറ. 25:16, 31:18) മോശെ അതിനുള്ളിൽ വെച്ചിരുന്നു. "മോശെയുടെ കല്പന" പെട്ടകത്തിനരികെ വെച്ചപ്പോൾ പത്തു കല്പനകൾ പെട്ടകത്തിന്റെ ഉള്ളിൽ വെച്ചത് ശബ്ബത്ത് ഉൾപ്പെടെയുള്ള ദൈവത്തിന്റെ പത്തുകല്പനകൾ മാറ്റമില്ലാത്തതാണെന്ന് കാണിക്കുന്നതിനാണ്.

## യിസ്രായേലിലെ ശബ്ബത്ത്

പുറപ്പാടിനു മുമ്പുള്ള ശബ്ബത്ത് അനുസരണത്തെപ്പറ്റി നാം കുറച്ചുമാത്രം അറിയുമ്പോൾ, അബ്രാഹാമിലൂടെ യെഹൂദാരാഷ്ട്രം രൂപംകൊള്ളുന്നതിനും വളരെ മുമ്പേ, ശബ്ബത്ത് അനുസരണം തന്റെ ജനത്തിന്റെ പതിവായിരിക്കണമെന്ന് ദൈവം ആഗ്രഹിച്ചിരുന്നു എന്നതിന് ശക്തമായ തെളിവു നൽകിക്കൊണ്ട്, രചയിതാവായ മോശെ ഉല്പത്തി രണ്ടാം അദ്ധ്യായത്തിൽ ഏഴാം ദിനത്തിന്റെ പരിശുദ്ധിയെ ഉറപ്പായി അംഗീകരിച്ചിരിക്കുകയാണ്.

ശബ്ബത്തിനെക്കുറിച്ച് സുവ്യക്തമായി പരാമർശിക്കുന്നില്ലെങ്കിലും ഉല്പത്തി 26:5 പറയുന്നത് അബ്രാഹാം ദൈവത്തിന്റെ നിയോഗവും കല്പനകളും ചട്ടങ്ങളും പ്രമാണങ്ങളും അനുസരിച്ചിരുന്നു എന്നാണ്. സൃഷ്ടിപ്പിലെ ശബ്ബത്ത് ഇതിന്റെ ഒരു ഭാഗമായിരിന്നു എന്ന് വേദപണ്ഡിതന്മാർ നന്നായി മനസ്സിലാക്കിയിരുന്നു. ശബ്ബത്ത് യെഹൂദന്മാർ ക്കുവേണ്ടി മാത്രമല്ല സകല മനുഷ്യർക്കുമാണെന്ന് യേശു പഠിപ്പിച്ചു (മർക്കൊസ് 2:27).

**7**

### സത്യദൈവത്തിന്റെ അടയാളം

യെഹൂദന്മാർക്ക്, ശബ്ബത്ത് സത്യദൈവത്തിന്റെ അടയാളമായിരുന്നു, അതിനാൽ വ്യാജദേവന്മാരിൽ നിന്നും നാം അവനെ അറിയും (യെഹെ. 20:20)

ദൈവജനത്തിന്, ശബ്ബത്ത് ശരിക്കും ദൈവത്തോട് ഭക്തിയും ആഴവുമുള്ള ഒരു സമർപ്പണമായിരുന്നു. പത്തു കല്പനകൾ ഉരചെയ്യുകയോ അഥവാ ദൈവകരത്താൽ എഴുതപ്പെടുകയോ ചെയ്യുന്നതിനും മുമ്പേ തന്നെ, ഏഴാം ദിനം മന്നാ ശേഖരിക്കാതിരുന്നതിലൂടെ ശബ്ബത്തിനെക്കുറിച്ചുള്ള തങ്ങളുടെ അറിവ് യെഹൂദന്മാർ വെളിപ്പെടുത്തി (പുറപ്പാട് 16:22-30). ഇത് സീനായ് മലയിൽ പത്തു കല്പനകൾ സ്വീകരിക്കുവാനെത്തുന്നതിനും മുമ്പേ ആയിരുന്നു എന്നത് ശ്രദ്ധേയമാണ്.



### പത്തു കല്പനകൾ

ശബ്ബത്ത് നാലാമത്തെ കല്പനയിലാണ് കാണപ്പെടുന്നത്. പുറപ്പാടിനുശേഷം ഈ കല്പന ഔദ്യോഗികമായി എബ്രായ സംസ്ക്കാരത്തിൽ ഭാഗമായിത്തീർന്നു. മിസ്രയീമിലെ അടിമത്തത്തിൽനിന്ന് വിടുവിക്കപ്പെടുന്നതിനു മുമ്പേ തന്നെ

യിസ്രായേൽ ജനങ്ങൾക്ക് ദൈവിക നിയമത്തെ ക്കുറിച്ച് അറിവുണ്ടായിരുന്നു എന്ന് തിരുവചന ത്തിലെ സാക്ഷ്യം സൂചിപ്പിക്കുന്നു. ഒരു പക്ഷേ, അതുകൊണ്ടാവും മറ്റെല്ലാ കല്പനകളിലും വെച്ച് ഈ ഒരു കല്പനമാത്രം "ഓർക്ക" എന്ന പദത്തോടെ ആരംഭിക്കുന്നത്.

മിസ്രയീമിലെ അവരുടെ അടിമത്തത്തിന്റെയും കഠിനവേലയുടെയും കാലത്ത്, യിസ്രായേല്യർ പ്രാചീന ജാതീയ ദേവന്മാരാൽ വലയം ചെയ്യപ്പെടുകയും അവർ ക്രമേണ ശബ്ബത്ത് അനുസരിക്കുന്നത് പരസ്യമായി അവഗണിക്കുകയും ചെയ്തു. ഇതുകൊണ്ടാണ് മോശെയും അഹരോനും



## ഒരു വിസ്മയ സത്യം

### ദൈവത്തിന്റെ ശബ്ദം



പത്തു കല്പനകൾ എല്ലാം ആയിരുന്നതു പോലെതന്നെ, ഏഴാം ദിന ശബ്ബത്ത് ദൈവത്തിന്റെ ശബ്ദത്താൽ അരുളിച്ചെയ്തതായിരുന്നു (ആവ. 4:12,13).

യിസ്രായേല്യരുടെ മൂപ്പന്മാരുമായി ബന്ധപ്പെട്ടശേഷം മാത്രം മിസ്രയീമിലെ രാജാവിന്റെ മുമ്പാകെ ഹാജരായത്. ദൈവം അവർക്കുവേണ്ടി അതിശക്തമായി പ്രവർത്തിക്കുവാൻ പോകുകയാണെന്ന് അവർ ഈ മൂപ്പന്മാരോട് പറഞ്ഞു, എന്നാൽ ആദ്യം ജനം തന്നെത്താൻ ദൈവത്തിനായി സമർപ്പിക്കപ്പെടണം. സ്വാഭാവികമായും അതിൽശബ്ബത്ത് അനുസരണവും ഉൾപ്പെട്ടിരുന്നു.

ഇത് യഥാർത്ഥത്തിൽ ഫറവോന്റെ എതിർപ്പുകൾക്ക് കാരണമായി. "ദേശത്തു ജനം ഇപ്പോൾ വളരെ ആകുന്നു; നിങ്ങൾ അവരെ അവരുടെ ഊഴിയവേല മിനക്കെടുത്തുന്നു" ("ശബ്ബത്ത് അനുസരിക്കുന്നു" എന്ന് വിവക്ഷ) (പുറപ്പാട് 5:5).



പിന്നീട്, പുറപ്പാട് 31 : 12-17 വരെയുള്ള വാക്യങ്ങളിൽ ശബ്ബത്ത് ദൈവത്തിനും തന്റെ ജനത്തിനും മദ്ധ്യേയുള്ള ഒരു ശാശ്വത അടയാളമായിരിക്കുമെന്നു പറയുന്നു. ശബ്ബത്ത് ലംഘിക്കുന്നതിന് ഒരു മനുഷ്യന് നേരിടേണ്ടി വരുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും ഈ വേദഭാഗം വിശദമാക്കുന്നു.

> "നിങ്ങൾ എന്റെ ശബ്ബത്തുകളെ ആചരിക്കേണം. ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവയാകുന്നു എന്നു അറിയേണ്ടതിന്നു അതു തലമുറതലമുറയായി എനിക്കും നിങ്ങൾക്കും മദ്ധ്യേ ഒരു അടയാളം ആകുന്നു. അതുകൊണ്ടു നിങ്ങൾ ശബ്ബത്ത് ആചരിക്കേണം; അതു നിങ്ങൾക്കു വിശുദ്ധം ആകുന്നു. അതിനെ അശുദ്ധമാക്കുന്നവൻ മരണശിക്ഷ അനുഭവിക്കേണം. ആരെങ്കിലും അന്നു വേല ചെയ്താൽ അവനെ അവന്റെ ജനത്തിന്റെ ഇടയിൽനിന്നു ഛേദിച്ചു കളയേണം. ആറു ദിവസം വേല ചെയ്യേണം; എന്നാൽ ഏഴാം ദിവസം സ്വസ്ഥമായുള്ള ശബ്ബത്തായി യഹോവെക്കു വിശുദ്ധം ആകുന്നു; ആരെങ്കിലും ശബ്ബത്ത് നാളിൽ വേല ചെയ്താൽ അവൻ മരണശിക്ഷ അനുഭവിക്കണം. ആകയാൽ യിസ്രയേൽ മക്കൾ തലമുറതലമുറയായി ശബ്ബത്തിനെ നിത്യനിയമമായിട്ടു ആചരിക്കേണ്ടതിന്നു ശബ്ബത്തിനെ പ്രമാണിക്കേണം. അതു എനിക്കും യിസ്രായേൽ മക്കൾക്കും മദ്ധ്യേ എന്നേക്കും ഒരു അടയാളം ആകുന്നു; ആറു ദിവസം കൊണ്ടല്ലോ യഹോവ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയതു; ഏഴാം ദിവസം അവൻ സ്വസ്ഥമായിരുന്നു വിശ്രമിച്ചു."

ദൈവത്തിന്റെ വിശുദ്ധദിവസം ലംഘിച്ചാൽ മരണശിക്ഷ എന്നത് അസാധാരണമായി തോന്നുമ്പോൾ, അടിമത്തത്തിൽ നിന്നും യെഹൂദാ ജനങ്ങളെ തികച്ചും അദ്ഭുതകരമായി മോചിപ്പിച്ചു എന്ന കാര്യം വിസ്മരിക്കരുത്. മരുഭൂയാത്ര മുതൽ എല്ലാ ദിവസവും, അവരെ നയിച്ച അഗ്നിസ്തംഭത്തിലെ ദൈവസാന്നിദ്ധ്യത്തിന് അവർ സാക്ഷ്യം വഹിച്ചിരുന്നു.

ഈ ഭൂമിയെ ദൈവം സൃഷ്ടിച്ചതുകൊണ്ട് അതിന്മേൽ വാഴുവാനുള്ള തന്റെ മൗലികവും സ്വാഭാവികവുമായ അവകാശത്തെ വ്യക്തമായി പ്രകടമാക്കുന്നതാണ് ശബ്ബത്ത്. അതുകൊണ്ട്, ശബ്ബത്തിനെ അവഗണിക്കുന്നത് ദൈവ സ്നേഹത്തെയും തന്റെ ജനത്തിന്റെ വിടുതലിനെയും പരിഹസിക്കുന്ന അതിധിക്കാരപരമായ ഒരു പ്രവൃത്തിയായിരുന്നു.

ശബ്ബത്ത് കല്പന ഏറ്റവും ചെറിയ വേലക്കാരനോടും അടിമയോടു പോലും ദൈവത്തിനുള്ള സ്നേഹവും ആർദ്രതയും വെളിവാക്കുന്നു എന്നത് ഒരിക്കലും വിസ്മരിക്കരുത്. എന്നാൽ, ശബ്ബത്ത് ലംഘനം എന്ന അനുസരണക്കേട് ദൈവസ്വഭാവത്തോടും തന്റെ ഭരണത്തോടും വിലകുറച്ചു കാണിക്കുന്ന ഒരു തുറന്ന പോരാട്ടമായിരുന്നു.

## എല്ലാവർക്കും ഒരു ശബ്ബത്ത്

യിസ്രായേലിന്റെ ചരിത്രത്തിലുടനീളം, ദൈവം സകല മനുഷ്യരെയും തന്റെ വിശുദ്ധ ദിവസം ഓർമ്മിക്കുന്നതിന് ക്ഷണിച്ചിരുന്നുവെന്നത് നിങ്ങൾക്കറിയാമോ? ദൈവജനം ശബ്ബത്ത് വിസ്മരിച്ച് അതിനെ എപ്രകാരം മലിനമാക്കിയെന്ന് യെശയ്യാ പ്രവാചകൻ പലപ്പോഴായി തന്റെ പുസ്തകത്തിൽ എഴുതിയിട്ടുണ്ട് (യെശയ്യാവു 1:13). അദ്ദേഹം ഇതിനുപുറമേ എഴുതുന്നു, “ശബ്ബത്തിനെ അശുദ്ധമാക്കാതെ പ്രമാണിച്ചു ദോഷം ചെയ്യാതവണ്ണം തന്റെ കൈ സൂക്ഷിച്ചും കൊണ്ടു ഇതു ചെയ്യുന്ന മർത്യനും ഇതു മുറുകെ പിടിക്കുന്ന മനുഷ്യനും ഭാഗ്യവാൻ” (യെശയ്യാവ് 56:2). ദൈവദൃഷ്ടിയിൽ ശബ്ബത്ത് അനുസരിക്കുന്നത് വളരെ പ്രധാനമാണ്. ശബ്ബത്ത് അനുസരിക്കാതിരുന്ന യജമാനന്മാരേക്കാൾ ശ്രേഷ്ഠമായ നാമം വിശ്വസ്തരായി ശബ്ബത്ത് അനുസരിച്ച ഏറ്റവും താഴെക്കിടയിലുള്ള അടിമകൾക്കാണ്. അവരെ ദൈവത്തിന്റെ ജനം എന്ന് സ്വയം വിളിക്കുന്നവരേക്കാൾ അനുഗ്രഹിക്കപ്പെട്ടവരായിട്ടാണ് ഗണിക്കുന്നത്.

> “എന്റെ ശബ്ബത്തു ആചരിക്കയും എനിക്കു ഇഷ്ടമുള്ളതു തിരഞ്ഞെടുക്കയും എന്റെ നിയമം പ്രമാണിക്കയും ചെയ്യുന്ന ഷണ്ഡൻമാരോടു യഹോവയായ ഞാൻ ഇപ്രകാരം പറയുന്നു: ഞാൻ അവർക്കു എന്റെ ആലയത്തിലും എന്റെ മതിലകങ്ങളിലും പുത്രീപുത്രന്മാരെക്കാൾ വിശേഷമായോരു ജ്ഞാപകവും നാമവും കൊടുക്കും; ഛേദിക്കപ്പെടാത്ത ഒരു ശാശ്വത നാമം തന്നേ ഞാൻ അവർക്കു കൊടുക്കും” (യെശ. 56:4,5).

യെശയ്യാവു 56: 6, 7 എന്നീ തൊട്ടടുത്ത വാക്യങ്ങളിൽ യെഹൂദന്മാർ അല്ലാത്തവരെക്കൂടി ദൈവം ശബ്ബത്തിന്റെ അനുഗ്രഹങ്ങൾ സ്വീകരിക്കുവാൻ വിളിക്കുന്നത് കാണാം. തിരുവചനം എപ്രകാരമാണ് ശബ്ബത്തിനെ“സ്നേഹം”, “സന്തോഷം” എന്നിവയുടെ പ്രതീകമായി കാണുന്നതെന്ന് പ്രത്യേകം ശ്രദ്ധിക്കുക.

> “യഹോവയെ സേവിച്ചു, അവന്റെ നാമത്തെ സ്നേഹിച്ചു അവന്റെ ദാസന്മാരായിരിക്കേണ്ടതിന്നു യഹോവയോടു ചേർന്നുവരുന്ന അന്യജാതിക്കാരെ, ശബ്ബത്തിനെ അശുദ്ധമാക്കാതെ ആചരിക്കയും എന്റെ നിയമം പ്രമാണിച്ചു നടക്കയും ചെയ്യുന്നവരെ ഒക്കെയും തന്നേ, ഞാൻ എന്റെ വിശുദ്ധ പർവ്വതത്തിലേക്കു കൊണ്ടുവന്നു, എന്റെ പ്രാർത്ഥനാലയത്തിൽ അവരെ സന്തോഷിപ്പിക്കും.”

## ശബ്ബത്ത് നിയന്ത്രണങ്ങൾ

ശബ്ബത്ത് കല്പന മുഖ്യമായി പതിവു ജോലികൾ വിലക്കുന്നു, പ്രിയപ്പെട്ടവരും സഹവിശ്വാസികളുമായി വിശ്രമത്തിലൂടെ ദൈവാരാധനയിൽ സമയം ചിലവഴിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു. തിരുവചനത്തിൽ നിയന്ത്രിക്കപ്പെട്ടിട്ടുള്ള പ്രത്യേക പ്രവൃത്തി ശബ്ബത്തിൽ തീ കത്തിക്കുന്നതാണ് (പുറ. 35:2,3). തീർച്ചയായും യെഹൂദന്മാർക്ക് തീ കത്തിക്കുന്നത് അനുവദിക്കപ്പെട്ടിരുന്നു, എന്നാൽ വിറകു ശേഖരിക്കുന്ന കഠിനാദ്ധ്വാനപ്രവൃത്തിയും തീ കത്തിക്കുന്നതും സൂര്യാസ്തമനത്തിനുമുമ്പേ പൂർത്തീകരിക്കണമായിരുന്നു. നെഹെമ്യാവു 10:31-ൽ, ശബ്ബത്തിൽ വാങ്ങുകയും വില്ക്കുകയും ചെയ്യുന്ന പ്രവൃത്തി വിലക്കപ്പെട്ടിരുന്നു. യിരെമ്യാവു 17:21,22-ൽ, ഒരു ഭവനത്തിൽനിന്നോ പട്ടണവാതിലിൽനിന്നോ ശബ്ബത്തിൽ ഒരു ചുമടു വഹിക്കുന്ന പ്രവൃത്തി വിഹിതമല്ലാത്തതായി കരുതപ്പെട്ടിരുന്നു എന്നു കാണാം. നൂറ്റാണ്ടുകളായി, യെഹൂദാ പ്രമാണിമാർ ശബ്ബത്തനുസരണത്തിന്മേൽ വലിയ ഭാരം കൂട്ടിച്ചേർത്തു.



## ഒരു വിസ്മയ സത്യം



### വിജാതീയനുള്ള അനുഗ്രഹങ്ങൾ

ശബ്ബത്ത് അനുസരിക്കുന്ന എല്ലാ അന്യജാതിക്കാർക്കും ഒരു പ്രത്യേക അനുഗ്രഹം ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു. യെശെയ്യാവു 56:6,7, ക്രിസ്തീയ കാലഘട്ടത്തെ പരാമർശിക്കുന്നു.

യിസ്രായേലിന്റെ ചരിത്രത്തിലുടനീളം ശബ്ബത്തിനെക്കുറിച്ച് ദൈവത്തിന്റെ പ്രത്യേക ശ്രദ്ധ തിങ്ങി നിറഞ്ഞുനിൽക്കുകയാണ്. സ്നേഹാദരവോടെ അത് അനുസരിച്ചവർക്കുമേൽ ധാരാളം അനുഗ്രഹങ്ങളും ഒപ്പം അനുസരണക്കേടു കാണിച്ചവർക്ക് ദോഷകരമായ പരിണതഫലങ്ങളും നൽകുന്നതായി കാണാം.

> "നീ എന്റെ വിശുദ്ധ ദിവസത്തിൽ നിന്റെ കാര്യാദികൾ നോക്കാതെ ശബ്ബത്തിൽ നിന്റെ കാൽ അടക്കിവെച്ചു, ശബ്ബത്തിനെ ഒരു സന്തോഷം എന്നും യഹോവയുടെ വിശുദ്ധ ദിവസത്തെ ബഹുമാനയോഗ്യം എന്നും പറകയും നിന്റെ വേലെക്കു പോകയോ നിന്റെ കാര്യാദികളെ നോക്കുകയോ വ്യർത്ഥസംസാരത്തിൽ നേരം പോക്കുകയോ ചെയ്യാതവണ്ണം അതിനെ ബഹുമാനിക്കയും ചെയ്യുമെങ്കിൽ, നീ യഹോവയിൽ പ്രമോദിക്കും; ഞാൻ നിന്നെ ദേശത്തിലെ ഉന്നതങ്ങളിൽ വാഹനമേറ്റി ഓടുമാറാക്കുകയും നിന്റെ പിതാവായ യാക്കോബിന്റെ അവകാശം കൊണ്ടു നിന്നെ പോഷിപ്പിക്കയും ചെയ്യും; യഹോവയുടെ വായല്ലോ അരുളിച്ചെയ്തിരിക്കുന്നതു" (യെശ. 58:13,14).

ദൈവജനത്തെ സംബന്ധിച്ചിടത്തോളം ഇതിന്റെ അർത്ഥം, ഓരോ ആഴ്ചയിലും 24 മണിക്കൂർ, അവർ തങ്ങളുടെ ഉന്നതിയും വ്യക്തിപരമായ സന്തോഷവും തേടുന്നതിൽനിന്നും പിന്മാറുകയും വ്യാപാര കാര്യങ്ങളിൽ ഭാഗഭാക്കാകുന്നത് ഒഴിവാക്കുകയും ചെയ്യുക എന്നായിരുന്നു. ശബ്ബത്തിൽ അവരുടെ മുഴുവൻ ശ്രദ്ധയും ആത്മീയ കാര്യങ്ങൾക്ക് നൽകുകയും, തങ്ങൾക്കു ചുറ്റുമുള്ള ലോക കാര്യങ്ങളിൽനിന്ന് വിട്ടുനിന്നുകൊണ്ട് ദൈവസ്നേഹത്തിലും കരുതലിലും സ്വസ്ഥത കണ്ടെത്തുകയും ചെയ്യണമായിരുന്നു.

എന്നാൽ ദൈവജനം ശബ്ബത്തിനോട് അനാദരവു കാണിക്കുക പതിവാക്കി. തങ്ങളുടെ മാനസിക സന്തോഷത്തിനുവേണ്ടി ഉണ്ടാക്കിയ ശബ്ബത്ത് തങ്ങളുടെ ഉപജീവനമാർഗ്ഗത്തിന് ഒരു ഭാരമാണെന്ന് അവർ പിറുപിറുത്തു. "ധാന്യവ്യാപാരം ചെയ്വാൻ തക്കവണ്ണം അമാവാസിയും കോതമ്പുപീടിക തുറന്നുവെപ്പാൻ തക്കവണ്ണം ശബ്ബത്തും എപ്പോൾ കഴിഞ്ഞുപോകും എന്നു പറഞ്ഞു" (ആമോസ് 8:5). ആമോസ് കൂട്ടിച്ചേർത്തു, അവർ ദൈവത്തിൽ

## ഒരു വിസ്മയ സത്യം

### ആധുനിക യിസ്രായേൽ

ആധുനികകാല യിസ്രായേലിൽ ഇപ്പോഴും ശനിയാഴ്ച ഔദ്യോഗിക വിശ്രമ ദിനമാണ്, എല്ലാ സർക്കാർ ഓഫീസുകളും ഭൂരിഭാഗം സാമാന്യ വ്യാപാരങ്ങളും നിർത്തലാക്കപ്പെടുന്ന ഒരു ദിവസം.



# സങ്കീർത്തനം 92

## ശബ്ബത്ത്നാൾക്കുള്ള ഒരു ഗീതം; ഒരു സങ്കീർത്തനം

*യഹോവെക്കു സ്തോത്രം ചെയ്യുന്നതും*
*അത്യുന്നതനായുള്ളോവേ,*
*നിന്റെ നാമത്തെ കീർത്തിക്കുന്നതും*
*പത്തു കമ്പിയുള്ള വാദിത്രംകൊണ്ടും വീണകൊണ്ടും*
*ഗംഭീരസ്വരമുള്ള കിന്നരംകൊണ്ടും*
*രാവിലെ നിന്റെ ദയയേയും രാത്രിതോറും*
*നിന്റെ വിശ്വസ്തതയേയും വർണ്ണിക്കുന്നതും നല്ലതു.*
*യഹോവേ, നിന്റെ പ്രവൃത്തികൊണ്ടു*
*നീ എന്നെ സന്തോഷിപ്പിക്കുന്നു;*
*ഞാൻ നിന്റെ കൈകളുടെ പ്രവൃത്തികളെക്കുറിച്ചു*
*ഘോഷിച്ചുല്ലസിക്കുന്നു.*
*യഹോവേ, നിന്റെ പ്രവൃത്തികൾ*
*എത്ര വലിയവയാകുന്നു,*
*നിന്റെ വിചാരങ്ങൾ അത്യന്തം അഗാധമായവ തന്നേ.*
*മൃഗപ്രായനായ മനുഷ്യൻ അതു അറിയുന്നില്ല;*
*മൂഢൻ അതു ഗ്രഹിക്കുന്നതുമില്ല.*
*ദുഷ്ടന്മാർ പുല്ലുപോലെ മുളെക്കുന്നതും*
*നീതികേടു പ്രവർത്തിക്കുന്നവരൊക്കെയും*
*തഴെക്കുന്നതും എന്നേക്കും*
*നശിച്ചുപോകേണ്ടതിന്നാകുന്നു.*
*നീയോ, യഹോവേ, എന്നേക്കും അത്യുന്നതനാകുന്നു.*
*യഹോവേ, ഇതാ, നിന്റെ ശത്രുക്കൾ,*
*ഇതാ, നിന്റെ ശത്രുക്കൾ നശിച്ചുപോകുന്നു;*
*നീതികേടു പ്രവർത്തിക്കുന്ന ഏവരും ചിതറിപ്പോകും.*
*എങ്കിലും എന്റെ കൊമ്പു നീ കാട്ടുപോത്തിന്റെ*
*കൊമ്പുപോലെ ഉയർത്തും;*
*പുതിയ എണ്ണ എന്നെ തേപ്പിക്കുന്നു.*
*എന്റെ കണ്ണു എന്റെ ശത്രുക്കളെ കണ്ടും*
*എന്റെ ചെവി എന്നോടു എതിർക്കുന്ന*
*ദുഷ്കർമ്മികളെക്കുറിച്ചു കേട്ടും രസിക്കും.*
*നീതിമാൻ പനപോലെ തഴെക്കും;*
*ലെബാനോനിലെ ദേവദാരുപോലെ വളരും.*
*യഹോവയുടെ ആലയത്തിൽ നട്ടുതലയായവർ*
*നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കും*
*വാർദ്ധക്യത്തിലും അവർ ഫലം*
*കായിച്ചുകൊണ്ടിരിക്കും;*
*അവർ പുഷ്ടിവെച്ചും പച്ചപിടിച്ചും ഇരിക്കും.*
*യഹോവ നേരുള്ളവൻ, അവൻ എന്റെ പാറ,*
*അവനിൽ നീതികേടില്ല*
*എന്നു കാണിക്കേണ്ടതിന്നു തന്നെ.*

നിന്നും സമയം അപഹരിച്ചിരുന്ന ഈ മനോഭാവം, മോഷ്ടിക്കുന്നതിനു തുല്യമായിരുന്നു.

യിസ്രായേൽ ശത്രു രാജ്യങ്ങളുടെ കരാള ഹസ്തങ്ങളിൽ വീണുപോയത് സ്വാർത്ഥതയോടെ ദൈവിക ശബ്ബത്ത് കല്പന അനുസരിക്കാതിരുന്നതു കൊണ്ടാണെന്ന് പറയപ്പെട്ടിരിക്കുന്നു. “എന്നാൽ ശബ്ബത്ത്നാൾ വിശുദ്ധീകരിപ്പാനും ശബ്ബത്തുനാളിൽ യെരൂശലേമിന്റെ വാതിലുകളിൽകൂടി ചുമടു ചുമന്നു കൊണ്ടുപോകാതെ ഇരിപ്പാനും നിങ്ങൾ എന്റെ വാക്കു കേട്ടനുസരിക്കയില്ലെങ്കിൽ ഞാൻ അതിന്റെ വാതിലുകളിൽ തീ കൊളുത്തും; അതു കെട്ടുപോകാതെ യെരൂശലേമിലെ അരമനകളെ ദഹിപ്പിക്കും” (യിരെ. 17:27).

ശബ്ബത്ത് അനുസരിക്കുവാൻ കൂട്ടാക്കാതിരുന്ന ദൈവജനത്തിന് മറ്റു കല്പനകളെ വിസ്മരിക്കുവാൻ എളുപ്പമായിരുന്നു. ദൈവത്തിൻ കീഴുള്ള ജനം ആയിരുന്നിട്ടും അവർ കല്പന പിച്ചിച്ചീന്തി. അവർക്കു ചുറ്റുമുള്ള ഏറ്റവും ഹീനമായ ജാതീയ രാജ്യങ്ങളിൽ മാത്രം കണ്ടിട്ടുള്ള നിന്ദ്യമായ ശീലങ്ങളിലേക്ക് അവർ വീണു. ക്രമേണ, അവരുടെ അനുസരണക്കേടു നിമിത്തം അവർ അശ്ശൂര്യരുടെയും, ബാബിലോന്യരുടെയും അടിമത്തത്തിലായി.

വേദപുസ്തകം ഇതിനെ ശബ്ബത്തുമായി ബന്ധിപ്പിക്കുന്നു. യെഹൂദ്യ അടിമത്ത കാലത്തായിരുന്നു യെഹെസ്കേൽ പ്രവാചകൻ ഈ വാക്യങ്ങൾ ദൈവത്തിൽനിന്നു രേഖപ്പെടുത്തിയത്.

> “ഞാൻ അവരെ വിശുദ്ധീകരിക്കുന്ന യഹോവ എന്നു അവർ അറിയേണ്ടതിന്നു എനിക്കും അവർക്കും ഇടയിൽ അടയാളമായിരിപ്പാൻ തക്കവണ്ണം എന്റെ ശബ്ബത്തുകളെയും ഞാൻ അവർക്കു കൊടുത്തു. യിസ്രായേൽ ഗൃഹമോ... അവർ എന്റെ ചട്ടങ്ങളെ അനുസരിച്ചു നടക്കാതെ... എന്റെ ശബ്ബത്തുകളെയും അവർ ഏറ്റവും അശുദ്ധമാക്കി” (യെഹെ. 20:12,13).

സൃഷ്ടിയുടെ സമയത്തു തന്നെ ദൈവം ശബ്ബത്തിനെ വേർതിരിച്ച് വിശുദ്ധം ആക്കി എന്നത് നിങ്ങൾ ഓർക്കുന്നുണ്ടോ? വീണ്ടും യെഹെസ്കേലിന്റെ പുസ്തകത്തിലൂടെ ദൈവം പറയുന്നു, “അതിലെ പുരോഹിതന്മാർ എന്റെ ന്യായപ്രമാണത്തോടു ദ്രോഹം

**അശുദ്ധം എന്ന പദത്തെ "വിശുദ്ധമായതിനെ ഭർത്സിക്കുക, അനാദരിക്കുക അഥവാ മലിനമാക്കുക എന്നിങ്ങനെ വെബ്സ്റ്റേഴ്സ് നിഘണ്ടു നിർവ്വചിക്കുന്നു."**



ചെയ്തു എന്റെ വിശുദ്ധവസ്തുക്കളെ അശുദ്ധമാക്കുന്നു; അവർ ശുദ്ധവും അശുദ്ധവും തമ്മിൽ വേർതിരിക്കുന്നില്ല; മലിനവും നിർമ്മലിനവും തമ്മിലുള്ള ഭേദം കാണിച്ചു കൊടുക്കുന്നതുമില്ല; ഞാൻ അവരുടെ മദ്ധ്യേ അശുദ്ധനായി ഭവിക്കത്തക്കവണ്ണം അവർ എന്റെ ശബ്ബത്തുകളെ നോക്കാതെ കണ്ണു മറെച്ചുകളയുന്നു” (യെഹെ. 22:26).

വീണ്ടും, ദുർവ്വാശിയോടെയുള്ള ഈ അനുസരണക്കേടിന്റെ ഫലമായി ദൈവം പറഞ്ഞു,

> “അവർ എന്റെ വിധികളെ അനുഷ്ഠിക്കാതെ എന്റെ ചട്ടങ്ങളെ ധിക്കരിച്ചു എന്റെ ശബ്ബത്തുകളെ അശുദ്ധമാക്കുകയും അവരുടെ കണ്ണു അവരുടെ പിതാക്കന്മാരുടെ വിഗ്രഹങ്ങളിലേക്കു ചെല്ലുകയും ചെയ്തതു കൊണ്ടു, ഞാൻ അവരെ ജാതികളുടെ ഇടയിൽ ചിന്നിച്ചു രാജ്യങ്ങളിൽ ചിതറിച്ചു കളയുമെന്നു മരുഭൂമിയിൽ വെച്ചു കൈ ഉയർത്തി അവരോടു സത്യം ചെയ്തു” (യെഹെ. 20:23,24).

കൃത്യമായും ഇതു തന്നെയാണ് സംഭവിച്ചത്! യെഹൂദ ജനം ജാതികളുടെ ഇടയിൽ ചിതറിക്കപ്പെട്ടു. ഇത്തരത്തിൽ ഗൗരവത്തോടെയാണ് ദൈവം തന്റെ ശബ്ബത്തു ദിനത്തെ പരിഗണിക്കുന്നത്. അക്ഷരാർത്ഥത്തിൽ അത് ദൈവാധികാരത്തിന്റെ മുദ്രയാണ്. നാം എങ്ങനെ ഈ ലോകത്തിൽ വന്നു എന്നും ദൈവത്തിന് നമ്മുടെ മേൽ എന്തുകൊണ്ട് അധികാരമുണ്ടായിരിക്കുന്നു എന്നും ശബ്ബത്ത് മനുഷ്യരോടു പറയുന്നു. തന്റെ തിരെഞ്ഞെടുക്കപ്പെട്ട ജനം ശബ്ബത്ത് ലംഘിച്ചപ്പോൾ, അതിലൂടെ ഒരു വിശുദ്ധ ദിവസത്തെ ജാതികൾക്കു മുന്നിൽ അശുദ്ധമാക്കി. ചുറ്റുമുള്ള രാജ്യങ്ങൾക്കു നൽകുവാൻ ദൈവം തന്റെ ജനത്തോട് ആവശ്യപ്പെട്ട മാതൃക ഇങ്ങനെയല്ലായിരുന്നു



എന്നാൽ ദൈവം തന്റെ ജനത്തെ സ്നേഹിക്കുകയും, അവന്റെ ദയയിൽ, യിസ്രായേലിന്റെ ദൈവിക ശിക്ഷണകാലം ഒടുവിൽ അവസാനിക്കുകയും ചെയ്തിരുന്നു. യെഹൂദന്മാർ ബാബിലോണിലെ അടിമത്തത്തിൽ നിന്ന് മോചിതരായി യെരൂശലേമിൽ തിരിച്ചെത്തി. തീർച്ചയായും, 70 വർഷത്തെ യാതനകൾക്കുശേഷം തിരിച്ചെത്തിയിട്ടും എന്തുകൊണ്ടാണ് തങ്ങൾ അടിമകളാക്കപ്പെട്ടതെന്ന് മറന്നില്ല. ശബ്ബത്ത് ലംഘിച്ചതായിരുന്നു തങ്ങളുടെ നാശത്തിന് കാരണമായതെന്ന് അവർ മനസ്സിലാക്കി.

പിന്നീട് ശബ്ബത്ത് ലംഘിക്കുകയെന്ന അതേ മാതൃകയിലേക്ക് തിരിച്ചുപോകുവാൻ അവർ ആഗ്രഹിച്ചില്ല. അവരുടെ മഹാപുരോഹിതന്മാരും മൂപ്പന്മാരും മുൻകാല ശബ്ബത്ത് ലംഘനത്തിനു പരിഹാരമെന്നവണ്ണം ശബ്ബത്ത് അനുസരണം അതികർക്കശമാക്കി. ഇപ്പോൾ ശബ്ബത്തു ലംഘനത്തിനു പകരം ദൈവജനത്തെ ഞെരുക്കുന്ന മറ്റൊരു പ്രത്യേക അവസ്ഥയിലേയ്ക്ക് മാറി.

എന്നാൽ ഈ സമയം, ദൈവം തന്റെ ജനത്തെ രക്ഷിക്കുവാനും ശബ്ബത്ത് ദിവസത്തെ യഥാസ്ഥാനത്താക്കുവാനും ഒരു പ്രത്യേക പ്രവാചകനെ അയയ്ക്കും.



# സുവിശേഷങ്ങളിലെ ശബ്ബത്ത്

*"മനുഷ്യപുത്രൻ ശബ്ബത്തിന്നും കർത്താവു ആകുന്നു" (മർക്കൊസ് 2:28).*

യേശുവിന്റെ കാലത്ത്, ശബ്ബത്തിന് യെഹൂദന്മാരുടെ ജീവിതക്രമത്തിൽ വലിയ ഒരു പങ്കുണ്ടായിരുന്നു. പുതിയനിയമ വേദഭാഗങ്ങളിൽ - മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ - "ശബ്ബത്ത്" എന്ന പദം 60 തവണ രേഖപ്പെടുത്തിയിരിക്കുന്നു എന്ന് നിങ്ങൾക്കറിയാമോ? യേശുവിന്റെ ജീവിതവും ശുശ്രൂഷയും തന്നെ അസാധാരണമായ വിധത്തിൽ ശബ്ബത്തുമായി ബന്ധപ്പെട്ടുകിടക്കുന്നു.

ശബ്ബത്ത് അനുസരിക്കുകയെന്നത് യേശുവിന്റെ ജീവിതത്തിലെ പതിവായിരുന്നുവെന്ന് വേദപുസ്തകം വ്യക്തമാക്കുന്നു. "അവൻ വളർന്ന നസറെത്തിൽ വന്നു: ശബ്ബത്തിൽ തന്റെ പതിവുപോലെ പള്ളിയിൽ ചെന്നു വായിപ്പാൻ എഴുന്നേറ്റുനിന്നു" (ലൂക്കൊസ് 4:16). ദൈവപുത്രൻ എന്ന നിലയിൽ, നാലാം കല്പന അനുസരിക്കുകയെന്നത് യേശുക്രിസ്തു ഉറപ്പുവരുത്തി. ഇത് എല്ലായ്പോഴും തന്റെ ശുശ്രൂഷയിലുടനീളം തനിക്ക് ഏറ്റവും അർത്ഥവത്തായ ഒരു ദിനമായിരുന്നു.

എന്നിട്ടും, മതനേതാക്കൾ, പ്രത്യേകിച്ച് പരീശന്മാർ, ശബ്ബത്ത് അനുസരിക്കുന്നതിനെക്കുറിച്ച് യേശുവിനെ പരീക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി. യെഹൂദന്മാരുടെ ജീവിതങ്ങളിൽ ശബ്ബത്ത് ഇന്നെങ്ങനെയാണോ അതായിരുന്നില്ല ദൈവം അവർക്കായി ആഗ്രഹിച്ചത്. ഇത് യേശുവിന്റെ മനസ്സിൽ സ്പഷ്ടമാണ്. ശബ്ബത്ത് കല്പന നീക്കിക്കളഞ്ഞെന്ന് യേശു ഒരിക്കലും പഠിപ്പിച്ചില്ല. മറിച്ച് ജനത്തെ അതിന്റെ യഥാർത്ഥ അർത്ഥം പഠിപ്പിച്ചുകൊടുക്കുവാനും ദൈവഹിതപ്രകാരം ശബ്ബത്തിനെ പുനഃസ്ഥാപിക്കുകയുമാണ് ചെയ്തത്.

**മോശെയുടെ ന്യായപ്രമാണം കർശനമായി അനുസരിക്കണമെന്ന് ഉറപ്പിച്ചു പറയുന്ന ശക്തവും പ്രബലവുമായ പ്രാചീന യെഹൂദ്യ മതവിഭാഗത്തിലെ ഒരംഗമാണ് ഒരു പരീശൻ.**

ശബ്ബത്ത് ലംഘനം തങ്ങളുടെ രാജ്യത്തിനു നാശം കൊണ്ടുവന്നുവെന്ന് മതനേതാക്കൾ മനസ്സിലാക്കിയതായി കഴിഞ്ഞ അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് നാം കണ്ടു. അത് മറികടക്കുവാൻ വേണ്ടി അവർ ശബ്ബത്ത് അനുസരിക്കുന്നതിന് പ്രത്യേക ആചാരക്രമം നടപ്പിലാക്കി. അതായത് ഏഴാം ദിനത്തിൽ ഒരു വ്യക്തിക്ക് എത്ര ദൂരം നടക്കാം എന്നു വരെ അവർ നിശ്ചയിച്ച് ലിഖിത നിയമമാക്കിയിരുന്നു.

യേശുവിന്റെ കാലഘട്ടത്തിൽ, ഈ നിയമസംഹിതകൾ ദൈവജനത്തിന് ശബ്ബത്ത് ദിനത്തെ അതിഭാരത്തിന്റെ ഒരു ദിനമാക്കിതിരിക്കുകയും വിശ്വസ്തനായ ഒരു യെഹൂദന് ശബ്ബത്തിൽ സാമാന്യബുദ്ധിക്ക് നിരക്കുന്ന കാര്യങ്ങൾപോലും ചെയ്യുന്നത് ഏകദേശം അസാദ്ധ്യമാക്കിത്തീർക്കുകയും ചെയ്തു. ഉദാഹരണ

ത്തിന്, ഒരു സ്ത്രീക്ക് ശബ്ബത്തിൽ തലമുടിയിൽ മുടിപ്പിൻ അണിയാമായിരുന്നു, എന്നാൽ അതേ മുടിപിൻ അവൾ കൈയ്യിൽ പിടിച്ചു നടന്നാൽ അത് ഒരു ചുമടായി കണക്കാക്കിയിരുന്നു.

ഒരു വ്യക്തി ശബ്ബത്തിൽ തന്റെ പണിയായുധമായ ചുറ്റികയിലോ കോരികയിലോ പിടിച്ചാൽ അയാൾ കുറ്റക്കാരനാകുമായിരുന്നു. പരീശന്മാർക്ക് ശബ്ബത്തിനെക്കുറിച്ചും മറ്റ് മതപരമായ ചുമതലകളെക്കുറിച്ചും ഇത്തരത്തിലുള്ള വളരെയധികം മനുഷ്യ നിർമ്മിത നിയമങ്ങൾ ഉണ്ടായിരുന്നു.

കൂടുതലായി, പൊടി നിറഞ്ഞ നിലത്തു തുപ്പിയാൽ അത് ശബ്ബത്തിൽ കുമ്മായം കൂട്ടുന്നതിന് സമമായി പരിഗണിച്ചിരുന്നു.

അത്രയുംകൊണ്ട് അവസാനിക്കുന്നില്ല.

ശബ്ബത്ത് ദിനത്തിൽ ഒരു യെഹൂദന്റെ വീടിനു തീ പിടിച്ചാൽ, ആ വീട്ടിലുള്ള തങ്ങളുടെ വിലപിടിപ്പുള്ള യാതൊന്നും എടുത്തു മാറ്റുവാൻ തിരുവചനാടിസ്ഥാനമില്ലാത്ത മനുഷ്യ നിർമ്മിതമായ ഈ നിയമം അനുവദിച്ചിരുന്നില്ല. അവ എടുത്തു മാറ്റുന്നത് അദ്ധ്വാനമായാണ് കണക്കാക്കിയിരുന്നത്. ഇത്തരത്തിലാണ് യെഹൂദ നേതാക്കൾ ശബ്ബത്ത് ഉൾപ്പെടെയുള്ള ദൈവകല്പനയെ ദുരുപയോഗം ചെയ്തു കൊണ്ടിരുന്നത്. തന്റെ കൃപയിൽ നയിക്കുന്നതിനായി ദൈവം അവരെ ഏല്പിച്ച ജനത്തിനുമേൽ കടുത്ത നിയന്ത്രണത്തിനുള്ള ഒരു മാർഗ്ഗമായി അവർ അത് ഉപയോഗിച്ചു.

ദൈവം പഴയനിയമ കാലഘട്ടത്തിൽ ശബ്ബത്ത് ലംഘനത്തെക്കുറിച്ച് മുന്നറിയിപ്പു നൽകുന്നതിന് പ്രവാചകന്മാരെ ഉപയോഗിച്ചു. ദൈവവുമായുള്ള നമ്മുടെ അനുഭവ ജ്ഞാനത്തിൽ ശബ്ബത്ത് ഒരു നിർണ്ണായക ഭാഗമായിരുന്നു എന്നും മനുഷ്യ നിർമ്മിത നിയമങ്ങളും ചട്ടങ്ങളും പലപ്പോഴും ഈ നിയമത്തെ അലങ്കോലമാക്കിയെന്നും യേശു പഠിപ്പിച്ചു. മതനേതാക്കൾ ശബ്ബത്തിനെ വികലമാക്കി, യേശു അതിനെ നേരെയാക്കുവാൻ ഇച്ഛിച്ചു.

പുതിയനിയമത്തിൽ യേശു ശബ്ബത്തിനെ ഉറപ്പിക്കുന്നതായി പ്രത്യേകം രേഖപ്പെടുത്താത്തതിനാൽ അതിന് അത്ര പ്രാധാന്യം നൽകിയിരുന്നില്ല എന്നാണ് പലരും അവകാശപ്പെട്ടിരുന്നത്. എന്നാൽ യേശു ശബ്ബത്ത് അനുസരിച്ചു. തങ്ങളുടെ കൂട്ടത്തിൽത്തന്നെയുള്ള യേശു ശബ്ബത്ത് ലംഘിക്കുവാൻ മുതിരുന്നതായി യെഹൂദന്മാരുടെ മുറവിളിയും നമ്മൾ കാണുന്നില്ല. അതുകൊണ്ട് ശബ്ബത്തിനെക്കുറിച്ച് യേശു നിശ്ശബ്ദനാണെന്ന ഈ വാദഗതി നേരെ തിരിച്ചാണ് വന്നു ഭവിക്കുന്നത്. വാസ്തവത്തിൽ യേശു എപ്പോഴും ഓരോ കല്പനയെക്കുറിച്ചും പറഞ്ഞിരുന്നത് അതിന് കൂടുതൽ അർത്ഥം നൽകുവാനാണ്. ന്യായശാസ്ത്രിമാരോട് പ്രതിവാദം ചെയ്യുമ്പോൾ യേശു ശബ്ബത്തിനെക്കുറിച്ച്പ്രതിപാദിക്കുന്നുണ്ട്. പള്ളിയിൽ പോകുക വഴി യേശു ശബ്ബത്തിനെ മാനിക്കുകയും ചെയ്യുന്നു (ലൂക്കൊസ് 4: 16).

## സുവിശേഷങ്ങളും ശബ്ബത്തും

**ശബ്ബത്ത് ഒഴിവാക്കണമെന്ന് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചിരുന്നെങ്കിൽ സുവിശേഷ രചയിതാക്കൾ അതു തങ്ങളുടെ രചനകളിൽ വളരെ വ്യക്തമായി രേഖപ്പെടുത്തുമായിരുന്നു. യഹൂദവീക്ഷണത്തിൽ എഴുതപ്പെട്ട മത്തായിയുടെ സുവിശേഷത്തിൽപ്പോലും ഏഴാം ദിനശബ്ബത്ത് ഒഴിവാക്കുന്നതിനെക്കുറിച്ചുള്ള പരാമർശങ്ങൾ ഇല്ല.**



## യേശു ശബ്ബത്തിനെക്കുറിച്ചുള്ള തന്റെ ദൗത്യം പ്രസിദ്ധപ്പെടുത്തുന്നു.

“അവൻ (യേശു) വളർന്ന നസറെത്തിൽ വന്നു; ശബ്ബത്തിൽ തന്റെ പതിവുപോലെ പള്ളിയിൽ ചെന്നു വായിപ്പാൻ എഴുന്നേറ്റുനിന്നു. യെശെയ്യാപ്രവാചകന്റെ പുസ്തകം അവന്നു കൊടുത്തു; അവൻ പുസ്തകം വിടർത്തി; “ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെമേൽ ഉണ്ടു; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു” എന്നു എഴുതിയിരിക്കുന്ന സ്ഥലം കണ്ടു. പിന്നെ അവൻ പുസ്തകം മടക്കി ശുശ്രൂഷക്കാരന്നു തിരികെ കൊടുത്തിട്ടു ഇരുന്നു; പള്ളിയിലുള്ള എല്ലാവരുടെയും കണ്ണു അവങ്കൽ പതിഞ്ഞിരുന്നു. അവൻ അവരോടു: ഇന്നു നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന്നു നിവൃത്തി വന്നിരിക്കുന്നു എന്നു പറഞ്ഞുതുടങ്ങി. എല്ലാവരും അവനെ പുകഴ്ത്തി, അവന്റെ വായിൽനിന്നു പുറപ്പെട്ട ലാവണ്യവാക്കുകൾനിമിത്തം ആശ്ചര്യപ്പെട്ടു (ലൂക്കൊ. 4:16–22).

താൻ മശീഹയാണെന്ന് പ്രസിദ്ധപ്പെടുത്തുന്ന യെശെയ്യാവു 61:1,2 ഇവിടെ യേശു വായിക്കുകയാണ്. പള്ളി പ്രമാണിമാർ ഈ അവകാശവാദത്തെ വൈരാഗ്യത്തോടെ വീക്ഷിക്കുകയും അവനെ നശിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തു, എന്നാൽ അവർക്ക് അവന്റെ ദൗത്യത്തെ തടയുവാനോ ശബ്ബത്തിൽ സൗഖ്യമാക്കുകയും ഉപദേശിക്കുകയും ചെയ്യുന്നതിൽനിന്നും യേശുവിനെ അകറ്റി നിർത്തുവാനോ സാധിച്ചില്ല (ലൂക്കൊ. 4:31–35 കാണുക).



## യേശു ശബ്ബത്തിനെ സ്വതന്ത്രമാക്കുന്നു

യേശു നാലാം കല്പന അനുസരിക്കുന്നതിനെക്കുറിച്ച് പരീശന്മാരുടെ ചോദ്യം ചെയ്യലാണ് മത്തായിയുടെ സുവിശേഷത്തിൽ ശബ്ബത്തിനെക്കുറിച്ചുള്ള ആദ്യ പരാമർശം. ഇത് യേശുവിന്റെ മൂന്നു വർഷത്തെ പരസ്യ ശുശ്രൂഷാകാലത്തെ ഒരു പൊതു സംഭവമായിരുന്നിരിക്കണം.

ഒരു ശബ്ബത്ത് ദിവസം ശിഷ്യന്മാർ വിളഭൂമിയിൽ, തിന്നുന്നതിന് കതിർ പറിച്ചതിന്റെ കഥ പറയുകയാണ് മത്തായി 12:1–8 വരെ. ഇത്തരത്തിലുള്ള "അദ്ധ്വാനം" വിളവെടുപ്പാണെന്നാരോപിച്ച് പരീശന്മാർ കുറ്റപ്പെടുത്തിയിരുന്നു. "ഇതാ, ശബ്ബത്തിൽ വിഹിതമല്ലാത്തതു നിന്റെ ശിഷ്യന്മാർ ചെയ്യുന്നു എന്നു അവനോടു പറഞ്ഞു."

യേശുവിന്റെ മറുപടി ശബ്ബത്തിന് ഇനിയൊരിക്കലും സാധുതയില്ല എന്നല്ല, എന്നാൽ അതിനേക്കാൾ "മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവു ആകുന്നു" എന്നു പ്രഖ്യാപിച്ച ആ ദിനത്തിന്റെ യഥാർത്ഥ അർത്ഥം കാണുവാൻ പരീശന്മാർക്ക് കഴിയാതെ പോയി. ഇവിടെ ശബ്ബത്തിന്റെ ഉടമസ്ഥത അതിന്റെ സ്രഷ്ടാവ് എന്ന നിലയിൽ യേശു പ്രഖ്യാപിക്കുകയായിരുന്നു, ആര് ശബ്ബത്ത് ലംഘിച്ചുവെന്നും ഇല്ലെന്നും തീരുമാനിക്കുന്നതിനുള്ള അധികാരം തനിക്കുണ്ടെന്ന് വെളിപ്പെടുത്തിക്കൊണ്ട്. തന്റെ പ്രവൃത്തിയിൽനിന്ന് ശബ്ബത്തുനാളിൽ വിശ്രമമെടുത്ത അതേ സ്രഷ്ടാവാണ് അവൻ, അതുകൊണ്ട് ശബ്ബത്ത് ലംഘനമെന്നാൽ എന്തെന്ന് യേശുവിന് വളരെ വ്യക്തമായി അറിയാം.

എന്നാൽ ശിഷ്യന്മാർ ശബ്ബത്ത് ലംഘിക്കുകയല്ലായിരുന്നുവെന്ന് ഒരു സൂക്ഷ്മനിരീക്ഷണം വെളിപ്പെടുത്തുന്നു. അവർ വിളവെടുപ്പ് (കൊയ്ത്ത്) നടത്തിയില്ല. വിശന്നപ്പോൾ കതിർ പറിച്ച് തിന്നുവെന്നു മാത്രം. യേശുവിനെ വാക്കിൽ കുടുക്കി ജനത്തിനു മുന്നിൽ അപമാനിക്കുവാനുള്ള പരീശന്മാരുടെ കുബുദ്ധിയും കടുത്ത ശബ്ബത്തനുസരണ രീതിയുമാണ് യഥാർത്ഥ സ്നേഹത്തിനും കരുണയ്ക്കും വിലങ്ങുതടിയായത്. യഥാർത്ഥത്തിൽ ശിഷ്യന്മാർ കതിർശേഖരണനിയമം ലംഘിക്കുകയല്ല അനുസരിക്കുകയായിരുന്നു ചെയ്തത് എന്ന് ആവ. പുസ്തകം 23:25 വിശദീകരിക്കുന്നു. കതിരിന്റെ ഉമി നീക്കിയശേഷം ആ ദിവസത്തെ പോഷണത്തിനു വേണ്ടത് അവർ ഭക്ഷിക്കുകയായിരുന്നു. അത് പുറംതോടിൽ നിന്നും ഒരു നിലക്കടല വേർപെടുത്തുന്നതുപോലെമാത്രം ആയാസകരമായ പ്രവൃത്തി ആയിരുന്നു.

## യേശുവിന് ഇഷ്ടപ്പെട്ട ശബ്ബത്ത് സന്തോഷം

യേശുവിന്റെ ശുശ്രൂഷ ഒരു അസാധാരണമായ മനസ്സലിവിന്റേതായിരുന്നു. കഴിയുന്നിടത്തോളം തിരുവചനത്തെപ്പറ്റി സംസാരിക്കുന്നതിനേക്കാൾ അധികം, ജനങ്ങളെ അവരുടെ രോഗങ്ങളിൽനിന്നും സൗഖ്യമാക്കുന്നതിലും, അവരെ പോഷിപ്പിക്കുന്നതിലും, പാപത്തോടുള്ള അവരുടെ അടിമത്തത്തിൽനിന്നും അവരെ സ്വതന്ത്രരാക്കുന്നതിലുംകൂടെ പിതാവിന്റെ സ്നേഹം പ്രദർശിപ്പിക്കുന്നതിൽ അവൻ അതിയായി സന്തോഷിച്ചു. മാത്രമല്ല ശബ്ബത്ത് ദിവസത്തിൽ ഇത്തരത്തിലുള്ള സൽപ്രവൃത്തികളാണ് യേശു പതിവായി ചെയ്തിരുന്നത്.

മറ്റൊരു ശബ്ബത്തിൽ, യേശു പള്ളിയിൽ പ്രവേശിക്കുകയും വരണ്ട കൈയ്യുള്ള ഒരു മനുഷ്യനെ സൗഖ്യമാക്കുകയും ചെയ്തു. അംഗവൈകല്യം ജീവനു ഭീഷണിയായിരുന്നില്ല, അതുകൊണ്ട് ഹൃദയശൂന്യരായ പരീശന്മാരെ സംബന്ധിച്ചിടത്തോളം, വരണ്ട കൈ സൗഖ്യമാക്കുന്നത് ആവശ്യമില്ലാത്തതായിരുന്നു. എന്നാൽ ഇത് ശബ്ബത്ത് എന്ന ആശയത്തെ നഷ്ടമാക്കി, അതുകൊണ്ട് മതം എന്നത് സാധാരണമായ കല്പനാനുസരണം മാത്രമായിരുന്നുവെന്നും, സ്നേഹമുള്ള, വഴിനടത്തുന്ന ഒരു തത്ത്വമായിട്ടല്ലായിരുന്നു കല്പന ഉണ്ടാക്കപ്പെട്ടതെന്നും വിശ്വസിച്ചിരുന്നവരുടെ ഹൃദയങ്ങളിലെ ഈ അബദ്ധാഭിപ്രായം തിരുത്തുവാൻ യേശു ആഗ്രഹിച്ചു.

> "യേശു അവരോടു: ഞാൻ നിങ്ങളോടു
> ഒന്നു ചോദിക്കട്ടെ: ശബ്ബത്തിൽ നന്മ ചെയ്കയോ
> തിന്മ ചെയ്കയോ ജീവനെ രക്ഷിക്കയോ നശിപ്പി
> ക്കയോ ഏതു വിഹിതം എന്നു പറഞ്ഞു. അവരെ
> എല്ലാം ചുറ്റും നോക്കീട്ടു ആ മനുഷ്യനോടു: കൈ
> നീട്ടുക എന്നു പറഞ്ഞു. അവൻ അങ്ങനെ ചെയ്തു,
> അവന്റെ കൈക്കു സൗഖ്യം വന്നു"
> (ലൂക്കൊ. 6:9,10).

ശബ്ബത്തിൽ ഇതിനേക്കാൾ ഉത്തമമായ ഒരു ദാനം നിങ്ങൾക്കു സങ്കൽപ്പിക്കാമോ? യേശു തന്റെ സർവ്വശക്തി വെളിപ്പെടുത്തി ഒരു മനുഷ്യനെ സൗഖ്യമാക്കുകയും ചെയ്തു. എന്നാൽ പരീശന്മാരുടെ മനോഭാവം ശ്രദ്ധിക്കൂ: "അവരോ ഭ്രാന്തു നിറഞ്ഞവരായി യേശുവിനെ എന്തുചെയ്യേണ്ടു എന്നു തമ്മിൽ ആലോചന കഴിച്ചു" (വാക്യം 11).



ഒരിക്കൽക്കൂടി ശ്രദ്ധിക്കൂ, യേശു ശബ്ബത്തിനെ നീക്കിയില്ല, പകരം അത് എങ്ങനെ അനുസരിക്കണമായിരുന്നുവെന്നു നമുക്കു കാണിച്ചുതന്നു.

## മത്താ. 5:19

ശബ്ബത്ത് ഉൾപ്പെടെ ദൈവകല്പന ലംഘിക്കുന്നത് യഥാർത്ഥത്തിൽ എത്ര അപകടകരമാണെന്ന് യേശു വെളിപ്പെടുത്തുന്നു: "ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്നു അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും; അവയെ ആചരിക്കയും പഠിപ്പിക്കയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും."

ഇത് യേശുവിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്: ദൈവത്തിന്റെ സാന്മാർഗ്ഗിക നിയമങ്ങളുടെ യഥാർത്ഥ പൊരുൾ നമ്മുടെ ഹൃദയങ്ങളിൽ പുനഃസ്ഥാപിക്കുകയെന്നത്. താൻ ദൈവകല്പനകളെ ഇഷ്ടപ്പെടുകയും അവയെ വിട്ടുകളയാതെ പരിരക്ഷിക്കുകയും ചെയ്തു, എന്നാൽ സ്വാതന്ത്ര്യം നല്കുന്ന സ്നേഹത്തിന്റെ ഈ പ്രമാണങ്ങളെ മനുഷ്യവർഗ്ഗം നിന്ദ്യമാക്കി മാറ്റിയിരിക്കുന്നു. മശീഹയെക്കുറിച്ച് മുന്നറിയിച്ച പഴയനിയമ പ്രവചനത്തിൽ യേശു ഇപ്രകാരം ചെയ്യുമായിരുന്നു എന്നു പറഞ്ഞിരിക്കുന്നു: "യഹോവ തന്റെ നീതിനിമിത്തം ഉപദേശത്തെ ശ്രേഷ്ഠമാക്കി മഹത്വീകരിപ്പാൻ പ്രസാദിച്ചിരിക്കുന്നു" (യെശ. 42:21).

യേശു ശബ്ബത്തിൽ സൗഖ്യമാക്കിയ ഒരു സംഭവത്തിലേക്കുകൂടി നമുക്ക് ഒന്നു കണ്ണോടിക്കാം. ലൂക്കൊസ് 13:10-17-ൽ "പതിനെട്ടു സംവത്സരമായി ഒരു രോഗാത്മാവു ബാധിച്ചിട്ടു ഒട്ടും നിവിരുവാൻ കഴിയാതെ കൂനിയായ ഒരു സ്ത്രീയെപ്പറ്റി നാം പഠിക്കുന്നു." ആ സ്ത്രീയെ യേശു സൗഖ്യമാക്കി. അതിൽ കോപിഷ്ഠനായ പള്ളിപ്രമാണി യേശുവിനെയും ജനങ്ങളെയും അധിക്ഷേപിക്കുന്നു:

> "യേശു ശബ്ബത്തിൽ സൗഖ്യമാക്കിയതുകൊണ്ടു പള്ളിപ്രമാണി നീരസപ്പെട്ടു പുരുഷാരത്തോടു: വേലചെയ്‌വാൻ ആറു ദിവസമുണ്ടല്ലോ; അതിനകം വന്നു സൗഖ്യം വരുത്തിച്ചുകൊൾവിൻ; ശബ്ബത്തിൽ അരുതു എന്നു പറഞ്ഞു."

വിശപ്പും ദാഹവുമുള്ള ഒരു മൃഗത്തെ ശബ്ബത്തിൽ പരിചരിക്കുമ്പോൾത്തന്നെ, കഷ്ടതയനുഭവിക്കുന്ന ഒരു മനുഷ്യനെ തള്ളിക്കളയണമെന്ന് പരീശന്മാർ പഠിപ്പിച്ചിരുന്നത് യേശുവിനെ വ്യസനിപ്പിച്ചിരുന്നു. ശബ്ബത്ത് ജനങ്ങൾക്കുവേണ്ടിയായിരുന്നു ഉണ്ടാക്കിയതെങ്കിൽ, അതു ജനങ്ങൾക്കു ഒരു അനുഗ്രഹമായിരിക്കുന്നത് പരീശന്മാർ നിരസിക്കുന്നത് എന്തുകൊണ്ട്? കാരണം അവരുടെ ഇംഗിതത്തിന് ജനങ്ങളെ വശംവദരാക്കുന്നതിനും അവരുടെ മതത്തിനു കീഴടക്കുന്നതിനും വേണ്ടിയായിരുന്നു. യേശു പറഞ്ഞു.

> "കപടഭക്തിക്കാരേ, നിങ്ങളിൽ ഓരോരുത്തർ ശബ്ബത്തിൽ തന്റെ കാളയെയോ കഴുതയെയോ തൊട്ടിയിൽനിന്നു അഴിച്ചു കൊണ്ടുപോയി വെള്ളം കുടിപ്പിക്കുന്നില്ലയോ? എന്നാൽ സാത്താൻ പതിനെട്ടു സംവത്സരമായി ബന്ധിച്ചിരുന്ന അബ്രാഹാമിന്റെ മകളായ ഇവളെ ശബ്ബത്തുനാളിൽ ഈ ബന്ധനം അഴിച്ചുവിടേണ്ടതല്ലയോ എന്നു ഉത്തരം പറഞ്ഞു. അവൻ ഇതു പറഞ്ഞപ്പോൾ അവന്റെ വിരോധികൾ എല്ലാവരും നാണിച്ചു; അവനാൽ നടക്കുന്ന സകല മഹിമകളാലും പുരുഷാരം ഒക്കെയും സന്തോഷിച്ചു" (ലൂക്കൊ. 13:15-17).

ശബ്ബത്തിലെ സമാനമായ ഒരു സൗഖ്യമാക്കൽ സന്ദർഭത്തിൽ, യേശു പറഞ്ഞു, "നിങ്ങളിൽ ഒരുത്തന്റെ മകനോ, കാളയോ ശബ്ബത്തുനാളിൽ കിണറ്റിൽ വീണാൽ ക്ഷണത്തിൽ വലിച്ചെടുക്കയില്ലയോ?" (ലൂക്കൊ. 14:5). ഇത് ശബ്ബത്തിൽ സ്വസ്ഥമായിരിക്കേണ്ട വെറും ശാരീരിക രോഗമല്ല പിന്നെയോ അടിയന്തരശ്രദ്ധ ആവശ്യമായ മറ്റു വിധങ്ങളിലുള്ള കഷ്ടങ്ങളാണെന്ന് യേശു ഇവിടെ വ്യക്തമാക്കുന്നു.

## ശബ്ബത്തിൽ യേശുവിന്റെ നന്മപ്രവൃത്തികൾ

ശബ്ബത്തിൽ പതിവായ സാമാന്യവേല ചെയ്യുന്നത് ശബ്ബത്ത് കല്പന പ്രത്യേകമായി വിലക്കുന്നു. എന്നാൽ നാം ചെയ്യരുതാത്ത കാര്യങ്ങൾ ഉണ്ടെന്ന് ഇതു പറയുമ്പോൾ, സ്വീകാര്യമായ കാര്യങ്ങൾ അതു വേർതിരിക്കുന്നില്ല. എന്തായാലും, ദൃഷ്ടാന്തമായി, കഷ്ടതയ്ക്ക് ആശ്വാസം നല്കുന്ന നന്മപ്രവൃത്തികൾ യേശു വെളിപ്പെടുത്തിയത് ദൈവത്താൽ പ്രചോദിതമായതാണ്. ഉദാഹരണമായി, യേശു സൗഖ്യമാക്കി:

| | |
|---|---|
| വരണ്ട കയ്യുള്ള ഒരു മനുഷ്യൻ | മർക്കൊ. 3:1–6 |
| കൂനിയായ ഒരു സ്ത്രീ | ലൂക്കൊ. 13:10–17 |
| ഭൂതബാധിതനായ ഒരു മനുഷ്യൻ | ലൂക്കൊ. 4:33–36 |
| പത്രൊസിന്റെ രോഗിയായ അമ്മായിയമ്മ | ലൂക്കൊ. 4:38–41 |
| മഹോദരമുള്ള ഒരു മനുഷ്യൻ | ലൂക്കൊ. 14:1–6 |
| ശയ്യാവലംബിയായ ഒരു മനുഷ്യൻ | യോഹ. 5:1–18 |
| കുരുടനായ ഒരു മനുഷ്യൻ | യോഹ. 9:1–34 |

# ആത്മിക സൗഖ്യമാക്കൽ

മറ്റുള്ളതിലേയ്ക്കു നീങ്ങുന്നതിനുമുമ്പ്, യിസ്രായേൽ രാഷ്ട്രത്തിലൂടെ ആഘാത തരംഗങ്ങൾ അയച്ച മറ്റൊരു ശബ്ബത്ത് സൗഖ്യമാക്കൽ കൂടെ നമുക്കു ശ്രദ്ധിക്കാം.



"അവിടെ പള്ളിയിൽ അശുദ്ധ ഭൂതം ബാധിച്ച ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ നസ്രായനായ യേശുവേ, വിടൂ; ഞങ്ങൾക്കും നിനക്കും തമ്മിൽ എന്തു? ഞങ്ങളെ നശിപ്പിപ്പാൻ വന്നിരിക്കുന്നുവോ? നീ ആർ എന്നു ഞാൻ അറിയുന്നു; ദൈവത്തിന്റെ പരിശുദ്ധൻ തന്നേ എന്നു ഉറക്കെ നിലവിളിച്ചു. മിണ്ടരുതു; അവനെവിട്ടുപോക എന്നു യേശു അതിനെ ശാസിച്ചപ്പോൾ ഭൂതം അവനെ നടുവിൽ തള്ളിയിട്ടു കേടു ഒന്നും വരുത്താതെ അവനെ വിട്ടുപോയി. എല്ലാവർക്കും വിസ്മയം ഉണ്ടായി; ഈ വചനം എന്തു? അധികാരത്തോടും ശക്തിയോടുംകൂടെ അവൻ അശുദ്ധാത്മാക്കളോടു കല്പിക്കുന്നു; അവ പുറപ്പെട്ടു പോകുന്നു എന്നു തമ്മിൽ പറഞ്ഞുകൊണ്ടിരുന്നു" (ലൂക്കൊ. 4:33-36).

ഭൂതബാധ കൈകാര്യം ചെയ്യുന്ന വേദപുസ്തകത്തിലുള്ള കഥകൾ യഥാർത്ഥത്തിൽ ആത്മികരോഗത്തെക്കുറിച്ചാണ്. അശുദ്ധാത്മാവിന്റെ സ്വാധീനങ്ങളിൽനിന്നും തന്റെ ഭവനം അടിച്ചുവാരി വൃത്തിയാക്കിയ മനുഷ്യനെപ്പറ്റി യേശുവിന്റെ ഉപമ പറയുന്നു. നിരവധി അശുദ്ധാത്മാക്കൾ ഉള്ളിൽ കടക്കുന്നതിനേ ഇതു സഹായിച്ചുള്ളൂ എന്നത് ലോകം നമ്മെ നിരവധി വഞ്ചനകളാൽ എങ്ങനെകെണിയിൽപ്പെടുത്തുന്നു എന്നു പറയുന്നു. തങ്ങൾ ദീർഘകാലമായി കാത്തിരുന്ന രക്ഷകൻ, തങ്ങളുടെ വീണ്ടെടുപ്പുകാരൻ താൻ ആയിരുന്നുവെന്നു ജനങ്ങൾ അംഗീകരിക്കുന്നതിനു സഹായിക്കുവാൻ വിടുതൽ നല്കുന്ന ഈ അദ്ഭുതങ്ങൾ യേശു ശബ്ബത്തിൽ ചെയ്തു. "ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു"(ലൂക്കൊ. 4:18). ശാരീരികമോ ആത്മികമോ ആയ അടിമത്തത്തിൽനിന്നും ജനങ്ങളെ സ്വതന്ത്രരാക്കുന്നതിനുള്ള ഒരു സമയമായിരുന്നു ശബ്ബത്ത്. ഇതാണ് ഏഴാം ദിനത്തിന്റെ യഥാർത്ഥ സാരാംശം.

ശബ്ബത്ത് കല്പന യേശുവിന് വളരെ പ്രധാനമായിരുന്നു എന്നത് വ്യക്തമാണ്. മതനേതാക്കന്മാരുമായുണ്ടായിരുന്ന യേശുവിന്റെ ഓരോ വാദപ്രതിവാദവും ഒരിക്കലും ശബ്ബത്ത് അനുസരിക്കുന്നതിനെക്കുറിച്ചായിരുന്നില്ല, ശബ്ബത്ത് എങ്ങനെ അനുസരിക്കണം എന്നതിനെപ്പറ്റിയായിരുന്നു. ശബ്ബത്തിന്റെ യഥാർത്ഥ അർത്ഥം പരിരക്ഷിച്ചതിലൂടെ അവൻ ശബ്ബത്ത് കല്പനയെ ദൃഢമാക്കി. ഒരു അനുഗ്രഹവും, സാധാരണ വേലയിൽനിന്നുള്ള വിശ്രമവും മറ്റുള്ളവരെ സഹായിക്കുന്നതിനുള്ള ഒരവസരവും ആയിരിക്കേണ്ട ഒരു ദിവസമായിരുന്നു അത്.

# ഉയിർത്തെഴുന്നേല്പും ശബ്ബത്തും



"പീലാത്തൊസിന്റെ അടുക്കൽ ചെന്നു അരിമഥ്യയിലെ യോസേഫ് യേശുവിന്റെ ശരീരം ചോദിച്ചു, അതു ഇറക്കി ഒരു ശീലയിൽ പൊതിഞ്ഞു പാറയിൽ വെട്ടിയിരുന്നതും ആരെയും ഒരിക്കലും വെച്ചിട്ടില്ലാത്തതുമായ കല്ലറയിൽ വെച്ചു. അന്നു ഒരുക്കനാൾ ആയിരുന്നു, ശബ്ബത്തും ആരംഭിച്ചു" (ലൂക്കൊ. 23:52-54). യേശുവിനെ അനുഗമിച്ച സ്ത്രീകളുടെ പ്രവർത്തനങ്ങളും ലൂക്കൊസ് വിവരിക്കുന്നു. "ഗലീലയിൽനിന്നു അവനോടുകൂടെ പോന്ന സ്ത്രീകളും പിന്നാലെ ചെന്നു കല്ലറയും അവന്റെ ശരീരം വെച്ച വിധവും കണ്ടിട്ടു മടങ്ങിപ്പോയി സുഗന്ധവർഗ്ഗവും പരിമളതൈലവും ഒരുക്കി; കല്പന അനുസരിച്ചു ശബ്ബത്തിൽ സ്വസ്ഥമായിരുന്നു" (ലൂക്കൊ. 23:55,56).

യേശുവിന്റെ ശരീരം സുഗന്ധദ്രവ്യങ്ങളിട്ടു സംരക്ഷിക്കുന്നതിനുള്ള ശിഷ്യന്മാരുടെ യത്നം വെള്ളിയാഴ്ച വൈകുന്നേരം പൂർത്തിയാകാതിരുന്നപ്പോൾ, അതിനെക്കാൾ തങ്ങൾക്കറിയാവുന്നവിധം ചിലതുചെയ്യുന്നത് തങ്ങളുടെ കർത്താവിനെ അതൃപ്തനാക്കിയെന്നുവരാം, അതുകൊണ്ട് അവർ ആ പ്രവൃത്തി നിർത്തുകയും ശബ്ബത്ത് കഴിഞ്ഞതിനുശേഷം മടങ്ങിവരാമെന്നു തീരുമാനിക്കുകയുമായിരുന്നു. "അവർ ഒരുക്കിയ സുഗന്ധവർഗ്ഗം എടുത്തു ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം അതികാലത്തു കല്ലറയ്ക്കൽ എത്തി" (ലൂക്കൊ. 23:55,56. 24:1). ഞായറാഴ്ച അതികാലത്ത് യേശു ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന് സ്ത്രീകൾ കണ്ടെത്തി; ഈസ്റ്റർ ആഘോഷത്തിലൂടെ ക്രിസ്ത്യാനികൾ അതു അംഗീകരിക്കുകയും ചെയ്യുന്നു. യേശു മരിച്ചപ്പോൾ സ്ത്രീകൾ വിശ്രമിച്ച ഒരുക്കനാളിനും (ദുഃഖവെള്ളി), യേശു ഉയിർത്തെഴുന്നേറ്റ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിനും (ഉയിർപ്പിൻ ഞായർ - ഈസ്റ്റർ ഞായർ) മദ്ധ്യേ ശബ്ബത്തു (ശനിയാഴ്ച) ഉണ്ടായിരുന്നു.

# ശബ്ബത്ത് ആദ്യകാല ക്രിസ്തീയസഭയിൽ

ലോകം മുഴുവൻ സദ്വർത്തമാനം പങ്കുവെയ്ക്കുക എന്ന തങ്ങളുടെ ദൗത്യനിർവ്വഹണത്തിനുള്ള ആജ്ഞ ശിഷ്യന്മാർ യേശുവിൽനിന്നു തന്നെ സ്വീകരിച്ചു. തന്റെ സഭ സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്തം കർത്താവിനാൽ അവർക്കു നല്കപ്പെടുകയും, അവർ ക്രിസ്തുവിന്റെ അനുഗാമികൾ ആയിരുന്നതുകൊണ്ട്, വളരെനാൾ കഴിയുംമുമ്പെ, അവർ ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെടുവാൻ ആരംഭിക്കുകയും ചെയ്തിരുന്നു. സുവിശേഷവുമായി ലോകത്തിലേക്ക് എത്തിച്ചേരുന്നതിന് ഏറ്റവും ഫലവത്തായ മാർഗ്ഗം ക്രിസ്തുവിന്റെ ജീവിതം മാതൃകയാക്കുക എന്നതായിരുന്നുവെന്ന് അവർ വിശ്വസിച്ചു.

## ഒരു വിസ്മയ സത്യം

### ശബ്ബത്ത് പുതിയനിയമത്തിൽ

പുതിയനിയമത്തിൽ ശബ്ബത്ത് 58 പ്രാവശ്യം പരാമർശിക്കപ്പെട്ടിട്ടുണ്ട്. പഴയനിയമത്തിൽ ഇതിനുണ്ടായിരുന്ന അതേ പേര് "ശബ്ബത്ത് നാൾ" എല്ലായ്പ്പോഴും ബഹുമാനത്തോടെ വഹിക്കുന്നു.

എല്ലാറ്റിലും മുഖ്യകല്പനയോ... "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം എന്ന് ആകുന്നു" (മർക്കൊ. 12:28–30) എന്ന് യേശു ഒരിക്കൽ പറഞ്ഞു. ഈ കല്പന പിന്തുടരുന്നതിനു പരിശ്രമിക്കുന്നതിൽ ശിഷ്യന്മാരും ആദ്യകാല സഭാനേതാക്കന്മാരും തങ്ങളുടെ ജീവിതത്തിൽ ദൈവത്തെ പ്രഥമസ്ഥാനത്ത് ആക്കുകയും, യേശു ശബ്ബത്തിനെ ബഹുമാനിച്ചതുപോലെ പ്രത്യക്ഷമായി അതിനെ ബഹുമാനിക്കുവാൻ വാഞ്ഛിക്കുകയും ചെയ്തു. തിരുവചനപഠിതാക്കൾ എന്ന നിലയിൽ, യെശെയ്യാവു 56:2–7–ലെ വചനങ്ങളിൽ അവർക്ക് ആഴമേറിയ അർത്ഥമുണ്ടായിരുന്നു:

> "ശബ്ബത്തിനെ അശുദ്ധമാക്കാതെ പ്രമാണിച്ചു ദോഷം ചെയ്യാതവണ്ണം...മനുഷ്യനും ഭാഗ്യവാൻ. യഹോവയോടു ചേർന്നിട്ടുള്ള അന്യജാതിക്കാരൻ;...എന്റെ ശബ്ബത്തു ആചരിക്കയും എനിക്കു ഇഷ്ടമുള്ളതു തിരഞ്ഞെടുക്കയും...ശബ്ബത്തിനെ അശുദ്ധമാക്കാതെ ആചരിക്കയും എന്റെ നിയമം പ്രമാണിച്ചു നടക്കയും ചെയ്യുന്നവരെ ഒക്കെയും തന്നേ, ഞാൻ എന്റെ വിശുദ്ധപർവ്വതത്തിലേക്കു കൊണ്ടുവന്നു എന്റെ പ്രാർത്ഥനാലയത്തിൽ അവരെ സന്തോഷിപ്പിക്കും;... എന്റെ ആലയം സകല ജാതികൾക്കും ഉള്ള പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും."

അങ്ങനെ, ദൈവത്തിന്റെ ഏഴാംദിന ശബ്ബത്തിനെ എല്ലാ അപ്പൊസ്തലന്മാരും വിശുദ്ധമായി ആചരിച്ചു. ലൂക്കൊ. 4:16–ൽ യേശുവിന്റെ പതിവിനെപ്പറ്റിയുള്ള വിവരണം എങ്ങനെയാണ് അപ്പൊ. പ്രവൃ. 17:2 ൽ പ്രതിഫലിക്കുന്നത് എന്ന് ശ്രദ്ധിക്കൂ. "പൌലൊസ് പതിവുപോലെ അവരുടെ അടുക്കൽ (പള്ളിയിൽ) ചെന്നു മൂന്നു ശബ്ബത്തിൽ തിരുവെഴുത്തുകളെ ആധാരമാക്കി അവരോടു വാദിച്ചു." ക്രിസ്തു മരിച്ചു വളരെ നാളുകൾക്കുശേഷം, ശബ്ബത്ത് അനുസരിക്കുന്നത് പൌലൊസിന്റെ പതിവായിരുന്നു. (അപ്പൊ. പ്രവൃ. 13:13,14; 18:4 ഇവകൂടെ പരിശോധിക്കുക). യേശുവിന്റെ മാതൃക പൌലൊസ് പിന്തുടരുകയും ശബ്ബത്തിൽ പള്ളികളിൽ അതേവിധത്തിൽ പ്രസംഗിക്കുകയും ചെയ്തു.

ആദ്യകാല സഭയിലെ ഒരു തീക്ഷ്ണനിമിഷത്തിൽ, പൌലൊസ് ഒരു സംഘം സ്ത്രീകളെ ശബ്ബത്തിൽ സന്ധിക്കുന്നതും അവ



രോടുകൂടെ പ്രാർത്ഥിക്കുന്നതും നാം കാണുന്നു. “ശബ്ബത്തുനാളിൽ ഞങ്ങൾ ഗോപുരത്തിന്നു പുറത്തേക്കു പോയി അവിടെ പ്രാർത്ഥനാസ്ഥലം ഉണ്ടായിരിക്കും എന്നു ഞങ്ങൾ വിചാരിച്ചു പുഴവക്കത്തു ഇരുന്നു; അവിടെ കൂടിവന്ന സ്ത്രീകളോടു സംസാരിച്ചു” (അപ്പൊ. പ്രവൃ. 16:13). യേശു ചെയ്തതുപോലെ പൌലൊസും ആദ്യകാല സഭയും ശബ്ബത്ത് അനുസരിച്ചു എന്നത് അപ്പൊ. പ്രവൃത്തികളുടെ പുസ്തകം വളരെ വ്യക്തമായി പറയുന്നു.

അപ്പൊസ്തലന്മാർ ശബ്ബത്തിൽ ജാതികളെ പഠിപ്പിക്കുന്നതുംകൂടെ നാം കണ്ടെത്തുന്നു. അതേ, ഈ ദൈവികദൂതുകൾ കേൾക്കുന്നതിന് ഈ പുതിയ വിശ്വാസികൾ വാസ്തവത്തിൽ പള്ളികളിലേക്കു വന്നു. “അവർ പള്ളിവിട്ടു പോകുമ്പോൾ പിറ്റെ ശബ്ബത്തിൽ ഈ വചനം തങ്ങളോടു പറയേണം എന്നു അവർ അപേക്ഷിച്ചു... പിറ്റെ ശബ്ബത്തിൽ ഏകദേശം പട്ടണം മുഴുവനും ദൈവവചനം കേൾപ്പാൻ വന്നുകൂടി” (അപ്പൊ. പ്രവൃ. 13:42,44). യേശു അനുഷ്ഠിച്ച ശബ്ബത്തിനെ ഒരിക്കലും ഊന്നിപ്പറയാതെ, അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകത്തിന്റെ രചയിതാവ് പുറജാതിക്കാരനായ ലൂക്കൊസ് ശനിയാഴ്ചയെ ശബ്ബത്ത് നാൾ എന്നു തുടർച്ചയായി വിളിക്കുന്നത് ശ്രദ്ധിക്കുക.

അങ്ങനെ, ആദ്യകാല പുതിയനിയമ സഭയിലെ അപ്പൊസ്തലന്മാർ ദൈവത്തിന്റെ ശബ്ബത്ത് കല്പന അനുസരിക്കുക മാത്രമല്ല ശബ്ബത്തിൽ ആരാധിക്കുന്നത് മാനസാന്തരപ്പെട്ട ജാതികളെ പഠിപ്പിക്കുകയും ചെയ്തു. അവർ ഒരിക്കൽപ്പോലും അതിന്റെ സാധുതയെ ചോദ്യംചെയ്തതുമില്ല.



## ആരാധനയിലെ കുഴപ്പം

തങ്ങളുടെ ആരാധനാദിവസമായി ശിഷ്യന്മാർ ശബ്ബത്ത് അനുഷ്ഠിക്കുന്നത് തുടർന്നുകൊണ്ടിരുന്നു എന്നത് അനേകം ക്രിസ്ത്യാനികൾ ആശ്ചര്യത്തോടെയാണ് ഗ്രഹിച്ചിരുന്നത്. യേശുവിന്റെ അനുയായികൾ യഥാർത്ഥത്തിൽ അവരുടെ ആരാധനാദിനം മാറ്റിയെന്നു വേദപുസ്തകത്തിലെ ചില ഭാഗങ്ങൾ സൂചിപ്പിക്കുന്നതായി കാണപ്പെടുന്നു എന്ന് അവർ വിശ്വസിക്കുന്നു. അങ്ങനെയുള്ള ചില വചനങ്ങൾ നമുക്ക് ഒന്നു പരിശോധിക്കാം.



**അപ്പൊ. പ്രവൃ. 20:7-12.** *“ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ പൌലൊസ് പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ടു അവരോടു സംഭാഷിച്ചു പാതിരവരെയും പ്രസംഗം നീട്ടി.”*

ഞായറാഴ്ച രാവിലെ നടന്ന ഒരു ആരാധനയായിരുന്നു ഇത് എന്നു സൂചിപ്പിക്കുന്ന യാതൊന്നുമില്ല. വീണ്ടും, വേദപുസ്തകമനുസരിച്ച്, ഓരോ ദിവസവും സൂര്യാസ്തമയത്തിൽ ആരംഭിക്കുകയും അടുത്ത സൂര്യാസ്തമയത്തിൽ അവസാനിക്കുകയും (ലേവ്യ. 23:32) ദിവസത്തിന്റെ രാത്രി ആദ്യം വരികയും ചെയ്യുന്നു. അതുകൊണ്ട് ശബ്ബത്ത് യഥാർത്ഥത്തിൽ വെള്ളിയാഴ്ച സൂര്യാസ്തമയത്തിൽ ആരംഭിച്ച് ശനിയാഴ്ച സൂര്യാസ്തമയത്തിൽ അവസാനിക്കുന്നു. അപ്പൊ. പ്രവൃ. 20-ാം അദ്ധ്യായത്തിലെ ഈ യോഗം നടന്നത് ഞായറാഴ്ചയുടെ രാത്രിഭാഗത്ത് അഥവാ ഇന്നു നാം പറയുന്ന ശനിയാഴ്ച രാത്രിയായിരുന്നു. പുതിയ ഇംഗ്ലീഷ് വേദപുസ്തക (NEB) പരിഭാഷയിൽ അപ്പൊ. പ്രവൃ. 20:7 ആരംഭിക്കുന്നത് ഇപ്രകാരമാണ്: “ശനിയാഴ്ച രാത്രിയിലെ ഞങ്ങളുടെ കൂടിവരവിൽ...” അതുകൊണ്ട് ഇത് ഒരു ശനിയാഴ്ച രാത്രിയോഗമായിരുന്നു, അർദ്ധരാത്രിവരെ നീണ്ടുനില്ക്കുകയും ചെയ്തു. പൌലൊസ് ഒരു വിടവാങ്ങൽ യോഗത്തിലായിരുന്നു, തന്റെ മരണത്തിനുമുമ്പ് ഈ ജനങ്ങളെ വീണ്ടും കാണുകയില്ലെന്ന് അദ്ദേഹം അറിഞ്ഞിരുന്നു (വാക്യം 25). പൌലൊസ് “പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ടു” - അത് അദ്ദേഹത്തിന് ഒരു ശബ്ബത്തായിരുന്നെങ്കിൽ, അദ്ദേഹം യാത്രചെയ്യുമായിരുന്നില്ല. “അപ്പം നുറുക്കി” എന്നതിനും ഇവിടെ വലിയ പ്രാമുഖ്യമില്ല,





## ജാതികൾ ശബ്ബത്ത് അനുസരിച്ചു

മാനസാന്തരപ്പെട്ട ജാതികൾ ശനിയാഴ്ചയെ ശബ്ബത്ത് എന്നു വിളിച്ചു (അപ്പൊ. 13:42).

## പുതിയനിയമത്തിൽ ഞായറാഴ്ച



ആഴ്ചവട്ടത്തിന്റെ ഒന്നാം ദിനം, ഞായറാഴ്ചയെപ്പറ്റി പ്രതിപാദിക്കുന്ന എട്ടു വാക്യങ്ങൾ മാത്രമേ പുതിയ നിയമത്തിലുള്ളൂ. അവയിൽ ഒന്നും തന്നെ ഞായറാഴ്ച ക്രിസ്തീയ പ്രതിവാര ആരാധനാദിനമായി ത്തീർന്നെന്നു സൂചിപ്പിക്കുന്നില്ല.

കാരണം അവർ ദിനംപ്രതി അപ്പം നുറുക്കിയിരുന്നു (അപ്പൊ. പ്രവൃ. 2:46). ഈ യോഗത്തെപ്പറ്റി തിരുവചനത്തിൽ പരാമർശിച്ചിരിക്കുന്നത് യൂത്തിക്കൊസിനെ ഉയിർപ്പിച്ച് ജീവിതത്തിലേക്കു മടക്കിക്കൊണ്ടുവന്ന അദ്ഭുതം മൂലമാണ്. ദൈവം നാലാം കല്പന മാറ്റിയെന്നു സൂചിപ്പിക്കുന്ന യാതൊന്നും ഈ തിരുവചനഭാഗത്തില്ല.



**1 കൊരി. 16:1,2.** *"വിശുദ്ധന്മാർക്കു വേണ്ടിയുള്ള ധർമ്മശേഖരത്തിന്റെ കാര്യത്തിലോ ഞാൻ ഗലാത്യസഭകളോടു ആജ്ഞാപിച്ചതുപോലെ നിങ്ങളും ചെയ്‌വിൻ. ഞാൻ വന്നശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിന്നു ആഴ്ചവട്ടത്തിൽ ഒന്നാം നാൾതോറും നിങ്ങളിൽ ഓരോരുത്തർ തനിക്കു കഴിവുള്ളതു ചരതിച്ചു തന്റെ പക്കൽ വെച്ചുകൊള്ളേണം."*

ഇവിടെ ഒരു യഥാർത്ഥ സഭായോഗത്തിന്റെ സൂചന ഇല്ല. ധനശേഖരം സ്വകാര്യമായി ഭവനത്തിൽ സൂക്ഷിക്കണമായിരുന്നു. യെഹൂദ്യയിൽ ഒരു മഹാക്ഷാമം ഉണ്ടായി (റോമർ 15:26; അപ്പൊ. പ്രവൃ 11:26–30), ക്ഷാമബാധിതരായ തങ്ങളുടെ സഹോദരന്മാരെ സഹായിക്കുന്നതിന് ആസ്യയിലെ സഭകളോട് ആവശ്യപ്പെട്ടുകൊണ്ട് പൌലൊസ് എഴുതുകയായിരുന്നു. ഈ ക്രിസ്ത്യാനികൾ എല്ലാവരും ശബ്ബത്ത് വിശുദ്ധമായി ആചരിക്കുന്നവരായിരുന്നു. അതുകൊണ്ട് അവർ തങ്ങളുടെ കണക്കുകൾ തീർക്കുന്ന സമയമായിരുന്ന ഞായറാഴ്ച രാവിലെ, തങ്ങളുടെ സഹായമാവശ്യമുള്ള സഹോദരന്മാർക്കുവേണ്ടിയുള്ള ധനശേഖരം, താൻ വരുമ്പോൾ അവരവരുടെ കൈവശം ഉണ്ടായിരിക്കണമെന്ന് പൌലൊസ് നിർദ്ദേശിച്ചു.

**യോഹ. 20:19.** *"ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയ ആ ദിവസം, നേരം വൈകിയപ്പോൾ ശിഷ്യന്മാർ ഇരുന്ന സ്ഥലത്തു യെഹൂദന്മാരെ പേടിച്ചു വാതിൽ അടെച്ചിരിക്കെ യേശു വന്നു നടുവിൽനിന്നുകൊണ്ടു: "നിങ്ങൾക്കു സമാധാനം എന്നു അവരോടു പറഞ്ഞു."*

ശിഷ്യന്മാർ ഒരു പുതിയ ആരാധനാദിനം തിരഞ്ഞെടുത്തിരുന്നു എന്നു ഈ "കൂടിവരവ്" സൂചിപ്പിക്കുന്നില്ല. ശരിക്കുപറഞ്ഞാൽ, ഈ സന്ദർഭത്തിൽ, യേശു ഉയിർത്തെഴുന്നേറ്റു എന്നത് ശിഷ്യന്മാർ വിശ്വസിച്ചില്ല (മർക്കൊ. 16:14). അവർ അവിടെ കൂടിയിരുന്നത് "യെഹൂദന്മാരെ പേടിച്ചായിരുന്നു" മാത്രമല്ല, വാതിലുകളും അടച്ചിരുന്നു. അത് മതപരമായ ഒരു യോഗമല്ലായിരുന്നു. യേശു അവരുടെ മദ്ധ്യത്തിൽ പ്രത്യക്ഷനായപ്പോൾ, "തന്നെ ഉയിർത്തെഴുന്നേറ്റവനായി കണ്ടവരുടെ വാക്കു വിശ്വസിക്കായ്കയാൽ" അവൻ അവരെ ശാസിച്ചു.



വിഗ്രഹങ്ങൾക്കു അർപ്പിച്ചിരുന്ന ഭക്ഷണം, പരിച്ഛേദന, മറ്റു വിവാദ വിഷയങ്ങൾ എന്നിവ തന്റെ എഴുത്തുകളിൽ പൌലൊസ് കൈകാര്യം ചെയ്തിരിക്കുന്നു. എന്തായാലും, ആഴ്ചതോറുമുള്ള ശബ്ബത്തിനെപ്പറ്റി ഒരിക്കലും അദ്ദേഹം പറഞ്ഞില്ല. എന്നുമാത്രമല്ല, താൻ ശബ്ബത്ത് ലംഘനത്താൽ ഒരിക്കലും കുറ്റപ്പെടുത്തപ്പെട്ടില്ല. ആരാധനാദിനത്തിൽ ഒരു വ്യത്യാസം ഉണ്ടായിരുന്നെങ്കിൽ, അത് ആദ്യകാല ക്രിസ്തീയ സഭയിൽ ചൂടേറിയ ഒരു ചർച്ചാവിഷയമാകുമായിരുന്നു. എന്നാൽ നാം അതിനെപ്പറ്റി യാതൊന്നും കേട്ടില്ല. എന്തുകൊണ്ട്? കാരണം ആദ്യകാല ക്രിസ്തീയ സഭയ്ക്കുവേണ്ടി ആരാധനാദിനം മാറ്റിയില്ല.

# സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കും

*"യഹോവേ, നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു" (സങ്കീ. 119:89).*

ആഴ്ചയുടെ ഏഴാം ദിനം, ശനിയാഴ്ചയെ, ദൈവത്തോടുകൂടെ ഒരു പ്രത്യേക സമ്പർക്കദിനവും നമ്മുടെ പതിവുവേലകളിൽനിന്നുള്ള വിശ്രമദിനവുമായി സൃഷ്ടിതാവ് എങ്ങനെ മാറ്റി വെച്ചു എന്ന് നാം ഒരുമിച്ച് നേരത്തെതന്നെ കണ്ടതാണ് (പുറ. 20:10). പിതാവായ ദൈവം ഇച്ഛിച്ചതുപോലെ യേശു ശബ്ബത്തിനെമാനിക്കുന്നതു ക്രമീകരിക്കുകയും ആദിമസഭ ഇതു പിന്തുടരുകയും ചെയ്യുന്നതും നാം കണ്ടു.

എന്നുമാത്രമല്ല, പഴയനിയമത്തിലും പുതിയനിയമത്തിലും, ശബ്ബത്ത് ദിനം മാറ്റപ്പെട്ടിരുന്നു എന്നു സൂചിപ്പിക്കുന്ന ഒരു വാക്യംപോലും നാം കാണുന്നില്ല. അതുകൊണ്ട് വേദപുസ്തകത്തിലോ അഥവാ യേശുവിന്റെയും ശിഷ്യന്മാരുടെയും സ്വാധീനത്താലോ ഈ മാറ്റം സംഭവിച്ചിട്ടില്ലെങ്കിൽ, ക്രിസ്തുവിനെ പിന്തുടരുന്ന അനേകം മനുഷ്യർ ഏഴാം ദിനത്തിനു പകരം ആഴ്ചവട്ടത്തിന്റെ ഒന്നാം ദിനമായ ഞായറാഴ്ച ആചരിക്കുന്നത് എന്തുകൊണ്ടാണ്?

ഇതു മനസ്സിലാക്കുന്നതിനുവേണ്ടി, യഥാർത്ഥ അപ്പൊസ്തലന്മാരുടെ മരണം കഴിഞ്ഞയുടനെ ആദ്യകാല സഭയിൽ എന്തു സംഭവിച്ചു എന്ന് നമുക്കു നോക്കാം. ഉദാഹരണത്തിന്, അപ്പൊസ്തലനായ പൌലൊസ്, തന്റെ മരണം കഴിഞ്ഞാലുടനെ, വിശ്വാസത്യാഗം, സത്യത്തിൽനിന്നുള്ള അകന്നുപോകൽ സംഭവിക്കുമെന്ന് സ്പഷ്ടമായി പ്രവചിച്ചിരുന്നു. തന്റെ ജീവിതകാലത്ത് മുമ്പേതന്നെ ഈ വിശ്വാസത്യാഗം പ്രവർത്തനനിരതമായിരുന്നു എന്നും അതു വരുന്നത് പുറമെനിന്നുള്ള സ്വാധീനത്താലല്ല, സഭയ്ക്കുള്ളിൽ നിന്നായിരിക്കുമെന്നും അദ്ദേഹം മുന്നറിയിച്ചിരുന്നു (2 തെസ്സ. 2:7; അപ്പൊ. പ്രവൃ. 20:28-30).

കൗതുകകരമായ കാര്യം, മശീഹയായ യേശുവിന്റെ കാലത്തിനു ശേഷം ഒരു മതശക്തി ഉയർന്നുവരികയും, "സമയങ്ങളെയും നിയമങ്ങളെയും, (ശബ്ബത്തും പത്തുകല്പനകളും) മാറ്റുവാൻ ശ്രമിക്കയും ചെയ്യു" മെന്ന് നൂറ്റാണ്ടുകൾക്കു മുമ്പേ ദാനീയേൽ പ്രവാചകൻ പ്രവചിച്ചുകൊണ്ട് എഴുതിയിരിക്കുന്നു (ദാനീ. 7:25).

ഈ പ്രവചനം നിറവേറിയത് എങ്ങനെയായിരുന്നു എന്നു കാണുവാൻ നാം ആദ്യകാല സഭാചരിത്രത്തിലേക്ക് അധികം നോക്കേണ്ടതില്ല. ക്രിസ്ത്യാനിത്വത്തെ അജ്ഞാന മതവുമായി യോജിപ്പിക്കുവാൻ ആഗ്രഹിക്കുന്ന മതതത്ത്വജ്ഞാനികളുടെ സ്വാധീനത്തിൻ കീഴിൽ ജ്ഞാനവാദം (Gnosticism) എന്നറിയപ്പെട്ട ഒരുപദേശം പെട്ടെന്ന് ഉദയം ചെയ്തു. ഇതേ സമയത്തുതന്നെ, യെഹൂദന്മാർക്കെതിരെ ശക്തമായ ഒരു വികാരം വ്യാപകമായിത്തീരുകയും അജ്ഞാന മതത്താൽ (വിഗ്രഹാരാധനയാൽ) സ്വാധീനിക്കപ്പെട്ടിരുന്ന ഇതേ ക്രിസ്ത്യാനികൾ യെഹൂദ്യമതാചാരങ്ങളിൽനിന്നും സ്വയം അകലുകയും ചെയ്തു.

നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജനറൽ കുസ്തന്തിനോസ് (കോൺസ്റ്റന്റൈൻ) റോമിന്റെ ചക്രവർത്തിയായിത്തീർന്നപ്പോൾ, ശക്തിയിലും അംഗസഖ്യയിലും മുമ്പേതന്നെ വളർച്ച പ്രാപിച്ചിരുന്ന ക്രിസ്തീയസഭ, തങ്ങളുടെ അതിവിശിഷ്ട വിശ്വാസാചരണത്തിൽ മാനസാന്തരപ്പെടാത്ത ലോകത്തിന്റെ സ്വാധീനങ്ങൾ സംബന്ധിച്ച് അതുതന്നെ ഭിന്നിപ്പിക്കപ്പെട്ടു.

## ഞായറാഴ്ച: കോൺസ്റ്റന്റൈൻ മുതൽ ഇന്നുവരെ

ആദ്യ "ക്രിസ്തീയ ചക്രവർത്തി" കോൺസ്റ്റന്റൈൻ ആയിരുന്നുവെന്നു പറഞ്ഞിരിക്കുന്നു, മാത്രമല്ല തന്റെ മാനസാന്തരത്തിന്റെ ചരിത്രം ചരിത്രകാരന്മാരുടെയിടയിൽ സുപരിചിതവുമാണ്. തനിക്കു സ്പഷ്ടമായിട്ടുള്ള ഒരു ദർശനം ഉണ്ടായപ്പോൾ തന്റെ സൈന്യത്തെ മിൽവ്യൻ ബ്രിഡ്ജ് യുദ്ധത്തിനായി നയിക്കുകയായിരുന്നു. അദ്ദേഹം ആകാശത്തിൽ ജ്വലിക്കുന്ന ഒരു കുരിശും, അതിനുകീഴിൽ ഉണ്ടായിരുന്ന "ഈ അടയാളത്തിൽ ജയിച്ചുകീഴടക്ക" എന്ന വാക്കുകളും കണ്ടതായി അവകാശപ്പെട്ടു. കോൺസ്റ്റന്റൈൻ യുദ്ധം ജയിക്കുകയും താൻ ഒരു ക്രിസ്ത്യാനി ആയിത്തീരണമെന്നതിന്റെ ലക്ഷണമായിരുന്നു ആ അടയാളമെന്നു പറയുകയും ചെയ്തു.

ക്രിസ്തീയ സഭ വളരെ വേഗം പ്രബലമായ ഒരു ശക്തിയായിത്തീരുമെന്ന് തിരിച്ചറിഞ്ഞ കോൺസ്റ്റന്റൈൻ താൻ മാനസാന്തരപ്പെട്ടു എന്നു അവകാശപ്പെടുകയും സഭയുടെ ശക്തിയും അന്തസ്സും വളർത്തുവാൻ ആരംഭിക്കുകയും ചെയ്തു. തന്റെ സൈനികരെല്ലാം ഉടനെതന്നെ സ്നാനപ്പെടണമെന്ന് ആവശ്യപ്പെട്ടു! തന്റെ സ്വാധീനത്താൽ, അലഞ്ഞുതിരിയുന്ന വിഗ്രഹാരാധികളായ വലിയ



ജനവർഗ്ഗം ക്രിസ്തീയ അണിയിലേക്കു ചേർക്കപ്പെട്ടിരുന്നുവെങ്കിലും, ഈ സ്ത്രീപുരുഷന്മാർ അപ്പോഴും തങ്ങളുടെ ഹൃദയത്തിൽ യഥാർത്ഥമായും വിഗ്രഹാരാധികൾതന്നെയായിരുന്നു. അവർ തങ്ങളുടെ വിഗ്രഹങ്ങളും സൂര്യാരാധനയുടെ ആചാരങ്ങളും ക്രിസ്തീയ സഭയുടെ അനുഷ്ഠാനത്തിലേക്കു കൊണ്ടുവരികയും ചെയ്തിരുന്നു.



പ്രമുഖ ചരിത്രകാരൻ സൊസോമെൻ പ്രതിപാദിച്ചു, “കോൺസ്റ്റാന്റിനോപ്പിളിലെയും, മിക്കവാറും എല്ലായിടത്തുമുള്ള ജനങ്ങൾ ശബ്ബത്തിലും, അതുപോലെ തന്നെ ആഴ്ചയുടെ ഒന്നാം ദിനത്തിലും ഒന്നിച്ചു കൂടിവന്നത് ഒരിക്കലും റോമിലെ അഥവാ അലക്സാൻഡ്രിയയിലെ ആചാരം അനുഷ്ഠിക്കുന്നതിനല്ല” (സോക്രട്ടീസ്, *എക്ലീഷ്യാസ്റ്റിക്കൽ ഹിസ്റ്ററി*, ബുക്ക് 7, അദ്ധ്യായം 19.)

## സൂര്യനെ നമസ്കരിക്കുന്ന ദിനം

ആ കാലത്ത് മിത്രാരാധന(മിത്രായിസം) അഥവാ സൂര്യാരാധന, റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായിരുന്നു. അതിന് അതിന്റെ സ്വന്തമായ ക്ഷേത്രങ്ങളും പൗരോഹിത്യവും അംഗവസ്ത്രങ്ങളും ഉണ്ടായിരുന്നു. “സൂര്യന്റെ ആരാധ്യദിനം” എന്നറിയപ്പെട്ടിരുന്ന ഒരു ഔദ്യോഗിക പൂജാദിനവും അതിനുണ്ടായിരുന്നു. അത് ആഴ്ചയുടെ ഒന്നാം ദിനമായിരുന്നു, മാത്രമല്ല അതിൽനിന്നും ഞായറാഴ്ച എന്ന പേരും നമുക്കു ലഭിച്ചു.

വിഗ്രഹാരാധകരായ തന്റെ പിന്തുണക്കാരെ കോൺസ്റ്റന്റൈൻ സഭയിലേക്കു വരുവാൻ നിർബന്ധിച്ചപ്പോൾ, ഒരു പ്രത്യേക വിശുദ്ധ ദിവസമായി ഞായറാഴ്ചയെ അവർ മുമ്പേതന്നെ ആചരിച്ചിരുന്നു. അവർക്ക് ക്രിസ്ത്യാനികൾ ആയിരിക്കുന്നത് കൂടുതൽ സൗകര്യപ്രദമാക്കിത്തീർക്കുന്നതിനുവേണ്ടി, അക്കാലംവരെ യേശുവും തന്റെ അനുയായികളും അനുസരിച്ചുപോന്ന ക്രിസ്തീയ ശബ്ബത്തിനുപകരം, കോൺസ്റ്റന്റൈൻ വിഗ്രഹാരാധികളുടെ ആരാധനാദിനമായ, ഞായറാഴ്ച സ്വീകരിച്ചു. വീണ്ടും, യെഹൂദന്മാർക്ക് എതിരെയുള്ള വികാരങ്ങളാൽ ഈ മാർഗ്ഗം വളരെ എളുപ്പമാക്കിത്തീർത്തിരുന്നു, “യെഹൂദന്മാർ ക്രിസ്തുവിനെ കൊലചെയ്തു” എന്നതുകൊണ്ട് അനേകം ക്രിസ്ത്യാനികൾ യെഹൂദന്മാരോടു അനുകമ്പയുള്ളവരായി കാണപ്പെടുന്നത് ഒഴിവാക്കുവാൻ കാരണമായി.

ശനിയാഴ്ചയ്ക്കുമേൽ ഞായറാഴ്ചയെ ആദരിക്കുന്നതിന് ക്രിസ്തീയ ആചാരത്തിനു മാറ്റം വരുത്തുവാൻ കോൺസ്റ്റന്റൈന് കഴിഞ്ഞത് എങ്ങനെയായിരുന്നു എന്നു മനസ്സിലാക്കുന്നത് വളരെ എളുപ്പമാണ്. അദ്ദേഹത്തിന്റെ “മാനസാന്തരം” യഥാർത്ഥമായ ഒരു ഹൃദയരൂപാന്തരത്തെക്കാൾ അധികം രാഷ്ട്രീയ സ്വഭാവമുള്ളതായിരുന്നു എന്ന് തുടർന്നുള്ള തന്റെ പ്രവർത്തനങ്ങൾ സൂചിപ്പിക്കുന്നു. കത്തോലിക്കാസഭയുടെ ബിഷപ്പ് എന്ന് കോൺസ്റ്റന്റൈൻ തന്നെത്തന്നെ സ്വയം നാമകരണം ചെയ്യുകയും ഞായറാഴ്ച ആചരണത്തെപ്പറ്റി എ. ഡി. 321-ൽ ആദ്യ ആഭ്യന്തര നിയമനിർമ്മാണം നടത്തുകയും ചെയ്തു.

## ഏതാനും ഔദ്യോഗിക ചരിത്രം

“മുടക്കം കൂടാതെ ഞായറാഴ്ചാചരണത്തിനു വേണ്ടി ആദ്യമായി ഒരു നിയമം ഉണ്ടാക്കുകയും റോമാസാമ്രാജ്യത്തിലുട നീളം അതു മുടങ്ങാതെ അനുഷ്ഠിക്കണമായിരുന്നു എന്നു നിയോഗിച്ചതും കോൺസ്റ്റന്റൈൻ ആയിരുന്നു” *(എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക,* സൺഡേ).

“ദിവ്യകൃപാവാഹകനായി മിത്രാമതം കൈസറെ അംഗീകരിച്ചു. അതിന് വളരെയധികം സ്വീകാര്യത ഉണ്ടായിരുന്നതുകൊണ്ട് ക്രിസ്തീയ ലോകത്ത് ശബ്ബത്തിന്റെ സ്ഥാനത്ത് അതിന്റെ ഞായറാഴ്ചയെ അടിച്ചേല്പ്പിക്കുവാൻ അതിനു കഴിഞ്ഞിരുന്നു” *(ഹിസ്റ്ററി ഓഫ് ക്രിസ്റ്റ്യാനിറ്റി ഇൻ ദി ലൈറ്റ് ഓഫ് മോഡേൺ നോളജ്).*

“ഒരു നവീകരണ സഭക്കാരൻ (പ്രൊട്ടസ്റ്റന്റ്) ഉണ്ടാകുന്നതിനും ആയിരം വർഷം മുമ്പേ കത്തോലിക്കാ സഭ അവൾക്ക് ദൈവിക നിയോഗം ഉണ്ടെന്നുള്ള കാരണത്താൽ, ശബ്ബത്തിനെ ശനിയാഴ്ചയിൽനിന്നും ഞായറാഴ്ചയിലേക്കു മാറ്റി” *(ദി കാത്തലിക് മിറർ,* സെപ്റ്റംബർ 23, 1894).

“ചോദ്യം: ശബ്ബത്ത് ദിനം ഏതാണ്? ഉത്തരം: ശനിയാഴ്ചയാണ് ശബ്ബത്ത് ദിനം. ചോദ്യം: നാം ശനിയാഴ്ചയ്ക്കു പകരം ഞായറാഴ്ച ആചരിക്കുന്നത് എന്തുകൊണ്ടാണ്? ഉത്തരം: കത്തോലിക്കാസഭ ലവൊദിക്ക്യ കൗൺസിലിൽവെച്ച് ശനിയാഴ്ചയുടെ പരിശുദ്ധിയെ ഞായറാഴ്ചയിലേയ്ക്കു മാറ്റി സ്ഥാപിച്ചതുകൊണ്ടാണ് നാം ശനിയാഴ്ചയ്ക്കു പകരം ഞായറാഴ്ച ആചരിക്കുന്നത്.” *(കൺവെർട്ട്സ് കാറ്റക്കിസം ഓഫ് കാത്തലിക്ക് ഡോക്ട്രിൻ).*

കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കല്പന"ശബ്ബത്ത്" പ്രതിപാദിക്കുന്നുപോലുമില്ല, എന്നാൽ കല്പിക്കപ്പെട്ട വിശ്രമദിനമായി "സൂര്യാരാധനാദിന"ത്തെ പരാമർശിച്ചിരിക്കുന്നു. മാത്രമല്ല ഇതിന്റെ അനുഷ്ഠാനം അധികമായും സൗകര്യത്തെ അടിസ്ഥാനമാക്കിയായിരുന്നു... കൃഷിക്കാർ, ഉദാഹരണത്തിന് ഫലശേഖരകാലം ഞായറാഴ്ചകളിൽ വരികയാണെങ്കിൽ ഞായറാഴ്ച വിശ്രമിക്കുന്ന കാര്യം അവർ അവഗണിക്കുമായിരുന്നു. ഇതിനെ"വിതകാലമോ കൊയ്ത്തുകാലമോ ആയാലും സ്വസ്ഥമായിരിക്കേണം" (പുറ. 34:21) എന്ന് ശബ്ബത്ത് അനുസരിക്കുന്നതിനെപ്പറ്റിയുള്ള ദൈവത്തിന്റെ ആജ്ഞയുമായി താരതമ്യം ചെയ്യുക.

## കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ ശാസനം

"സൂര്യാരാധനാദിനം പട്ടണവാസിയായ ന്യായാധിപനും ജനങ്ങളും വിശ്രമിക്കുകയും, പണിശാലകൾ എല്ലാം അടഞ്ഞുകിടക്കുകയും ചെയ്യട്ടെ. രാജ്യത്തിൽ എന്തായാലും, കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ സ്വതന്ത്രമായും നിയമപരമായും അവരുടെ പ്രവൃത്തി തുടരട്ടെ; കാരണം ധാന്യങ്ങൾ വിളയിക്കുവാനും മുന്തിരിവള്ളി നട്ടുവളർത്തുവാനും പലപ്പോഴും മറ്റൊരു ദിവസം അനുയോജ്യമാകുകയില്ല; അങ്ങനെ വന്നാൽ അത്തരം പ്രവർത്തനങ്ങൾക്ക് ഉചിതമായ സമയം അവഗണിക്കുന്നതിലൂടെ സ്വർഗ്ഗീയദാനം നഷ്ടപ്പെടുമായിരുന്നു"(സ്കാഫ്സ് ഹിസ്റ്ററി ഓഫ് ദി ക്രിസ്റ്റ്യൻ ചർച്ച്, വാല്യം III, ചാപ്റ്റർ 75).



ആകസ്മികമായി പിന്നീട് സഭാനേതാക്കന്മാർ ഈ തീക്ഷ്ണതയില്ലായ്മ ശ്രദ്ധിക്കുകയും കേവലം നാലുവർഷത്തിനുശേഷം, എ. ഡി. 325-ൽ പോപ്പ് സിൽവെസ്റ്റർ "കർത്തൃദിന"മെന്നു ഞായറാഴ്ചയെ ഔദ്യോഗികമായി നാമകരണം ചെയ്യുകയും, എ. ഡി. 338-ൽ കോൺസ്റ്റന്റൈനിന്റെ ബിഷപ്പ് യൂസേബിയസ് എഴുതി, "ശബ്ബത്തിൽ (ആഴ്ചയുടെ ഏഴാംദിവസം) ചെയ്യേണ്ടിയിരുന്ന കർത്തവ്യം എന്തായിരുന്നാലും അവയെല്ലാം ഞങ്ങൾ (കോൺസ്റ്റന്റൈൻ, യൂസേബിയസ്, മറ്റു ബിഷപ്പുമാർ എന്നിവർ) കൂടുതൽ അനുയോജ്യമായ കർത്തൃദിവസത്തിലേക്ക് (ആഴ്ചയിലെ ഒന്നാം ദിവസം) മാറ്റി സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു."

യഥാർത്ഥവും ഏറ്റവും ഭയാവഹവുമായ വിധത്തിൽ, ഈ നേതാക്കന്മാർ ദൈവസ്ഥാനത്തേക്ക് തങ്ങളെത്തന്നെ ഉയർത്തി - അവരുടെ രാഷ്ട്രീയവും സാമ്പത്തികവുമായ അറുതികൾക്ക് അനുയോജ്യമായി ദൈവത്തിന്റെ ഒരു കല്പനനേരിട്ടു മാറ്റി. തൽഫലമായി, ആയിരക്കണക്കിനു വർഷങ്ങളായി, ഈ മനുഷ്യനിർമ്മിത ശബ്ബത്ത് ബഹുഭൂരിപക്ഷം ക്രിസ്ത്യാനികൾ തലമുറകളിലൂടെ കൈമാറി ഇന്നുവരെ എത്തിയിരിക്കുന്നു.

## ദൈവം പറഞ്ഞത് എന്താണ്?

മനുഷ്യർ തങ്ങളുടെ തന്നെ വ്യക്തിപരവും രാഷ്ട്രീയവുമായ താൽപര്യങ്ങൾ പ്രതിഫലിപ്പിക്കുന്നതിന് ദൈവത്തിന്റെ ശബ്ബത്ത് കല്പന മാറ്റുവാൻ എങ്ങനെശ്രമിച്ചു എന്നുള്ള ശബ്ബത്തിന്റെ ഈ ആകർഷക ചരിത്രം കുറച്ചു മനുഷ്യർക്ക് ഇന്നറിയാം. അതുകൊണ്ട് നിങ്ങൾ ആശ്ചര്യപ്പെടുന്നുണ്ടായിരിക്കും, "ശബ്ബത്തിനെ ശനിയാഴ്ചയിൽനിന്നും ഞായറാഴ്ചയിലേക്കു മാറ്റുവാൻ ശ്രമിച്ച സഭാനേതാക്കന്മാരെപ്പറ്റി ദൈവം ചിന്തിക്കുന്നത് എന്താണ്?" അതു വിശേഷിച്ച് അത്ര ആകർഷകമല്ല.

ദൈവത്തിനു "വികാരമോ ഗതിഭേദത്താലുള്ള ആച്ഛാദനമോ ഇല്ല" (യാക്കോ. 1:17) എന്നും, യഹോവ മാറാത്തവൻ (മലാ. 3:6) എന്നും വേദപുസ്തകം പറയുന്നു. യിസ്രായേൽമക്കൾ മോശെയിൽനിന്നും രണ്ടു ന്യായപ്രമാണങ്ങൾ സ്വീകരിച്ചു: മോശെയുടെ കർമ്മാചാരപരമായ ന്യായപ്രമാണവും; ദൈവസ്വഭാവത്തിന്റെ പ്രതിഫലനമായ പത്തുകല്പനയായ ദൈവത്തിന്റെ ന്യായപ്രമാണവും. ദൈവം മാറുകയില്ലെങ്കിൽ, തന്റെ ന്യായപ്രമാണവും മാറു

ശബ്ബത്ത് നാളിനെശുദ്ധീകരിക്ക എന്ന ഒരു കല്പനയുണ്ടായിരുന്നു, ഇന്നും ഉണ്ട്. എന്നാൽ ആ ശബ്ബത്ത് നാൾ ഞായറാഴ്ചയായിരുന്നില്ല. ശബ്ബത്ത് അതിന്റെ സർവ്വവിധ കർത്തവ്യങ്ങളോടും, പദവികളോടും, അനുശാസനങ്ങളോടും കൂടെ ആഴ്ചയുടെ ഏഴാം ദിനത്തിൽനിന്നും ഒന്നാം ദിനത്തിലേയ്ക്കു മാറ്റി സ്ഥാപിക്കപ്പെട്ടു... ഇത്തരമൊരു കൃത്യനിർവ്വഹണത്തിന്റെ ചരിത്രം കണ്ടെത്തുവാൻ കഴിയുന്നതെവിടെ? പുതിയനിയമത്തിലില്ല...ആഴ്ചയുടെ ഏഴാം ദിനത്തിൽനിന്നും ഒന്നാം ദിനത്തിലേയ്ക്കു ശബ്ബത്ത് മാറ്റിയതിനെപ്പറ്റി തിരുവചന തെളിവുമില്ല" (ഡോ. ഇ. ടി. ഹിസ്കോക്സ്, ഓതർ ഓഫ് ദി ബാപ്റ്റിസ്റ്റ് മാന്വൽ).

"ക്രിസ്തീയ സഭയുടെ മനസ്സിൽനിന്നും യെഹൂദ ശബ്ബത്ത് മാഞ്ഞുപോകുകയും... ഒന്നാം ദിന ആരാധന അടിസ്ഥാനമായിരുന്ന പുതിയ ആശയം സഭ അധീനമാക്കുകയും ചെയ്തു. ആദ്യ മൂന്നു നൂറ്റാണ്ടുകളിലെ ക്രിസ്ത്യാനി ഒരിക്കലും ഒന്നു മറ്റൊന്നുമായി കൂട്ടിക്കുഴച്ചിരുന്നില്ല, രണ്ടും ആചരിച്ചിരുന്നതായി നാം കാണുന്നു" (ദി സൺഡേ പ്രോബ്ളം, എ സ്റ്റഡി ബുക്ക് ബൈ ദി ലൂഥറൽ ചർച്ച്, പേജ് 36).

"എബ്രായ ഭാഷയിൽ ശബ്ബത്ത് വിശ്രമത്തെ ചൂണ്ടിക്കാണിക്കുന്നു, അത് ആഴ്ചയുടെ ഏഴാം ദിവസമാണ്. ഒന്നാം ദിവസത്തെപ്പറ്റി പുതിയനിയമത്തിൽ ഒരു കല്പനയുമില്ലെന്നുള്ളത് സത്യമാണെന്നു അംഗീകരിച്ചേ തീരൂ" (മെഥോഡിസ്റ്റ് ചാൾസ് ബക്ക്, എ തിയോളജിക്കൽ ഡിക്ഷനറി, "സാബത്ത്")

കയില്ല. “ഞാൻ എന്റെ നിയമത്തെ ലംഘിക്കയോ എന്റെ അധരങ്ങളിൽനിന്നു പുറപ്പെട്ടതിന്നു ഭേദം വരുത്തുകയോ ചെയ്കയില്ല” (സങ്കീ. 89:34). “ദൈവം പ്രവർത്തിക്കുന്നതൊക്കെയും ശാശ്വതം എന്നു ഞാൻ അറിയുന്നു; അതിനോടു ഒന്നും കൂട്ടുവാനും അതിൽനിന്നു ഒന്നും കുറെപ്പാനും കഴിയുന്നതല്ല” (സഭാ. 3:14). കൂടാതെ, “അവന്റെ കൈകളുടെ പ്രവൃത്തികൾ സത്യവും ന്യായവും ആകുന്നു; അവന്റെ പ്രമാണങ്ങൾ എല്ലാം വിശ്വാസ്യം തന്നേ” (സങ്കീ. 111:7,8).

ദൈവം സീനായ്മലയിൽ വെച്ച് തന്റെ കല്പനകൾ യിസ്രായേൽ ജനങ്ങൾക്ക് നല്കി. വലിയ ഇടിമുഴക്കത്തിന്റെയും മിന്നലിന്റെയും മദ്ധ്യേ കനത്ത ഒരു മേഘം പർവ്വതത്തെ മൂടുകയും മഹാകാഹളം ധ്വനിക്കുകയും ചെയ്തു. ഒരു തീച്ചൂളയിൽനിന്നെന്നപോലെ പുക പൊങ്ങുകയും കാഹളശബ്ദം വീണ്ടും വീണ്ടും ഉച്ചത്തിൽ മുഴങ്ങുകയും, പർവ്വതം കുലുങ്ങുകയും ചെയ്തു. ദൈവത്തെ സന്ധിക്കേണ്ടതിന് മോശെ യിസ്രായേൽ ജനങ്ങളെ അവരുടെ പാളയത്തിൽനിന്നു പുറത്തേയ്ക്കു നയിച്ചു, ജനങ്ങൾ ഓരോരുത്തരും നടുങ്ങി. തുടർന്നു ദൈവം സംസാരിച്ചു (പുറ. 19:16–19; 20:1). ഈ കല്പന മാറ്റണമായിരുന്നുവെങ്കിൽ, ദൈവംതന്നെ അത് അറിയിക്കുമെന്നു പ്രത്യാശിക്കുന്നതും അത്യന്തമഹത്വത്തിനും ആചാരാനുഷ്ഠാനത്തിനും ഇടയിൽ, അതിന്റെ മാറ്റത്തിനുള്ള കാരണങ്ങൾ നല്കുന്നതും യുക്തിസഹമായിരുന്നു. ഇതുവരെ പഴയനിയമത്തിലോ പുതിയനിയമത്തിലോ അത്തരമൊരു അറിയിപ്പിനെപ്പറ്റി ഒരു സൂചനയുമില്ല.

ഇതുകൊണ്ട് ദൈവം പറയുന്നു, “അതിലെ പുരോഹിതന്മാർ എന്റെ ന്യായപ്രമാണത്തോടു ദ്രോഹം ചെയ്തു എന്റെ വിശുദ്ധ വസ്തുക്കളെ അശുദ്ധമാക്കുന്നു; അവർ ശുദ്ധവും അശുദ്ധവും തമ്മിൽ വേറുതിരിക്കുന്നില്ല; മലിനവും നിർമ്മലിനവും തമ്മിലുള്ള ഭേദം കാണിച്ചുകൊടുക്കുന്നതുമില്ല; ഞാൻ അവരുടെ മദ്ധ്യേ അശുദ്ധനായി ഭവിക്കത്തക്കവണ്ണം അവർ എന്റെ ശബ്ബത്തുകളെ നോക്കാതെ കണ്ണു മറെച്ചുകളയുന്നു” (യെഹെ. 22:26). അവരുടെ പ്രവർത്തനങ്ങൾ മുഖാന്തരം, ദശലക്ഷക്കണക്കിനു സത്യസന്ധരും വിശ്വസ്തരുമായ ക്രിസ്ത്യാനികൾ വേദപുസ്തകം പഠിപ്പിക്കാത്ത ചിലതു വിശ്വസിക്കുന്നതിലേക്കു നയിക്കപ്പെടുന്നു.



## വേദപുസ്തകത്തിനു മാറ്റം വരുത്തരുത്

തന്റെ കല്പനമറ്റാരെങ്കിലും മാറ്റുന്നത് ദൈവം വിലക്കുന്നു. "ദൈവത്തിന്റെ സകലവചനവും ശുദ്ധി ചെയ്തതാകുന്നു... അവന്റെ വചനങ്ങളോടു നീ ഒന്നും കൂട്ടരുതു; അവൻ നിന്നെ വിസ്തരിച്ചിട്ടു നീ കള്ളനാകുവാൻ ഇട വരരുതു" (സദൃശ. 30:5,6). ആവ. 4:2 വിശദീകരിക്കുന്നു, "ഞാൻ നിങ്ങളോടു കല്പിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകളെ നിങ്ങൾ പ്രമാണിക്കേണം. ഞാൻ നിങ്ങളോടു കല്പിക്കുന്ന വചനത്തോടു കൂട്ടുകയോ അതിൽനിന്നു കുറെക്കയോ ചെയ്യരുതു."

ഇതു ദൈവം നിസ്സാരമായി കരുതുന്ന ചിലതല്ല, കാരണം സത്യം കർത്താവിന് പരമപ്രധാനമാണ്. മനുഷ്യവർഗ്ഗത്തിന്റെ പാരമ്പര്യത്താൽ പത്തുകല്പനകളിൽ ഒന്ന് ദുർബ്ബലമാക്കിത്തീർക്കുമ്പോൾത്തന്നെ ദൈവത്തെ സ്നേഹിക്കുന്നു എന്നു നടിക്കുന്നതിന് പരീശന്മാരെ യേശു താൻതന്നെ കുറ്റപ്പെടുത്തി; യേശു പറഞ്ഞു, "ഇങ്ങനെ നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവചനത്തെ ദുർബ്ബലമാക്കിയിരിക്കുന്നു... മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ടു എന്നെ വ്യർത്ഥമായി ഭജിക്കുന്നു" (മത്താ. 15:6,9).

എന്നാൽ നമുക്ക് വ്യക്തമാക്കേണ്ടത് ആവശ്യമായിരിക്കുന്നു; ആരാധനയ്ക്കുള്ള ദൈവത്തിന്റെ പ്രത്യേകദിവസമായി ഞായറാഴ്ചയെ പാരമ്പര്യമായി ഇന്നു ക്രിസ്ത്യാനികൾ അംഗീകരിച്ചിരിക്കുന്നു, കാരണം അവരുടെ ജീവിതകാലങ്ങൾ മുഴുവൻ കർത്താവിന്റെ മുമ്പാകെ കുറ്റമില്ലാത്തതാണ് എന്നാണവർ പഠിച്ചത്. നമ്മുടെ അറിവില്ലായ്മയുടെ കാലങ്ങളെ ദൈവം "ലക്ഷ്യമാക്കുന്നില്ല" (അപ്പൊ. 17:30). എന്നിട്ടും തന്റെ കല്പനകളെക്കുറിച്ചുള്ള സത്യം ഒരിക്കൽ നാം പഠിച്ചാൽ, അനുസരണത്തിലൂടെ നാം തന്നെയും തന്റെ പുത്രനെയും അനുഗമിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

## കുറ്റം കൂടാതെ ശബ്ബത്ത് സ്വീകരിക്ക

"നൂറ്റാണ്ടുകളായി ദശലക്ഷക്കണക്കിനു ക്രിസ്ത്യാനികൾ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ ദൈവത്തെ ആരാധിക്കുന്നതിനു കൂടിവന്നു. ഈ ആരാധന കൃപയോടെ ദൈവം അംഗീകരിച്ചിരുന്നു. അവനെ സേവിക്കുവാൻ ക്രിസ്തീയ ജനങ്ങൾ വാഞ്ഛിച്ചപ്പോൾ അവൻ അവരുടെമേൽ തന്റെ അനുഗ്രഹം വർഷിച്ചിരുന്നു. എന്തായാലും, ഒരുവൻ തിരുവചനം പരിശോധിക്കുമ്പോൾ, ഞായറാഴ്ച ദൈവത്തിന്റെ നിർണ്ണയിക്കപ്പെട്ട ഒരു ദിവസമല്ല എന്ന് അംഗീകരിക്കും... അതിന് തിരുവചനത്തിൽ അടിസ്ഥാനമില്ല, എന്നാൽ അത് ഒരു ആചാരഫലമായി ആവിർഭവിക്കപ്പെട്ടതാണ്" (ഫ്രാങ്ക് എച്ച്. യോസ്റ്റ്, പി. എച്ച്. ഡി, *ദി ഏർലി ക്രിസ്ത്യൻ ശബ്ബത്ത്*).



നിങ്ങൾ കാണുന്നില്ലേ? യഥാർത്ഥ ശബ്ബത്ത് ദിന പഠനം നിങ്ങൾ ഏറ്റവും അധികം സ്നേഹിക്കുന്ന ഒരാളിൽനിന്നുള്ള സമ്മാനപ്പൊതി തുറക്കുന്നതുപോലെയായിരിക്കും-ദീർഘകാലം നിഗൂഢമായി മറഞ്ഞു കിടന്ന ചിലത് കണ്ടെത്തുന്നതുപോലെ ഇത് ആശ്ചര്യകരമാണ്.



ഭാഗം 3

# ശബ്ബത്ത്

## ഇന്നും നാളെയും

*"യഹോവയെ സേവിക്കുന്നതു നന്നല്ലെന്നു നിങ്ങൾക്കു തോന്നുന്നെങ്കിൽ നദിക്കിക്കരെവെച്ചു നിങ്ങളുടെ പിതാക്കന്മാർ സേവിച്ച ദേവന്മാരെയോ നിങ്ങൾ പാർത്തുവരുന്ന ദേശത്തിലെ അമോര്യരുടെ ദേവന്മാരെയോ ആരെ സേവിക്കും എന്നു ഇന്നു തിരഞ്ഞെടുത്തുകൊൾവിൻ" (യോശുവ. 24:15).*

**ദൈവകൃപയാൽ,** തക്കസമയത്ത് നിങ്ങൾ ശ്രേഷ്ഠമായ ശബ്ബത്തിനെപ്പറ്റി പഠിച്ചു. ഇത് ഓരോ ആഴ്ചയിലും അനുഗ്രഹിച്ചു ശുദ്ധീകരിക്കപ്പെട്ട ഒരു ദിനമാണ്. കാലത്തിന്റെ ആരംഭത്തിൽ ദൈവം ഇത് എങ്ങനെ സ്ഥാപിച്ചു എന്നും തന്റെ ജനം അബ്രാഹാമും മോശെയും മുതൽ യേശുവും അപ്പൊസ്തലന്മാരും വരെ ശബ്ബത്ത് വിശുദ്ധമായി അനുസരിച്ചു എന്നും നിങ്ങൾ കണ്ടുകഴിഞ്ഞു. തീർച്ചയായും, ഇപ്പോഴത്തെ വലിയ ചോദ്യം, പത്തു കല്പനയിലെ ഒരു ഭാഗം എന്ന നിലയിൽ ശബ്ബത്ത് ഇപ്പോഴും നമ്മുടെ നിത്യജീവിതത്തിൽ അനുയോജ്യമാണോ അല്ലയോ എന്നതാണ്.

## കല്പന ഇപ്പോഴും പ്രധാനമാണോ?

ദൈവകല്പനയുടെ - പത്തുകല്പനകൾ - പൊരുൾ പറയാതെ ഇന്ന് ശബ്ബത്തും അതിന്റെ അർത്ഥവും സത്യസന്ധമായി ആരായുന്നത് അസാദ്ധ്യമാണ്. ശബ്ബത്ത്, നാലാം കല്പന, അതിന്റെ ഒരു മുഖ്യ ഭാഗമാണ്.

ദൈവം പറയുന്നു, "ഞാൻ എന്റെ നിയമത്തെ ലംഘിക്കയോ എന്റെ അധരങ്ങളിൽനിന്നു പുറപ്പെട്ടതിന്നു ഭേദം വരുത്തുകയോ ചെയ്കയില്ല" (സങ്കീ. 89:34). നാം മുമ്പു പഠിച്ചതുപോലെ, ദൈവത്തിന്റെ സാന്മാർഗ്ഗിക പ്രമാണങ്ങളിൽ ഏതെങ്കിലും മാറ്റുന്നത് അസാദ്ധ്യമാണ്. കാരണം ദൈവം അരുളിച്ചെയ്യുകയും, തന്റെ സ്വന്തവിരലുകളാൽ കല്പലകകളിൽ എഴുതപ്പെടുകയും ചെയ്ത പത്തുകല്പനകൾ തന്റെ മാറ്റമില്ലാത്ത സ്വഭാവത്തിന്റെ ഒരു പ്രതിച്ഛായയാണ്: "യഹോവയായ ഞാൻ മാറാത്തവൻ" (മലാ. 3:6) മായ്ച്ചുകളയുന്നതിലൂടെ, കൂട്ടിച്ചേർക്കുന്നതിലൂടെ അല്ലെങ്കിൽ മറ്റു വ്യത്യാസം വരുത്തലിലൂടെ തന്റെ കല്പന മാറ്റുന്നതിൽനിന്നും ഏതു വ്യക്തി



യെയും ദൈവം വിലക്കിയിരിക്കുന്നത് അതുകൊണ്ടാണ്. തന്റെ കല്പനകളിൽ അനധികൃതമായി മാറ്റം വരുത്തുന്നത് ഏതെങ്കിലും ഒരാൾക്കു ചെയ്യുവാൻ കഴിയുന്ന ഏറ്റവും വലിയ ഭീതിതമായ കാര്യങ്ങളിൽ ഒന്നാണ്. "ദൈവത്തിന്റെ സകല വചനവും ശുദ്ധിചെയ്തതാകുന്നു...അവന്റെ വചനങ്ങളോടു നീ ഒന്നും കൂട്ടരുതു; അവൻ നിന്നെ വിസ്തരിച്ചിട്ടു നീ കള്ളനാകുവാൻ ഇടവരരുതു" (സദൃശ. 30:5,6).

### ശബ്ബത്തിലെ ഓടിപ്പോക്ക്



എന്നുമാത്രമല്ല, പത്തുകല്പനകൾ എല്ലാം ഇന്നും ജനങ്ങളുമായി ബന്ധിക്കപ്പെട്ടിരിക്കുന്നതാണ് എന്ന് തിരുവചനം യഥാർത്ഥമായി വ്യക്തമാക്കുന്നു. "ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുതു; നീക്കുവാനല്ല നിവർത്തിപ്പാനത്രേ ഞാൻ വന്നതു" (മത്താ. 5:17) എന്നു യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചപ്പോൾ പത്തു കല്പനകളെ താൻ തന്നെ ദൃഢീകരിച്ചു.

''നിവർത്തിക്ക'' എന്ന വാക്ക് ദൈവകല്പന "നീക്കിക്കളഞ്ഞു" എന്ന് യഥാർത്ഥത്തിൽ ഇവിടെ അർത്ഥമാക്കുന്നു എന്നു ചിലർ വിശ്വസിക്കുന്നു. എന്നാൽ അത് യേശുവിന്റെ ജീവിതപശ്ചാത്തലത്തിൽ അർത്ഥവത്താണ്. പകരം, താൻ വന്നത് കല്പനകൾ നീക്കിക്കളയുന്നതിനല്ല അവ പൂർണ്ണമായി അനുസരിക്കുന്നതിനാണ് എന്ന് അവൻ ഉറപ്പിച്ചു പറയുകയായിരുന്നു.

വാസ്തവത്തിൽ, സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ജീവിതങ്ങൾക്കുവേണ്ടി നമ്മുടെ ഉത്തമവഴികാട്ടി എന്ന നിലയിൽ യേശുവിന്റെ ജീവിതം ദൈവകല്പനകൾ വിപുലീകരിക്കുകയായിരുന്നു. ഉദാഹരണത്തിന്, "കൊല ചെയ്യരുതു" എന്നത് പകയെ കുറ്റപ്പെടുത്തുകയും (1 യോഹ. 3:15), ഹൃദയത്തിലെ ദുർമ്മോഹവും വ്യഭിചാരമാണ് (മത്താ. 5:27,28) എന്ന് യേശു ചൂണ്ടിക്കാണിക്കുകയും

# Christ Magnifies the Law




സ്നേഹത്തിനും, സമാധാനത്തിനും, സന്തോഷത്തിനും വേണ്ടി നമ്മുടെ ഉറപ്പുള്ള വഴികാട്ടിയെന്ന നിലയിൽ യേശുവിന്റെ ജീവിതം ദൈവകല്പനകൾ നീക്കിക്കളയുകയല്ല വിശാലമാക്കുകയായിരുന്നു. ഉദാഹരണത്തിന്, "കൊല ചെയ്യരുതു" എന്നത് മറ്റുള്ളവരെ വെറുക്കുന്നതിനെ കുറ്റപ്പെടുത്തുകയും, ദുർമ്മോഹം വ്യഭിചാരത്തിന്റെ മറ്റൊരു രൂപമാണെന്നും യേശു ചൂണ്ടിക്കാണിച്ചു (യോഹ. 3:15; മത്താ. 5:27,28 ഇവ കാണുക). ഈ വിധത്തിൽ, ദൈവകല്പനയുടെ ഗാഢമായ ഉപയോഗം – അവന്റെ ശബ്ബത്ത് അനുസരണവും നമ്മുടെ ജീവിതങ്ങൾക്കുവേണ്ടിയുള്ള അതിന്റെ ഉപയോഗവും ഉൾപ്പെടെ അവൻ നമുക്കു കാണിച്ചുതന്നു.

ചെയ്യുന്നു. ഈ വിധത്തിൽ തന്റെ സമ്പൂർണ്ണ ശബ്ബത്തനുസരണം ഉൾപ്പെടെ, ദൈവകല്പനയുടെ സമ്പൂർണ്ണമായ ഉപയോഗവും, അങ്ങനെ നമ്മുടെ ദിവസേനയുള്ള ജീവിതങ്ങൾക്കുവേണ്ടി അതിന്റെ യഥാർത്ഥ അർത്ഥവും അവൻ മനുഷ്യവർഗ്ഗത്തിനു കാണിച്ചുകൊടുത്തു.

എന്നുമാത്രമല്ല, പത്തുകല്പനകൾ ഓരോന്നിനെയും പഴയനിയമം ശക്തിയോടെ ആവർത്തിച്ചു ദൃഢീകരിക്കുന്നു. ഉദാഹരണത്തിന്, ഒന്നാമത്തെ കല്പന (പുറ. 20:3) മത്തായി 4:10-ൽ യേശു വീണ്ടും ദൃഢീകരിക്കുന്നു. മാത്രമല്ല, ശബ്ബത്ത് കല്പനയെ എബ്രാ. 4:4,9,10 വീണ്ടും ദൃഢീകരിക്കുന്നു. "ഒരു ശബ്ബത്തനുഭവം ശേഷിച്ചിരിക്കുന്നു."

യേശു വിശദീകരിക്കുകയും ചെയ്തു, "ജീവനിൽ കടപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ കല്പനകളെ പ്രമാണിക്ക" (മത്താ. 19:17-19). പുറ. 20-ൽ കാണുന്ന ദൈവത്തിന്റെ ന്യായപ്രമാണത്തിൽനിന്നും താൻ നേരിട്ട് ഉദ്ധരിച്ചതുകൊണ്ട് യേശു ഇവിടെ പത്തു കല്പനയെ പരാമർശിക്കുകയായിരുന്നു എന്നു നമുക്കറിയാം. കല്പനകൾ കാക്കുന്നതിലൂടെ പാപികൾക്ക് എങ്ങനെയെങ്കിലും സ്വർഗ്ഗത്തിലേക്കുള്ള തങ്ങളുടെ മാർഗ്ഗം സ്വീകരിക്കുവാൻ സാധിക്കുമെന്നു യേശു സൂചിപ്പിക്കുകയല്ലായിരുന്നു, എന്നാൽ അതിനേക്കാൾ നിത്യജീവൻ ഈ കല്പനകൾ നാം അനുസരിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു എന്നത് ഉറപ്പായിരുന്നു. മനുഷ്യന്റെ വീഴ്ചയ്ക്കു മുമ്പു മുതൽപോലും ഇത് ഈ വിധം തന്നെയായിരുന്നു. ആദാമിന്റെയും ഹവ്വയുടെയും നിത്യജീവൻ അവർ ദൈവത്തെ അനുസരിച്ചോ ഇല്ലയോ എന്നതിനെ ആശ്രയിച്ചിരുന്നു; അവർ ദൈവത്തെ അനുസരിക്കാതിരുന്നപ്പോൾ അവർക്ക് നിത്യജീവൻ നഷ്ടമായി. തന്റെ പിതാവ് യഥാർത്ഥത്തിൽ ആരാണെന്നു നമുക്കു വെളിപ്പെടുത്തിത്തരുന്നതിന് യേശുവിന്റെ ജീവിതം പ്രതിഷ്ഠിക്കപ്പെട്ടതായിരുന്നു. യേശുവിനെപ്പോലെയായിരിക്കുന്നതിന് ദൈവത്തിന്റെ കല്പന അനുസരിക്കണം.

ദൈവത്തിന്റെ കല്പന തന്റെ വിശിഷ്ട സ്വഭാവത്തിന്റെ സമ്പൂർണ്ണ പ്രതിഫലനമാണെന്ന് ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ നാം സംക്ഷിപ്തമായി കാണുകയും പഴയനിയമവും പുതിയനിയമവും ഈ സത്യം തെളിയിക്കുകയും ചെയ്തിരിക്കുന്നു.

ഉദാഹരണത്തിന്, ലൂക്കൊ. 18:19-ൽ ദൈവം "നല്ലവൻ" എന്നു വിളിക്കപ്പെടുമ്പോൾ റോമ. 7:12-ൽ തന്റെ ന്യായപ്രമാണത്തെ "വിശുദ്ധവും ന്യായവും നല്ലതും" എന്നു വിളിക്കുന്നു. മത്താ. 5:48-ൽ, യേശു പറയുന്നു "ദൈവം സൽഗുണപൂർണ്ണൻ," സങ്കീർത്തനങ്ങൾ 19:7-ൽ പറയുന്നു "യഹോവയുടെ ന്യായപ്രമാണം തികവുള്ളതു; അതു പ്രാണനെ തണുപ്പിക്കുന്നു."

### മത്തായി 5:17

ന്യായപ്രമാണം നിവർത്തിക്കുവാനാണ് താൻ വന്നതു എന്നു ക്രിസ്തു പറഞ്ഞപ്പോൾ അവൻ അർത്ഥമാക്കിയത് "നീക്കിക്കളഞ്ഞു" എന്നാണെന്നു ചിലർ പഠിപ്പിക്കുന്നു. എന്നാൽ ആ നിർവ്വചനം യേശുവിന്റെ പ്രസ്താവനയെ എത്ര വിപരീതമാക്കിത്തീർക്കുന്നു എന്നു ശ്രദ്ധിക്കുക. "നീക്കുവാനല്ല (നിർത്തലാക്കുവാനല്ല) നിവർത്തിപ്പാനത്രേ ഞാൻ വന്നത്." മത്തായി 3:15 ൽ പറയുന്ന നീതി നിർത്തലാക്കുമെന്ന് യേശു അർത്ഥമാക്കി എന്നുംകൂടെ ഇതു സൂചിപ്പിക്കുന്നില്ലായിരുന്നോ? ഇല്ല. തന്റെ ജീവിതത്തിലും മരണത്തിലും യേശു ന്യായപ്രമാണത്തെ ശ്രേഷ്ഠമാക്കി.



ഉൽപ. 21:33-ൽ അബ്രാഹാം വിളിക്കുന്നു "നിത്യനായ യഹോവ." വീണ്ടും, സങ്കീ. 111:8 ഉറപ്പാക്കുന്നു "അവന്റെ കല്പനകൾ എന്നെന്നേക്കും സ്ഥിരമായിരിക്കുന്നു." "ദൈവം സ്നേഹം തന്നേ" (1 യോഹ. 4:8) എന്ന് വിശദീകരിക്കുന്ന പ്രശസ്തമായ ആ വാക്യഭാഗം ഒരുപക്ഷേ ഏറ്റവും അതിശയകരമാണ്. "സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി തന്നേ" എന്നത് ആശ്ചര്യമാണോ? (റോമ. 3:10).

അങ്ങനെ, ദൈവത്തിന്റെ പത്തുകല്പനയായ ന്യായപ്രമാണം ഒരു സാഹചര്യത്തിനും ഒരിക്കലും ഭേദഗതി ചെയ്യുവാനോ ദുർബ്ബലപ്പെടുത്തുവാനോ കഴിയുകയില്ല. ദൈവത്തെ വിവരിക്കുന്ന തിരുവചനത്തിലെ വചനങ്ങൾ തന്റെ കല്പനയെയും വിവരിക്കുന്നു. ദൈവത്തിന്റെ കൽപനകൾ തന്റെ സ്വഭാവമാണ് (മലാ. 3:6 കാണുക).

ഇതിനുപുറമേ, യേശു സ്പഷ്ടമായി പഠിപ്പിക്കുന്നു, "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല" (മത്താ. 5:18). തന്റെ മുഴുജീവിതവും ഈ കല്പനഅനുസരിക്കുന്നതിനെയും ഉയർത്തിക്കാണിക്കുന്നതിനെയും സംബന്ധിച്ചായിരുന്നു; ഇതു തന്റെ ജീവിതത്തിനുവേണ്ടിയുള്ള തന്റെ സ്വർഗ്ഗീയപിതാവിന്റെ ഇംഗിതമായിരുന്നു (യോഹ. 5:19 കാണുക). പാപത്തെ കൈകാര്യം ചെയ്യുന്നതിന് തന്റെ പിതാവ് നിസ്സാരമായി തന്റെ കല്പന മാറ്റിയിരുന്നെങ്കിൽ നമ്മുടെ പാപങ്ങൾക്കുവേണ്ടി അവൻ മരണം വരിച്ചത് എന്തുകൊണ്ടായിരുന്നു?

## ക്രിസ്തുവിന്റെ "പുതിയ" കല്പന?

ക്രിസ്തുവിന്റെ മരണശേഷം, പഴയനിയമ കല്പന നീക്കിക്കളയുകയും ക്രിസ്തുവിന്റെ പുതിയ കല്പനയും തന്റെ കൃപയും അതിന്റെ സ്ഥാനം സ്വീകരിക്കുകയും ചെയ്തു എന്ന് ചിലർ ഇപ്പോഴും പഠിപ്പിക്കുന്നുണ്ട്. എന്നാൽ ഇത് യഥാർത്ഥത്തിൽ പുതിയ കല്പനയാണോ? "ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോടു ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും" (എബ്രാ. 8:10). "പുതിയ കല്പനകൾ" എന്ന് ഇതു പറയുന്നില്ല എന്നുള്ളതു ശ്രദ്ധിക്കുക. ശരിയായി പറഞ്ഞാൽ, തന്റെ ന്യായപ്രമാണം ഇപ്പോൾ എവിടെ എഴുതപ്പെട്ടിരിക്കുന്നു എന്നതാണ്. ദൈവത്തിന്റെ കല്പനകൾ ഇന്ന് എഴുതപ്പെട്ടിരിക്കുന്നത് വെറും കല്പലകകളിലല്ല നമ്മുടെ ഹൃദയങ്ങളിലും മനസ്സുകളിലുമാണ്.

ശരിയാണ്, "നമുക്കു വിരോധമായിരുന്ന" (കൊലെ. 2:14) കർമ്മാചാരപരമായ ന്യായപ്രമാണം തന്റെ ക്രൂശീകരണത്തിനുശേഷം ഇനിയൊരിക്കലും പ്രതിബന്ധമല്ല, എന്നാൽ ശാശ്വതമായ പത്തുകല്പനകൾ അനുസരിക്കുന്നതിന്റെ പ്രാധാന്യം യേശുവിന്റെ പരമയാഗം ഒരു വിധത്തിലും കുറയ്ക്കുന്നില്ല. വാസ്തവത്തിൽ, തന്റെ മരണത്തിനു തൊട്ടുമുമ്പ്, യേശു തന്റെ അനുയായികളെ പഠിപ്പിച്ചു, "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കൽപനകളെ കാത്തുകൊള്ളും" (യോഹ. 14:15). യേശുവും ദൈവവും ഒന്നാണ്, അതുകൊണ്ട് ദൈവത്തിന്റെ ആജ്ഞകൾ യേശുവിന്റെ ആജ്ഞകൾ കൂടെയാണെന്ന് ഇവിടെ ഓർക്കുക. താൻ ക്രൂശീകരിക്കപ്പെട്ടതുവരെ മാത്രം തന്റെ കല്പനകൾ പ്രമാണിച്ചുകൊള്ളണമെന്നും അതിനുശേഷം അവയ്ക്ക് ഒരു പ്രാധാന്യവും ഉണ്ടായിരിക്കുകയില്ലെന്നും യേശു തന്റെ ശിഷ്യന്മാരോടു വാസ്തവത്തിൽ പറയുകയായിരുന്നോ? അതു കേവലം നിരർത്ഥകമാണ്.

യേശു പിന്നീടു കൂട്ടിച്ചേർത്തു, "എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവു സ്നേഹിക്കുന്നു; ഞാനും അവനെ സ്നേഹിച്ചു അവന്നു എന്നെത്തന്നേ വെളിപ്പെടുത്തും" (യോഹ. 14:21). ദൈവകല്പന പ്രമാണിക്കുന്നത് നമുക്ക് നിത്യജീവൻ നൽകിയ ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തെ നാം തെളിയിക്കുന്നതാണ്.



പുതിയനിയമത്തിന്റെ മുഖ്യ രചയിതാക്കളിൽ ഒരാളായ അപ്പൊസ്തലനായ പൌലൊസ് ഈ ആശയത്തെ ശക്തമായി പിന്തുണയ്ക്കുന്നു. വിശ്വാസത്താൽ നാം നീതീകരിക്കപ്പെടുന്നത് എങ്ങനെയാണ് എന്നു വെളിപ്പെടുത്തുന്ന തന്റെ ചർച്ചയിൽ, പൌലൊസ് ചോദിക്കുന്നു, "ആകയാൽ നാം വിശ്വാസത്താൽ ന്യായപ്രമാണത്തെ ദുർബ്ബലമാക്കുന്നുവോ? ഒരു നാളും ഇല്ല; നാം ന്യായപ്രമാണത്തെ ഉറപ്പിക്കയത്രേ ചെയ്യുന്നു" (റോമ. 3:31). ഈ വേദഭാഗം സമ്പൂർണ്ണമായും വ്യക്തമാണ്, ശരിയല്ലേ? നാം ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ പാപം ചെയ്യുന്നതു തുടരുവാൻ നാം ആഗ്രഹിക്കുകയില്ല. നാം അവന്റെ സൗജന്യദാനമായ രക്ഷ സ്വീകരിച്ചിട്ടുണ്ടെങ്കിൽ, രക്ഷകൻ ആവശ്യപ്പെടുന്നതെന്തായാലും അതു ചെയ്യുവാൻ നാം ആഗ്രഹിക്കും. ഇല്ലെങ്കിൽ, നമ്മുടെ വിശ്വാസം യഥാർത്ഥമല്ല. "ന്യായപ്രമാണം കേൾക്കുന്നവരല്ല ദൈവസന്നിധിയിൽ നീതിമാന്മാർ; ന്യായപ്രമാണം ആചരിക്കുന്നവരത്രേ നീതീകരിക്കപ്പെടുന്നതു" (റോമർ. 2:13).

അപ്പൊസ്തലനായ യാക്കോബ് കൂട്ടിച്ചേർക്കുന്നു: "സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നിലനില്ക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും" (യാക്കോ. 1:25). നാം അത് അനുസരിക്കുന്നില്ലെങ്കിൽ ദൈവകല്പന അറിയുന്നതിനു മതിയായതൊന്നും അതു ചെയ്യുകയില്ല. "സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം" എന്നാണ് കല്പനകൾ പരാമർശിക്കപ്പെട്ടിരിക്കുന്നത് എന്നുള്ളതു വീണ്ടും ശ്രദ്ധിക്കുക. പാപത്തിന്റെ ഭീകരമായ അടിമത്തത്തിൽനിന്നും നമ്മെ മോചിപ്പിക്കുന്നതിനാൽ അവയെ അവന്റെ ശക്തിയിലൂടെ പ്രമാണിക്കുന്നത് നമുക്കു സ്വാതന്ത്ര്യം നല്കുന്നു.

തീർച്ചയായും, ദൈവത്തിന്റെ സഹായവും ശക്തിയും കൂടാതെ ദൈവകല്പന പ്രമാണിക്കുവാൻ മനുഷ്യർക്കു സാധിക്കുകയില്ല, എന്നാൽ നാം അവന് നമ്മെത്തന്നെ സമർപ്പിക്കുമ്പോൾ തന്റെ ന്യായപ്രമാണം നമ്മുടെ ഹൃദയങ്ങളിൽ എഴുതാമെന്ന് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു. "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു" (ഫിലി. 4:13).

## അതുകൊണ്ട്... ശബ്ബത്ത് ഇപ്പോഴും പ്രസക്തമാണോ?

പത്തുകല്പനകൾ ഇപ്പോഴും പ്രാബല്യമുള്ളവയാണെന്ന് തിരുവചനത്തിൽനിന്നും നാം വ്യക്തമായി സ്ഥിരീകരിച്ചുകഴിഞ്ഞു. എന്തായാലും, ശബ്ബത്ത് കല്പന എങ്ങനെയായാലും "അപ്രധാനം" അഥവാ "നിസ്സാരമായ" കല്പന, മാറ്റുകയോ തിരസ്കരിക്കുകയോ ചെയ്യുന്നതിനു സാദ്ധ്യമായ പത്തിൽ ഒന്നാണ് ഇതെന്ന് ചിലർ ചിന്തിക്കുന്നു. എന്നാൽ മത്താ. 5:19-ൽ യേശു പറഞ്ഞു, "ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്നു അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും; അവയെ ആചരിക്കയും പഠിപ്പിക്കയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും."

ദൈവത്തിന്റെ കല്പനകൾ എല്ലാം പ്രധാനപ്പെട്ടവയാണ്. നാലാമത്തെ കല്പന ഏറ്റവും ദൈർഘ്യമേറിയതാണെന്നതും "ഓർക്കുക" എന്ന പദത്തോടുകൂടെ ആരംഭിക്കുന്നതുമായ (ഇംഗ്ലീഷിൽ) ഏക കല്പനയാണെന്നതുമായ വസ്തുത ശ്രദ്ധിക്കുക. ജനങ്ങൾ ശബ്ബത്തിനെ മറന്നുപോകുമെന്ന് അഥവാ ഇത് കാലഹരണപ്പെട്ട ഒരു പ്രാചീന നിയമമായിരുന്നു എന്ന് ഒരിക്കൽ തീരുമാനിക്കുമെന്ന് ദൈവം അറിഞ്ഞിരുന്നിരിക്കാം.

പഴയ നിയമകാലങ്ങളിൽ ശബ്ബത്ത് ലംഘനം മരണശിക്ഷായോഗ്യമായിരിന്നു എന്നത് ഗൗരവമായി പരിഗണിക്കേണ്ടതാണ്. "യിസ്രായേൽമക്കൾ മരുഭൂമിയിൽ ഇരിക്കുമ്പോൾ ശബ്ബത്ത്നാളിൽ ഒരുത്തൻ വിറകു പെറുക്കുന്നതുകണ്ടു" (സംഖ്യാ. 15:32). അവൻ ദൈവത്തിന്റെ കല്പന നഗ്നമായി ലംഘിച്ച ഒരുവനായിരുന്നു; ആ മനുഷ്യൻ പരസ്യമായി മത്സരിക്കുകയായിരുന്നു, അത് അവന്റെ ജീവൻ നഷ്ടമാക്കുകയും ചെയ്തു (വാക്യങ്ങൾ 35,36). യിസ്രായേലിന്റെ പുരോഹിതാധിപത്യഭരണംപോലെ ക്രിസ്തീയവിശ്വാസം വ്യാപിക്കാത്തപ്പോൾ, ദൈവം ശബ്ബത്ത് കല്പനയിൽ വെയ്ക്കുന്ന പ്രാധാന്യം ഈ സംഭവം സുവ്യക്തമായി വിശദീകരിക്കുന്നു.

## ഓർമ്മിക്കൽ

സൃഷ്ടിപ്പുചരിത്രം വെളിപ്പെടുത്തുന്നതുപോലെ, "ശബ്ബത്ത് ഏദെനിൽ ബാധകമായതും, അതുമുതൽ സാധുതയുള്ളതുമായിരുന്നു. "ഓർക്കുക" എന്ന പദത്തോടെ (ഇംഗ്ലീഷിൽ) നാലാമത്തെ കല്പന ആരംഭിക്കുന്നു, സീനായ്യിൽ കല്പലകയിൽ ദൈവം ഈ കല്പന എഴുതിയപ്പോൾ ശബ്ബത്ത് മുമ്പേതന്നെ നിലനിന്നിരുന്നു എന്ന് വ്യക്തമാക്കുന്നു. മറ്റ് ഒൻപതെണ്ണം ഇപ്പോഴും നിലനിൽക്കുമ്പോൾ ഈ ഒരു കല്പനമാത്രം നീക്കിക്കളഞ്ഞു എന്ന് ആർക്കെങ്കിലും അവകാശപ്പെടുവാൻ എങ്ങനെകഴിയും?" - ഡൈ്വറ്റ് എൽ. മൂഡി.



# സാത്താനും ശബ്ബത്തും

“ഞാൻ അവരെ വിശുദ്ധീകരിക്കുന്ന യഹോവ എന്നു അവർ അറിയേണ്ടതിന്നു എനിക്കും അവർക്കും ഇടയിൽ അടയാളമായിരിപ്പാൻ തക്കവണ്ണം എന്റെ ശബ്ബത്തുകളെയും ഞാൻ അവർക്കു കൊടുത്തു. യിസ്രായേൽ ഗൃഹമോ മരുഭൂമിയിൽവെച്ചു എന്നോടു മത്സരിച്ചു; അവർ എന്റെ ചട്ടങ്ങളെ അനുസരിച്ചു നടക്കാതെ എന്റെ വിധികളെ ധിക്കരിച്ചു; അവയെ ചെയ്യുന്ന മനുഷ്യൻ അവയാൽ ജീവിക്കും; എന്റെ ശബ്ബത്തുകളെയും അവർ ഏറ്റവും അശുദ്ധമാക്കി; ആകയാൽ ഞാൻ മരുഭൂമിയിൽവെച്ചു എന്റെ ക്രോധം അവരുടെമേൽ പകർന്നു അവരെ സംഹരിക്കുമെന്നു അരുളിച്ചെയ്തു” (യെഹെ. 20:12,13).

ഈ വേദഭാഗം കർത്താവുമായുള്ള നമ്മുടെ രക്ഷിക്കുന്ന ബന്ധത്തിന്റെ ഒരു അടയാളമാണ് ശബ്ബത്ത് എന്നു കാണിച്ചുതരുന്നു. എന്നാൽ ശബ്ബത്ത് ലംഘനം ദൈവം നിസ്സാര പ്രശ്നമായി കരുതുകയില്ലെന്നും ഇതു ചൂണ്ടിക്കാണിക്കുന്നു. ആരെങ്കിലും തന്റെ ശബ്ബത്തിനെ അശുദ്ധമാക്കുന്നതിനെപ്പറ്റി കർത്താവ് എത്ര തീക്ഷ്ണമായി വേദനിക്കുന്നു എന്ന് 20 മുതൽ 24 വരെയുള്ള വാക്യങ്ങൾ നമുക്കു കാണിച്ചുതരുന്നു.

ഇക്കാര്യത്തിൽ നമ്മുടെ സ്വന്തമായ വിലയിരുത്തലിലും സംസ്ക്കാരത്തിന്റെ ഗതിയിലും നമുക്ക് ആശ്രയിക്കുവാൻ കഴിയില്ല. ശബ്ബത്തിന്മേൽ ദൈവമല്ല, മനുഷ്യൻ സ്ഥാപിച്ചിരുന്ന നിയമങ്ങളിൽ നിന്നും ജനങ്ങളെ താൻ സ്വതന്ത്രരാക്കിയപ്പോൾപ്പോലും, യേശു ശബ്ബത്തനുസരിച്ചു. ശബ്ബത്ത് പ്രമാണിക്കുന്നതിൽ യേശുവിന്റെ മാതൃക പിൻതുടരുന്നത് തിരഞ്ഞെടുക്കുന്ന ആരായാലും അവർ യേശുവിന്റെ മാതൃക തിരസ്കരിക്കുന്നവരേക്കാൾ വളരെയധികം സുരക്ഷിതസ്ഥാനത്താണ്.

ശബ്ബത്ത് അനുസരിക്കുന്നവരെ സാത്താൻ വെറുക്കുന്നു, കാരണം ദൈവത്തിന്റെ കല്പനകൾ തന്റെ സ്നേഹത്തിന്റെ ഭരണകൂടത്തിന്മേൽ അടിസ്ഥാനമിട്ടവയാണ്. “മഹാസർപ്പം സ്ത്രീയോടു കോപിച്ചു, ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു യുദ്ധം ചെയ്‌വാൻ പുറപ്പെട്ടു” (വെളി. 12:17). നിങ്ങൾ ദൈവകൽപന അനുസരിക്കുന്നതു തിരഞ്ഞെടുക്കുകയാണെങ്കിൽ, നിങ്ങൾ സാത്താന്റെ കോപത്തെ അഭിമുഖീകരിക്കുന്നതിന് നിർബ്ബന്ധിതരാകുകയാണ്.

ദൈവജനത്തെ അടിമത്തത്തിൽനിന്നും വിട്ടയയ്ക്കണമെന്ന് മിസ്രയീമിലെ ഫറവോനോടു മോശെ പറഞ്ഞപ്പോൾ, അവരുടെ ജോലിഭാരം വർദ്ധിപ്പിച്ചുകൊണ്ടു രാജാവു പ്രതികരിച്ചു, അതുകൊണ്ട് അവർ പിന്നീട് ഒരിക്കലും വിശ്രമത്തെയും വാഗ്ദത്തനാടിനെയുംകുറിച്ചു ചിന്തിച്ചില്ല. അവൻ പറഞ്ഞു, “നിങ്ങൾ അവരെ അവരുടെ ഊഴിയവേല മിനക്കെടുത്തുന്നു” (പുറ. 5:5). സ്വാതന്ത്ര്യത്തെക്കുറിച്ചു ചിന്തിക്കുന്നതിൽനിന്നും എബ്രായരെ സൂക്ഷിക്കുന്നതിന് ഫറവോൻ അവരുടെ ജോലിഭാരം വർദ്ധിപ്പിച്ചു. ശബ്ബത്തിന്റെ അനുഗ്രഹങ്ങൾ നാം അനുഭവിക്കാതിരിക്കുന്നതിന് സാത്താൻ ഇതേ തന്ത്രം ഉപയോഗിക്കുന്നു. നാം ജീവിത മനഃക്ലേശങ്ങളിൽ മുഴുകി യേശുവിനെയും വിശ്രമത്തെയും മറക്കുവാൻ അവൻ ഇടയാക്കി. സാത്താൻ ലക്ഷ്യം വെച്ചത് ശബ്ബത്ത് ആയിരുന്നുഎന്നത് അർത്ഥവത്താണ്. ഇത് ദൈവവുമായുള്ള നമ്മുടെ സ്നേഹബന്ധത്തിന് വലിയ ഒരു തടസ്സമാണ്; അത് നമ്മുടെ ആരോഗ്യം വർദ്ധിപ്പിക്കുന്നു, നമ്മുടെ ആത്മിക ജീവിതവീക്ഷണം സജീവമാക്കുന്നു, മാത്രമല്ല ദൈവത്തെ നമ്മുടെ സ്രഷ്ടാവും വീണ്ടെടുപ്പുകാരനുമായി മാനിക്കുകയും ചെയ്യുന്നു.



# നല്ല ആരോഗ്യവും ശബ്ബത്തും

## നമ്മുടെ ശാരീരികവും മാനസികവും ആത്മികവുമായ ആരോഗ്യത്തിന് ശബ്ബത്ത് എങ്ങനെ പ്രയോജനപ്പെടുന്നു?



വിപുലമായ സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത്, നമ്മുടെ സമൂഹത്തിൽ അനിയന്ത്രിത രോഗത്തിനും സന്തോഷമില്ലായ്മയ്ക്കും ഇടയാക്കുന്ന ഒരു മുഖ്യഘടകം മാനസിക പിരിമുറുക്കമാണ്. പിരിമുറുക്കത്തിനുള്ള പ്രധാന കാരണങ്ങളിൽ ഒന്ന് നമ്മുടെ ജീവിതങ്ങളിലെ തിടുക്കം കൂട്ടൽ ആണ്. ഈ ദോഷകരമായ പ്രവണതയിൽനിന്നുള്ള ഒരു സമ്പൂർണ്ണ വിശ്രമം ശബ്ബത്താണ്.

സഹസ്രാബ്ദങ്ങളായി സൂര്യൻ അസ്തമിച്ചാലുടൻ മനുഷ്യർ ഉറങ്ങുവാൻ പോയിരുന്നു. മെഴുകുതിരികളുടെയും റാന്തൽവിളക്കുകളുടെയും കൃത്രിമപ്രകാശം വളരെ ചിലവേറിയതായിരുന്നു, എന്നു മാത്രമല്ല അവ അത്ര ഫലപ്രദവുമായിരുന്നില്ല. എന്നാൽ വൈദ്യുത ബൾബിന്റെ കണ്ടുപിടുത്തത്തോടുകൂടെ, നമുക്ക് ഇന്ന് 24 മണിക്കൂറും യഥാർത്ഥ സൂര്യപ്രകാശത്തിനു തുല്യമായ വെളിച്ചം ഉണ്ട്. തൽഫലമായി, നാം എഴുന്നേല്ക്കുന്ന നിമിഷം മുതൽ ദിനാന്ത്യത്തിൽ കിടക്കയിലേക്കു വീഴുന്നതുവരെ വിശ്രമമെടുക്കുന്നതു വളരെ വിരളമാണ്!

മിക്ക സന്ദർഭങ്ങളിലും, മാനസികമായും ശാരീരികമായും തളർന്ന ഒരു അവസ്ഥയിൽ നാം ജീവിക്കുകയും എന്നേയ്ക്കുമായി അതിനെ എങ്ങനെ മറികടക്കണമെന്ന് ആലോചിക്കുകയും ചെയ്യുന്നു. മനുഷ്യരായ നാം നമ്മുടെ ദൈനംദിനവേലകൾ, മറ്റു ലൗകിക പ്രവൃത്തികൾ എന്നിവയിൽനിന്നും ആഴ്ചയിലൊരിക്കലുള്ള ഒരു പൂർണ്ണ വിശ്രമം അനുഭവിക്കുവാൻ നിർമ്മിക്കപ്പെട്ടവരാണ്. മനുഷ്യർ ശബ്ബത്തിന്റെ വിശുദ്ധിയിൽ അഭിവൃദ്ധിപ്പെടുന്നതിനുവേണ്ടി ദൈവത്താൽ മുമ്പേതന്നെ നിയോഗിക്കപ്പെട്ടവരാണ്. ഇതു നമ്മുടെ മനസ്സുകളുടെയും ശരീരങ്ങളുടെയും അവകാശമാണ്.

എന്നാൽ ആഴ്ചയിൽ ഒരിക്കലുള്ള ഈ വിശ്രമദിനത്തിൽനിന്നും ലഭിക്കുന്ന ചില ശാരീരിക പ്രയോജനങ്ങൾ എന്തെല്ലാമാണ്?

## ഒരു പ്രത്യക്ഷബന്ധം

ആശ്ചര്യപ്പെടേണ്ട, ആഴ്ചയിൽ ഒരിക്കലുള്ള വിശ്രമവും വർദ്ധിച്ച ആരോഗ്യവും തമ്മിൽ വളരെ വ്യക്തമായ ഒരു ബന്ധമുണ്ട്.

ഏഴു ദിവസങ്ങൾ ഒരു ആഴ്ചയെ പൂർണമാക്കുന്നു. ഇത് ലളിതമാണ്. എന്നാൽ സപ്തദിനം (കാലചക്രം) നമ്മുടെ ശരീരങ്ങളിൽ, മാത്രമല്ല ലോകമെങ്ങുമുള്ള സമൂഹത്തിലും സംസ്കാരത്തിലും വളരെ അടിയുറച്ചത് എന്തുകൊണ്ടാണ് എന്ന് അനേകർക്കും യഥാർത്ഥത്തിൽ അറിയില്ല എന്നുള്ളത് സത്യമാണ്.



വർഷങ്ങൾ, മാസങ്ങൾ, ദിവസങ്ങൾ എന്നിവ സൗരയൂഥ മാതൃകയെ അടിസ്ഥാനമാക്കിയുള്ളതാണ്. എന്നാൽ ഏഴുദിന ആഴ്ച അപ്രകാരം യാതൊരു മാതൃകയെയും അടിസ്ഥാനമാക്കിയുള്ളതല്ല. നമുക്ക് ഒരു ആന്തരിക, ജന്തുശാസ്ത്രപരമായ സപ്തദിനം (കാലചക്രം) ഉണ്ട് എന്ന് ഇതുവരെയുള്ള ഗവേഷണം വെളിപ്പെടുത്തിത്തന്നിരിക്കുന്നു. ഉദാഹരണത്തിന് ഒരു അവയവം മാറ്റിവെച്ചശേഷം, മാറ്റിവെയ്ക്കപ്പെട്ട അവയവത്തിന്റെ തിരസ്കരണനിരക്ക് ശസ്ത്രക്രിയയെ തുടർന്നുള്ള ഏഴാമത്തെയും പതിന്നാലാമത്തെയും ദിവസം വളരെ ഉയർന്നതാണ്.

ഒരു പ്രതിവാര വിശ്രമദിനത്തിന്റെ പ്രതിരോധകവും സുഖം വരുത്തുന്നതുമായ ഗുണഗണങ്ങൾക്ക് വാസ്തവത്തിൽ ഹൃദ്രോഗത്തിന്റെ അപകടസാദ്ധ്യത കുറയ്ക്കുവാൻ കഴിയുന്നു. മാനസികവും ശാരീരികവുമായ പിരിമുറുക്കത്തോടു നേരിട്ടു ബന്ധപ്പെടുന്ന ചില അപകടസാദ്ധ്യതകളും ഹൃദ്രോഗത്തിനുണ്ട്.

ഈ അപകടങ്ങളിൽ ഒന്ന് ശാരീരിക അദ്ധ്വാനങ്ങൾക്കു ശേഷം വർദ്ധിക്കുവാൻ സാദ്ധ്യമായിരുന്ന, രക്തത്തിലെ യൂറിക് അമ്ലത്തിന്റെ ഉയർന്ന തോതാണ്. രക്തത്തിൽ യൂറിക് അമ്ലത്തിന്റെ സാന്ദ്രത കഠിന ശാരീരിക പ്രവർത്തനത്തെത്തുടർന്ന് 21 മണിക്കൂർ വരെ വർദ്ധിച്ചിരുന്നുവെന്ന് ഒരു പഠനം കണ്ടെത്തി.

മറ്റൊരു അപകടസാദ്ധ്യതയാണ് രക്തത്തിലെ ഫിബ്രിനോജെൻ വർദ്ധന. രക്തം ഘനീഭവിക്കുന്നത് ലഘുവാക്കുന്ന ഒരു സംയുക്തമാണിത്. ഗുരുതരമായ മാനസികപ്രശ്നം ഹേതുവായും മാനസിക വിഷമസന്ധിയിലും ഫിബ്രിനോജെൻ വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഒരു സപ്തദിന പരിവൃത്തിയിൽ ഫിബ്രിനോജെൻ തോത് സ്വാഭാവികമായും വളരെ ഉയരുന്നു. ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട 5000-ൽ അധികം പുരുഷ വയോജനങ്ങളിൽ നടത്തിയ ഒരു പഠനത്തിൽ, ഫിബ്രിനോജെൻ വിതാനം അതിന്റെ ഏറ്റവും ഉയർന്ന തോതിൽ ശനി, ഞായർ, തിങ്കൾ ദിവസങ്ങളിൽ എത്തുന്നതായി കണ്ടെത്തിയിരുന്നു.

ഹൃദ്രോഗത്തിന്റെ വർദ്ധിച്ച അപകടസാദ്ധ്യതയുമായി ചേർന്നുനില്ക്കുന്ന മറ്റു രണ്ടു ഘടകങ്ങളാണ് പിരിമുറുക്കവും, ഉയർന്ന രക്തസമ്മർദ്ദവും. പിരിമുറുക്കം പ്രകൃത്യാ ശാരീരികമായും മാനസികമായും ഉണ്ടാകാം, ഇതിനു രണ്ടിനും രക്തസമ്മർദ്ദത്തെ ഉയർത്തുവാൻ കഴിയും.

## പ്രതിവാരവിശ്രമം = കുറഞ്ഞ അപകടസാദ്ധ്യത

എന്നാൽ ആഴ്ചയിൽ ഒരിക്കലുള്ള ഒരു വിശ്രമദിനം ഹൃദ്രോഗത്തിന്റെ അപകടസാദ്ധ്യത കുറയ്ക്കുന്നത് എങ്ങനെയാണ്? ഈ അപകടസാദ്ധ്യതകൾ എല്ലാം മനഃക്ലേശം നിറഞ്ഞ ശാരീരികവും മാനസികവുമായ പ്രവർത്തനത്തോടു ബന്ധപ്പെട്ടതാണ്. അതുകൊണ്ട്, മനഃക്ലേശം കുറയ്ക്കുന്നതിലൂടെ ഹൃദ്രോഗത്തിന്റെ വ്യാപ്തികൊണ്ടുള്ള അപകടസാദ്ധ്യത കുറയ്ക്കുവാൻ സാധിക്കും.

ഈ അപകടസാധ്യതകൾ പരിഗണിച്ചാൽ ശനി, ഞായർ, തിങ്കൾ ദിവസങ്ങളിൽ ഫിബ്രിനോജെൻ സ്ഥിരമായി ഉയർന്നു നിൽക്കുന്ന ഒന്നാണ്. ശാരീരികവും മാനസികവുമായി വെല്ലുവിളിയുള്ള ജോലികളിൽനിന്നും വിശ്രമിക്കേണ്ട ഏറ്റവും അനുകൂലമായ സമയങ്ങളായിരുന്നു ഈ ദിവസങ്ങൾ. എന്തായാലും, ഈ മൂന്നിൽ നിന്നും ഒരു ദിവസം നാം എടുത്തിരുന്നെങ്കിൽ, ഏറ്റവും മെച്ചമായ ഹൃദയസംരക്ഷണം നൽകുന്നത് ഇതിൽ ഏതാകുമായിരുന്നു?

മനഃക്ലേശം നിറഞ്ഞ ഒരു ആഴ്ചയ്ക്കുശേഷം, യൂറിക് അമ്ലത്തിന്റെ തോത് കുറയുന്നതിന് സമയമെടുക്കും. അതുകൊണ്ട് വിശ്രമത്തിന് അനുകൂലമായ തുടക്കം വെള്ളിയാഴ്ച രാത്രിയായിരിക്കും. കാരണം യൂറിക് അമ്ലത്തിന്റെ തോത് കുറയുവാൻ തുടങ്ങുന്നത് ശനിയാഴ്ച ഫിബ്രിനോജെൻ സാദ്ധ്യമായ ഉയർന്ന തലത്തിൽ എത്തുന്നതിനു മുമ്പാണ് എന്നതു വസ്തുതയാണ്. യൂറിക് അമ്ലത്തിന്റെ തോത് താഴുന്നതിനുവേണ്ടി ഈ അധിക സമയം നൽകിക്കൊണ്ട്, വേദപുസ്തകമനുസരിച്ചുള്ള ഏഴാംദിനവിശ്രമം യഥാർത്ഥത്തിൽ വെള്ളിയാഴ്ച സൂര്യാസ്തമയത്തോടെ ആരംഭിക്കുന്നു എന്നത് വിസ്മയകരമാണ്!

ശനിയാഴ്ചയെ തങ്ങളുടെ പ്രതിവാര സ്വസ്ഥദിനമായി കാക്കുന്നവർക്ക് മഹാധമനീരോഗത്തിന്റെ നിരക്ക് വിസ്മയാവഹമായി കുറഞ്ഞിരിക്കുന്നു എന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു. ഉദാഹരണത്തിന്, നാഷണൽ ജിയോഗ്രാഫിക് ഗവേഷണഫലമനുസരിച്ച് സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാർ തങ്ങൾക്കു തുല്യരായ മറ്റ് അമേരിക്കക്കാരേക്കാൾ 10 വർഷം അധികം ജീവിക്കുന്നു എന്നു കാണുന്നു. നല്കപ്പെട്ടിരിക്കുന്ന കാരണങ്ങളുടെ കൂട്ടത്തിൽ എല്ലാ ശനിയാഴ്ചയും അവർ ഒരു ശബ്ബത്ത് വിശ്രമമായി ആചരിക്കുന്ന ശീലമാണുള്ളത്. ശനിയാഴ്ച തങ്ങളുടെ പ്രതിവാര സ്വസ്ഥദിനമായി ആചരിക്കുന്ന ജനങ്ങൾക്ക് മഹാധമനീരോഗം വിസ്മയാവഹമായി കുറഞ്ഞുവരുന്നുവെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു.



### മനോസുഖം

മാനസികാരോഗ്യത്തിന്മേലുള്ള ഒരു പ്രതിവാരവിശ്രമത്തിന്റെ സ്വാധീനം കൂടെ ശോധനചെയ്യപ്പെട്ടിരിക്കുന്നു. നമ്മുടെ മനസ്സുകൾക്ക് ജീവിതത്തിന്റെ ക്ലേശങ്ങളിൽനിന്നും, സ്ഥിരമായ പിരിമുറുക്കം, നമ്മുടെ മനഃശക്തി നശിപ്പിക്കുന്ന ഉൽക്കണ്ഠകൾ എന്നിവയിൽനിന്നും ശബ്ബത്ത് ആശ്വാസം നല്കുന്നു.

കൗതുകകരമായി, റിപ്പബ്ലിക്കൻ കലണ്ടർ എന്ന് അറിയപ്പെട്ടിരുന്ന, ദശാടിസ്ഥാനവ്യവസ്ഥ കൂടുതൽ "യുക്ത"മായിരിക്കുമെന്നു ചിന്തിച്ചിരുന്നതുകൊണ്ട് ആഴ്ചവട്ടക്രമത്തെ മാറ്റുവാൻ ഫ്രാൻസ് ഒരിക്കൽ ശ്രമിച്ചു. പുതിയ മാസങ്ങൾ കണ്ടുപിടിക്കുകയും ഒരു ദശദിനവാരം സ്ഥാപിക്കയും ചെയ്തിരുന്നു. എന്തായാലും, ഈ ശ്രമം യഥാർത്ഥത്തിൽ രാജ്യത്തിന്റെ മാനസികരോഗ സ്ഥാപനങ്ങൾ നിറയ്ക്കുകയും വേഗത്തിൽ ഉപേക്ഷിക്കയും ചെയ്തു.



## ശബ്ബത്ത് വീണ്ടെടുക്കുക

ആകയാൽ ഒരു പ്രതിവാര ദിന സ്വസ്ഥതയ്ക്കുള്ള പ്രധാനകാരണം എന്താണ്? ദീർഘമായ ഒരു പ്രവൃത്തിവാരത്തിനുശേഷം നമുക്കെല്ലാവർക്കും അല്പം ശാരീരിക 'വിശ്രമം' പ്രയോജനപ്പെടുത്തുവാൻ കഴിയും. എന്തായാലും, മറ്റെല്ലാ കാരണങ്ങൾക്കുമതീതമായി ഒരു പ്രതിവാര സ്വസ്ഥദിനത്തിനുവേണ്ടി ഏഴാം ദിനം വിശുദ്ധമായി ആചരിക്കുവാൻ ഓർക്ക എന്നു നമ്മോടു പറഞ്ഞു എന്നത് വസ്തുതയാണ്! ദൈവത്തിൽ ആശ്രയിക്കുന്നതും അവിടുന്ന് ആജ്ഞാപിക്കുന്നതു ചെയ്യുന്നതും എല്ലായ്പോഴും ഒരു അനുഗ്രഹത്തിൽ കലാശിക്കും.

നാം കണ്ടതുപോലെ, ദൈവത്തിന്റെ നാലാം കല്പന ഓർക്കുകയും ശാരീരികവും മാനസികവുമായ വിശ്രമത്തിന്റെ പ്രയോജനങ്ങൾ കരസ്ഥമാക്കുകയും ചെയ്ത മോശെ, ദാവീദ്, അപ്പൊസ്തലന്മാർ, യേശുക്രിസ്തു എന്നിവരെപ്പോലെയുള്ളവരുടെ ഉദാഹരണങ്ങൾ കൊണ്ടു നിറഞ്ഞതാണ് വേദപുസ്തകം.

മനുഷ്യവർഗ്ഗത്തിന്റെ വീഴ്ചയ്ക്കും ഈ ഭൂമിയിലേയ്ക്കുള്ള പാപത്തിന്റെ പ്രവേശനത്തിനും മുമ്പേ, ജനങ്ങൾക്ക് വേലയാൽ വളരെ ക്ഷീണിച്ച ഒരു ആഴ്ചയിൽനിന്നും ശാരീരികമുക്തിയുടെ ആവശ്യമുണ്ടായിരുന്നില്ല. എന്നിട്ടും തന്റെ സൃഷ്ടിയായ മനുഷ്യരുമായി ഒരു പ്രത്യേക സമ്പർക്കത്തിനുള്ള സമയമായി ദൈവം ഏഴാംദിവസത്തെ അംഗീകരിച്ചിരുന്നു. അതുകൊണ്ട് പ്രതിവാര സ്വസ്ഥത, "ശബ്ബത്ത്," ഏറ്റവും അനുയോജ്യമായ ആത്മിക വീണ്ടെടുപ്പിന്റെ അനുഗ്രഹിക്കപ്പെട്ട ഒരു ദിനമെന്ന നിലയിൽ അതിപ്രധാനമാണ്.

നമ്മുടെ തൊഴിലുകൾ, ഉൽക്കണ്ഠകൾ, ദൈനംദിന പ്രവൃത്തികൾ എന്നിവയിൽനിന്നുമുള്ള ഒരു വേർപിരിയലിന്റെ സമയമാണ് ശബ്ബത്ത്. കുടുംബാംഗങ്ങളും സ്നേഹിതരുമായി സമയം ചിലവിടുകയും, ഒരുമിച്ച് ആരാധിക്കുകയും, നമ്മുടെ വിശ്വാസം പങ്കുവെയ്ക്കുകയും ദൈവത്തെ അന്വേഷിക്കുകയും ചെയ്യുന്നതിലൂടെ നമുക്ക് ആത്മിക ഉണർവ്വും, മനസ്സുകൾ പുതുക്കപ്പെടുകയും, ശരീരങ്ങൾ സ്വസ്ഥമാകുകയും ഉത്തേജിതമാകുകയും ചെയ്യും. ഈ വിധത്തിലുള്ള വിശ്രമത്തിനുശേഷം തുടങ്ങുന്ന പ്രവൃത്തിവാരാരംഭത്തിൽ, ഒരു പുതിയ മനുഷ്യനായതുപോലെ നിങ്ങൾക്കുതോന്നും! ഇത് ഓരോ ആഴ്ചയിലും നമുക്കുള്ള ദൈവത്തിന്റെ സവിശേഷ ദാനമാണ്.

## ശബ്ബത്ത് അനുസരിക്കുന്നത് യഥാർത്ഥത്തിൽ നിങ്ങളെ ബാധിക്കുന്നതാണോ?

നാം എല്ലാവരും നമ്മുടെ തിരഞ്ഞെടുപ്പുകൾക്കും പ്രവൃത്തികൾക്കും ഉത്തരവാദികളാണെന്ന് ദൈവത്തിന്റെ വചനം പറയുന്നു: "ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടിവരും" (റോമ. 14:12). "നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവന്നു അതു പാപം തന്നേ" (യാക്കോ. 4:17). "ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽകൂടി നഗരത്തിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ (അവന്റെ കല്പനകൾ അനുസരിക്കുന്നവർ) ഭാഗ്യവാന്മാർ (വെളി. 22:14). "ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ സഹിഷ്ണുതകൊണ്ടു ഇവിടെ ആവശ്യം" (വെളി. 14:12).

ഓരോ ശബ്ബത്തിലും വിശ്രമം എടുക്കുന്നതും വിശ്വാസത്തിന്റെ പ്രവൃത്തിയാണ്; നാം ദൈവത്തിന്റെ നിയന്ത്രണത്തിലാണ് എന്നുള്ള ഒരു ഓർമ്മപ്പെടുത്തലാണ് ഇത്. ഓരോ ആഴ്ചയിലും ഒരു ദിവസത്തിനുവേണ്ടിയുള്ള നമ്മുടെ ഭൗതിക ലക്ഷ്യങ്ങളിൽനിന്നും വിട്ടുനില്ക്കുന്നതു തുടരുമ്പോൾ, നാം പറയുന്നു "ദൈവമേ, എന്റെ ലൗകീകജീവിതം വിട്ട് ഈ ദിവസം ഞാൻ ചിലവഴിക്കുമ്പോൾ അങ്ങ് നിയന്ത്രണം നിലനിർത്തുമെന്നു ഞാൻ വിശ്വസിക്കുന്നു. ആഴ്ചയിൽ ആറു ദിവസം മാത്രമേ ഞാൻ വേല ചെയ്യുന്നുള്ളൂ എങ്കിൽപ്പോലും എന്റെ ഏഴു ദിവസത്തെയും ആവശ്യങ്ങൾക്കു വേണ്ടി കരുതുന്നതിന് ഞാൻ അങ്ങയിൽ ആശ്രയിക്കുന്നു. കഴിഞ്ഞ ആഴ്ച ചെയ്യേണ്ട കാര്യങ്ങളുടെ പട്ടികയിൽ എത്ര അവശേഷിക്കുന്നു എന്നത് പരിഗണിക്കാതെ, ഇന്നു ഞാൻ എന്റെ മനസ്സിനും ശരീരത്തിനും വിശ്രമം കൊടുക്കുകയും അങ്ങയുടെ സന്നിധിയിൽ ആയിരിക്കുന്നതിനാൽ സന്തോഷിക്കുവാനും പോകുകയാണ്."

അതേ, എല്ലാ അർത്ഥത്തിലും, ശബ്ബത്ത് നിങ്ങളുടെ ശബ്ബത്താണ്. ദൈവം അതു നിങ്ങൾക്കുവേണ്ടി ഉണ്ടാക്കി, മാത്രമല്ല നിങ്ങൾ അവനെ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ അതു കാത്തുകൊള്ളും, കാരണം അത് ദൈവത്തിന്റെ കല്പനകളിൽ ഒന്നാണ്. അനുസരണം കൂടാതെയുള്ള സ്നേഹം എന്തായാലും സ്നേഹമല്ല (1 യോഹ. 2:4). നിങ്ങൾ ഒരു തീരുമാനം എടുത്തേ തീരൂ. നിങ്ങൾക്ക് അത് ത്യജിക്കുവാൻ കഴിയുകയില്ല. നിങ്ങൾ ഇന്നുതന്നെ അവനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യണമെന്ന് ദൈവം നിങ്ങളോട് ആജ്ഞാപിക്കുന്നു.

## ശബ്ബത്ത് എങ്ങനെ വിശുദ്ധമായി ആചരിക്കാം

നിങ്ങൾ ശബ്ബത്ത് വിശുദ്ധമായി ആചരിക്കുന്നത് എങ്ങനെയാണ്? നിങ്ങൾക്ക് ആരംഭിക്കുന്നതിന് ചില സൂചനകൾ ഇതാ!

1

**പള്ളിയിൽ പോകുക.** ശബ്ബത്തിന്റെ അതിശ്രേഷ്ഠമായ ലക്ഷണങ്ങളിൽ ഒന്ന് ഇത് കുടുംബവും, സ്നേഹിതരും, അപരിചിതരുമായിപ്പോലും ആരാധനയിൽ ഒന്നിച്ചുകൂടുന്ന ഒരു അവസരമാണ്. ലേവ്യ. 23:3-ൽ ശബ്ബത്ത് ഒരു "വിശുദ്ധ സഭായോഗം" എന്നു പറഞ്ഞിരിക്കുന്നു. രോഗത്താലോ, മുറിവേറ്റതിനാലോ, അല്ലാതെ ശബ്ബത്തിൽ ഭവനത്തിൽ കഴിയുന്നത് ഒരു സഭാകുടുംബത്തോടൊത്ത് ആരാധനയിൽ പങ്കെടുക്കുന്നതിലൂടെ ലഭിക്കേണ്ട അനുഗ്രഹം നിങ്ങൾ നഷ്ടപ്പെടുത്തുകയാണ്. ദൈവമക്കളുമായി ഒത്തുചേരുന്നത് ആരാധനയ്ക്കുവേണ്ടി മാത്രമല്ല; പ്രത്യേകിച്ചും ക്രിസ്തുവിന്റെ വരവ് ഏറ്റവും അടുത്തുവന്നിരിക്കുന്നതിനാൽ പരസ്പരം പ്രോത്സാഹിപ്പിക്കേണ്ടതും നമുക്ക് ആവശ്യമാണ് (എബ്രാ. 10:24,25 കാണുക)



2

**തിരുവചനം പഠിക്കുക.** ശബ്ബത്തിൽ, യേശു പള്ളിയിൽ പോകുകയും തിരുവചനം വായിക്കുകയും ചെയ്തു (ലൂക്കൊ. 4:16). ശബ്ബത്ത്, അതുകൊണ്ടുതന്നെ ഭവനത്തിലോ, പള്ളിയിലോ, വൃക്ഷത്തിൻകീഴിലോ ഇരുന്ന് തിരുവചനം പഠിക്കുന്നതിന് ഏറ്റവും ഉത്തമമായ ഒരു അവസരമാണ്. തീർച്ചയായും, ദിവസംതോറും നമ്മുടെ വേദപുസ്തകം നാം വായിക്കണം. എന്നാൽ ഘോഷിക്കപ്പെടുന്ന വചനം നാം പഠിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുമ്പോൾ കൂടുതൽ കേന്ദ്രീകൃതമായ രീതിയിൽ ദൈവത്തെപ്പറ്റി ഗ്രഹിക്കുന്നതിനുള്ള ഒരവസരം ശബ്ബത്ത് നമുക്കു നല്കുന്നു.





## 3

**പ്രാർത്ഥിക്കുക.** നമ്മുടെ ദൈനംദിന ജീവിതങ്ങളിൽ പ്രാർത്ഥന ഒരു പ്രധാന ഭാഗമായിരിക്കേണ്ടപ്പോൾ, നമ്മുടെ ഉത്തമസ്നേഹിതൻ, യേശുവുമായി സംസാരിക്കുന്നതിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ ശബ്ബത്ത്



സമയം നല്കുകയും അവനുമായുള്ള നമ്മുടെ ബന്ധം സുദൃഢമാക്കപ്പെടുകയും ചെയ്യുന്നു. ശബ്ബത്ത് സൃഷ്ടിയുടെ സ്മാരകമാണ് എന്നതുകൊണ്ട്, കുടുംബവും സുഹൃത്തുക്കളുമായി ഒത്തുചേരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതിന് പ്രകൃതിയിൽ ഒരു സ്ഥലം കണ്ടെത്തുന്നത് എന്തൊരു അനുഗ്രഹമായിരിക്കുമായിരുന്നു. ശബ്ബത്തിനെ കൂടുതൽ സവിശേഷമാക്കുവാൻ അതിന് കഴിയും. അപ്പൊ. പ്രവൃ. 16:13 വായിക്കുക.

## 4

**ബന്ധം പടുത്തുയർത്തുക.** കർത്താവിനോടുള്ള ബഹുമാനത്തിലും സ്നേഹത്തിലും നമ്മുടെ വളർച്ചയ്ക്കുവേണ്ടി ശബ്ബത്ത് നീക്കിവെച്ചിരിക്കണം.



ഒരു വ്യക്തിയുമായി സമയം ചിലവഴിക്കാതെ ഒരുവനെ നന്നായി മനസ്സിലാക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല. ദൈവവുമായി നിരന്തരമായ നല്ല ബന്ധം ശബ്ബത്ത് നല്കുന്നു. ജോലിയുടെ തിരക്ക്, പണം കൊടുക്കൽ, തൊഴിൽശാല വൃത്തിയാക്കൽ മാത്രമല്ല മറ്റനേകം കാര്യങ്ങൾ മാറ്റി, ജീവിതചിന്താകുലങ്ങളുടെ ഉൽക്കണ്ഠ നീക്കിയതിനാൽ കർത്താവുമായുള്ള നമ്മുടെ ബന്ധം പരിപോഷിപ്പിക്കുവാൻ നമുക്കു കഴിയും.

## 5

**വിശ്രമം.** യിസ്രായേല്യരുടെ അടിമത്തത്തിൽ നിന്നുള്ള പുറപ്പാടും വാഗ്ദത്തനാട്ടിലേക്കുള്ള പ്രവേശനവും വിശ്രമത്തിനുചുറ്റും കറങ്ങിത്തിരിഞ്ഞുകൊണ്ടിരിക്കുന്നു. ദൈവജനം



സ്വസ്ഥരാകണമെന്ന് സാത്താൻ ഇപ്പോഴും ആഗ്രഹിക്കുന്നില്ല. മിസ്രയീമിൽ വെറും അടിമയായ യിസ്രയേല്യർക്ക് ദൈവത്തിന്റെ സ്വസ്ഥത ആവശ്യമായിരുന്നതുപോലെ, അവ്വണ്ണം ദൈവത്തിന്റെ വിടുതലിൽ നാമും വിശ്രമിക്കേണ്ടത് ആവശ്യമാണ്. സ്വർഗ്ഗീയ വാഗ്ദത്തനാട്ടിൽ നാം എത്തിച്ചേരുന്നതിനുമുമ്പേ, ശബ്ബത്തിൽ ആരാധിക്കുന്നതിൽ നിന്നും ദൈവജനത്തെ തടയുവാൻ ശ്രമിക്കുന്നതിന് ഈ ഭൂമിയിലെ ശക്തികളെ സാത്താൻ ഒരിക്കൽക്കൂടി ഉപയോഗിക്കും. അത്തരം സ്വസ്ഥത ശാരീരികവും മാനസികവും വൈകാരികവുമായിരിക്കും – എന്നാൽ അത് ആത്മിക സ്വസ്ഥതയാണെന്നത് നാം മറക്കരുത്.

## 6

**യഥാസ്ഥാനപ്പെടുത്തുക.** യഥാസ്ഥാനപ്പെടുന്നതിനുവേണ്ടിയുള്ള ഒരു ദിവസവും കൂടെയാണ് ശബ്ബത്ത്. ദൈവത്തിന്റെ സൃഷ്ടി നാം പരിശോധിക്കുമ്പോൾ നാം



അവിടുത്തെ സ്നേഹം അനുഭവിച്ചറിയുകയാണ്. അതുപോലെ, ശബ്ബത്തിൽ നാം രോഗികളെ സന്ദർശിക്കുമ്പോൾ, അത് അവരുടെ മനസ്സുകളെ യഥാസ്ഥാനപ്പെടുത്തുന്നു. ദൈവജനത്തിനിടയിൽ ശബ്ബത്ത് പുനസ്ഥാപിക്കേണ്ടത് ആവശ്യമാണ്. അനേകരാൽ നിന്ദിക്കപ്പെട്ട ശബ്ബത്ത് യഥാസ്ഥാനപ്പെടുത്തുന്നതിലൂടെ ദൈവത്തെ ബഹുമാനിക്കയും ആ ദിവസം മുഴുവൻ നാം അവനോടൊപ്പം വിശുദ്ധിയോടെ നടക്കുകയും വേണം.

## 7

**നന്മ ചെയ്യുക.** നമുക്കു ചെയ്യുവാൻ കഴിയുന്ന നല്ല കാര്യങ്ങൾ അവഗണിച്ചത് ശബ്ബത്തിൽ എന്തു ചെയ്യരുത് എന്നതിൽ കേന്ദ്രീകരിക്കുന്നതായിത്തീരുന്നത് സാദ്ധ്യമാണ്. ശബ്ബത്തിൽ



സൗഖ്യമാക്കുന്നത് വിഹിതമോ എന്നു പരീശന്മാർ ചോദിച്ചപ്പോൾ, യേശു അവരോട് ഉത്തരം പറഞ്ഞു, "നിങ്ങളിൽ ഒരുത്തന്നു ഒരു ആടുണ്ടു എന്നിരിക്കട്ടെ; അതു ശബ്ബത്തിൽ കുഴിയിൽ വീണാൽ അവൻ അതിനെ പിടിച്ചു കയറ്റുകയില്ലയോ? എന്നാൽ മനുഷ്യൻ ആടിനെക്കാൾ എത്ര വിശേഷതയുള്ളവൻ. ആകയാൽ ശബ്ബത്തിൽ നന്മ ചെയ്യുന്നതു വിഹിതം തന്നേ" (മത്താ. 12:11,12) ആട് ഇന്നും കുഴിയിൽ വീഴുന്നുണ്ട് – നമ്മുടെ ശ്രദ്ധ ആവശ്യപ്പെടുന്ന അടിയന്തരഘട്ടങ്ങൾ ഉണ്ടാകാം. മനുഷ്യർ ശബ്ബത്തിൽ വേദനയനുഭവിക്കുമ്പോൾ, ഓടയിൽ വീണ് കഷ്ടപ്പെടുന്ന മൃഗങ്ങൾക്കുവേണ്ടിയുള്ളതിനേക്കാൾ ആ മനുഷ്യരോട് നമുക്കു കരുതൽ ഉണ്ടാകേണ്ടതല്ലേ? ഓർക്കുക, ശബ്ബത്തിലെ നിങ്ങളുടെ വിശ്വാസം പങ്കിടലിന് മറ്റൊരു ആത്മാവിനെ യേശുവിന്റെ രക്ഷാവിശ്രമത്തിലേക്ക് കൊണ്ടുവരുവാൻ കഴിയും.



## പുതിയഭൂമിയിലെ ശബ്ബത്ത്

വീണ്ടെടുക്കപ്പെട്ടവർ നിത്യതയിൽ ഉടനീളം ശബ്ബത്ത് ആസ്വദിക്കുമെന്നുള്ളത് നിങ്ങൾക്കറിയാമോ? ഇതു സത്യമാണ്! പാപരഹിതമായ ഒരു ഭൂമിയിൽ വീഴ്ചയ്ക്കുമുമ്പ് ആദാമും ഹവ്വയും ശബ്ബത്ത് അനുഷ്ഠിച്ചിരുന്നതുപോലെ സ്വർഗ്ഗത്തിലും പുതിയ ഭൂമിയിലും അത് അനുസരിക്കുന്നതായിരിക്കും. ഈ വിസ്മയകരമായ പ്രവചനം കാണുന്നത് യെശ. 66:22,23 വാക്യങ്ങളിലാണ്.

എല്ലാ യുഗങ്ങളിലുമുള്ള രക്ഷിക്കപ്പെട്ട ജനങ്ങൾ ഈ പ്രത്യേകദിനം വിശുദ്ധമായി കാക്കുമെന്ന് വേദപുസ്തകം നമുക്ക് ഉറപ്പുതരുന്നു. ദൈവജനത്തിന് സന്തോഷം പകരുന്ന ഒരു അനുഗ്രഹമായി യുഗങ്ങൾ മുഴുവൻ ശബ്ബത്ത് അനുസരണം തുടർന്നുപോകും. സ്വർഗ്ഗത്തിൽ ശബ്ബത്ത് ആരാധനയ്ക്കായി സകല ജഡത്തെയും അവൻ വിളിക്കുകയാണെങ്കിൽ, നാം ഇപ്പോൾ അതു പതിവാക്കണം. അതുകൊണ്ട് സമർപ്പണത്തിലൂടെയും നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ ഏഴാം ദിന ശബ്ബത്ത് അംഗീകരിക്കുന്നതിലൂടെയും എന്തുകൊണ്ട് നിത്യത ഇപ്പോൾ ആരംഭിച്ചുകൂടാ?

> “ഞാൻ ഉണ്ടാക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും എന്റെ മുമ്പാകെ നിലനില്ക്കുന്നതുപോലെ നിങ്ങളുടെ സന്തതിയും നിങ്ങളുടെ പേരും നിലനില്ക്കും എന്നു യഹോവയുടെ അരുളപ്പാടു. പിന്നെ അമാവാസിതോറും ശബ്ബത്തുതോറും സകല ജഡവും എന്റെ സന്നിധിയിൽ നമസ്കരിപ്പാൻ വരും എന്നു യഹോവ അരുളിച്ചെയ്യുന്നു.”

## ഒരു അന്ത്യ-ദിനശോധന

ദാനീയേൽ മൂന്നാം അദ്ധ്യായത്തിൽ, ധീരരായ മൂന്നു യെഹൂദ യുവാക്കൾ-ശദ്രക്, മേശക്, അബേദ്നെഗോ എന്നിവർ-വ്യാജാരാധന ആവശ്യപ്പെടുന്ന ഒരു ഭരണകൂടത്തിന്റെ കല്പനയെ അഭിമുഖീകരിച്ചു. ബാബിലോൺ രാജാവ് നിർത്തിയ സ്വർണ്ണ ബിംബത്തെ നമസ്കരിക്കുകയും അതിനോടു പ്രാർത്ഥിക്കുകയും ചെയ്യുന്നതിൽ ആരെങ്കിലും പരാജയപ്പെടുകയാണെങ്കിൽ, അവർ എരിയുന്ന ഒരു തീച്ചൂളയിൽ മരിക്കുവാൻ പോവുകയായിരുന്നു എന്ന രാജകല്പന വേദപുസ്തകം രേഖപ്പെടുത്തുന്നു.

ഈ മൂന്ന് എബ്രായ ബാലന്മാർക്ക് എത്രയോ അനായാസം ഇങ്ങനെ പറയാമായിരുന്നു, “വാദ്യനാദം മുഴങ്ങുകയും മറ്റെല്ലാവരും ബിംബത്തെ നമസ്കരിക്കുകയും ചെയ്യുമ്പോൾ, നമുക്കും കുനിഞ്ഞ് നമസ്കരിക്കാം.” തങ്ങൾ കുറ്റമില്ലാത്തവരായി കാണപ്പെടേണ്ടതിനും യഥാർത്ഥത്തിൽ രാജാവിനെ അനുസരിക്കാതിരിക്കുന്നതിനും വേണ്ടി അവർക്ക് എത്രയെങ്കിലും ഒഴികഴിവുകൾ കണ്ടെത്താമായിരുന്നു. എന്നാൽ അതിനുപകരം അവർ ധീരമായി പറഞ്ഞു, ഞങ്ങളുടെ ദൈവം ഞങ്ങളെ രാജാവിന്റെ കൈയിൽ നിന്നും എരിയുന്ന തീച്ചൂളയിൽനിന്നും വിടുവിച്ചാലും ഇല്ലെങ്കിലും ഞങ്ങൾ ഈ ബിംബത്തെ നമസ്കരിക്കുകയില്ല. ശാന്തമായി പൂർണ്ണഹൃദയത്തോടെ കർത്താവിനോടു പ്രാർത്ഥിക്കുവാൻ അവർക്കു സാധിച്ചു. എന്തൊക്കെയായാലും, യഥാർത്ഥത്തിൽ സംഭവിച്ചത് അതാണ്-ശരിയല്ലേ?

ഇതേ വിധത്തിൽ ദൈവത്തെ ഉപേക്ഷിക്കുന്നതിന് ഈ മൂന്നു എബ്രായ യുവാക്കൾ പരീക്ഷിക്കപ്പെട്ടിരുന്നു. ശബ്ബത്ത് അനുസരിക്കുവാൻ തീരുമാനമെടുക്കുമ്പോൾ ദൈവജനം വെല്ലുവിളിക്കപ്പെടുകയും പരീക്ഷിക്കപ്പെടുകയും ചെയ്യും. ബാബിലോണിലെ ബിംബത്തെ മറ്റെല്ലാവരും നമസ്കരിച്ചപ്പോൾ

## ജന്മദിനങ്ങളും ശബ്ബത്തുകളും

പുതിയ ശബ്ബത്ത് ആയിരിക്കുന്നതിനുവേണ്ടി മറ്റൊരു ദിവസത്തെ ദൈവം ഉദ്ദേശിച്ചിരുന്നെങ്കിൽ ഏഴാംദിനത്തിൽനിന്നും അനുഗ്രഹം മാറ്റി പകരം വെയ്ക്കുമായിരുന്ന ദിവസത്തിന്മേൽ വെയ്ക്കണമായിരുന്നു. എന്തുകൊണ്ട്? ദൈവം ഒരു അനുഗ്രഹം ചൊരിയുമ്പോൾ, അത് ഉറപ്പാണ്: “യഹോവേ, നീ അനുഗ്രഹിച്ചിരിക്കുന്നു; അതു എന്നേക്കും അനുഗ്രഹിക്കപ്പെട്ടും ഇരിക്കുന്നുവല്ലോ” (1 ദിന. 17:27). “അനുഗ്രഹിപ്പാൻ എനിക്കു കല്പന ലഭിച്ചിരിക്കുന്നു; അവൻ അനുഗ്രഹിച്ചിരിക്കുന്നു; എനിക്കു അതു മറിച്ചുകൂടാ” (സംഖ്യാ. 23:20). നിങ്ങളുടെ ജന്മദിനം, നിങ്ങളുടെ ജനനത്തിന്റെ സ്മാരകം, ഒരു വ്യത്യസ്ത ദിനത്തിൽ ആഘോഷിക്കുവാൻ നിങ്ങൾക്കു സാധിച്ചു എങ്കിലും, മാറ്റുവാൻ കഴിയുകയില്ല. ശബ്ബത്ത്, സൃഷ്ടിപ്പിന്റെ സ്മാരകം (പുറ. 20:11), ചിലർ വ്യത്യസ്തമായ ഒരു ദിവസം അതാഘോഷിക്കുവാൻ തിരഞ്ഞെടുത്താലും, മാറ്റുവാൻ സാദ്ധ്യമല്ല.



ശദ്രക്കും, മേശക്കും, അബേദ്നെഗോവും അതിനു തയ്യാറായില്ല. എന്നാൽ ദൈവം അവരെ തീച്ചൂളയിൽനിന്നു വിടുവിച്ചു, കാരണം അത്യല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ എന്ന് യേശു പറഞ്ഞു."

ദൈവകല്പനകളോ അഥവാ മനുഷ്യന്റെ നിയമങ്ങളോ അനുസരിക്കേണ്ടത് എന്നതിനെക്കുറിച്ചായിരുന്നു തർക്കം. ആരംഭകാലം മുതൽ ഇത് ഈ വിധത്തിൽ ആയിരുന്നു. കയീൻ അവന്റെ സഹോദരൻ ഹാബേലിനെ കൊന്നപ്പോൾ യഥാർത്ഥ ആരാധനയിന്മേലുള്ള ഒരു തർക്കവും ഈ പ്രശ്നത്തിൽ ഉൾക്കൊണ്ടിരുന്നു (ഉല്പ. 4:2-15 കാണുക). കാലാന്ത്യത്തിനുമുമ്പേ ശരിയായ ആരാധനയുടെ കാര്യത്തിൽ അവസാന പരിശോധനഇതായിരിക്കുമോ?




ഭാവിയിൽ, ഒരു മൃഗത്തിന്റെ ശക്തിയാൽ ഒരു നിയമം നടപ്പിലാക്കപ്പെടുമെന്നും, "മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ടതിന്നും മൃഗത്തിന്റെ പ്രതിമയെ നമസ്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിന്നും മൃഗത്തിന്റെ പ്രതിമെക്കു ആത്മാവിനെ കൊടുപ്പാൻ അതിന്നു ബലം ലഭിച്ചു" എന്നും വെളിപ്പാടു 13:15 വിശദീകരിക്കുന്നു. മൃഗശക്തി ആജ്ഞാപിക്കുന്ന വിധത്തിൽ നിങ്ങൾ ആരാധിക്കുന്നില്ലെങ്കിൽ നിങ്ങൾക്കു വില്ക്കുവാനോ വാങ്ങുവാനോ കഴിയുകയില്ല, എന്നു മാത്രമല്ല, അന്ത്യത്തിൽ അത് മരണശിക്ഷ പ്രഖ്യാപിക്കുന്ന ഒരു നിയമം ആരാധനയെ സംബന്ധിച്ച് തയ്യാറാക്കുവാൻ പോകുകയാണ്.

വെളിപ്പാട് 14-ാം അദ്ധ്യായത്തിൽ മൂന്നു ദൂതന്മാരുടെ ദൂതുകൾ കാണുന്നിടത്ത്, ഒരു ദൂതൻ പ്രഖ്യാപിക്കുന്നു, "ആകാശവും ഭൂമിയും സമുദ്രവും നീരുറവുകളും ഉണ്ടാക്കിയവനെ നമസ്കരിപ്പിൻ" (വാക്യം 7). അത് ശബ്ബത്ത് കല്പനയിൽനിന്നും എടുത്ത ശരിയായ ഒരു ഉദ്ധരണിയാണ്. "ആറു ദിവസംകൊണ്ടു യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി" (പുറ. 20:11). തുടർന്ന് രക്ഷിക്കപ്പെട്ടവരെപ്പറ്റി സംസാരിക്കുമ്പോൾ വെളിപ്പാട് 14:12 പറയുന്നു, "ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ സഹിഷ്ണുതകൊണ്ടു ഇവിടെ ആവശ്യം." ഇത് ദൈവകല്പനകൾ പ്രമാണിക്കുന്നവരും മൃഗത്തെ ആരാധിക്കുന്നവരുമായി താരതമ്യപ്പെടുത്തുമ്പോൾ വ്യത്യസ്തമാണ്-

> "മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിച്ചു നെറ്റിയിലോ കൈമേലോ മുദ്ര ഏൽക്കുന്നവൻ ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടിവരും" (വെളിപ്പാട് 14:9,10).

വേദപുസ്തകത്തിലെ ഏറ്റവും ഭീതിപ്പെടുത്തുന്ന ദൈവകോപം ഇവിടെ വെളിപ്പാട് 14-ൽ നാം കണ്ടെത്തുന്നു. മാത്രമല്ല, ഇതു മൃഗത്തെ ആരാധിക്കുന്നവരെ തിരിച്ചറിയുന്നതുമാണ്. ഏതാനും വാക്യങ്ങൾ കഴിഞ്ഞ്, ദൈവകല്പനകൾ പ്രമാണിക്കുന്നവരെക്കുറിച്ച് ഇതു പറയുന്നു. കൂടാതെ ചില കല്പനകൾ എന്ന് ഇതു അർത്ഥമാക്കുന്നില്ല, കാരണം ഓരോരുത്തരും ചില സമയത്ത് അവയിൽ ചിലത് പ്രമാണിക്കുന്നു. ശബ്ബത്ത് ഉൾപ്പെടെ എല്ലാ കല്പനകളും ഉറപ്പായി പ്രമാണിക്കുന്ന ജനത്തെപ്പറ്റിയാണ് ഇതു പറയുന്നത്.




ശബ്ബത്ത് വിശുദ്ധമാണെന്ന് നിങ്ങൾ അറിഞ്ഞാലും ഇല്ലെങ്കിലും, അത് ഇപ്പോഴും വിശുദ്ധമാണ്. ശബ്ബത്തിനെക്കുറിച്ചുള്ള സത്യം ഇപ്പോൾ നിങ്ങൾ അറിഞ്ഞാൽ, നിങ്ങൾ യേശുവിനെ അനുസരിക്കുകയും അത് വിശുദ്ധമായി പ്രമാണിക്കുകയും ചെയ്യുമോ?

# എന്തുകൊണ്ടു ശബ്ബത്ത്?

പ്രധാനമായും, ശബ്ബത്ത് സ്നേഹത്തെക്കുറിച്ചാണ്, സ്നേഹം ദൈവരാജ്യത്തിലേക്കുള്ള താക്കോലാണ്. തന്റെ സ്വന്തം മക്കളായി ദൈവം നമ്മെ സ്നേഹിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. കല്പനകളെല്ലാം ദൈവത്തോടും നമ്മുടെ സഹമനുഷ്യരോടുമുള്ള സ്നേഹത്തെക്കുറിച്ചുള്ളതാണ്.

നമുക്കുവേണ്ടിയുള്ള അവന്റെ വലിയ സ്നേഹം എന്നതോ തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം നമ്മെ സ്നേഹിച്ചു എന്നുള്ളതാണ്. നമ്മോടൊപ്പം സമയം ചിലവഴിക്കുവാനും നമ്മുടെ ജീവിതങ്ങളെ സഫലമാക്കുന്നതിന് തന്റെ പരിജ്ഞാനവും ബുദ്ധിയും നാമുമായി പങ്കുവെയ്ക്കുന്നതിനും ദൈവം ആഗ്രഹിക്കുന്നു. മറ്റുള്ളവരെ സഹായിക്കുന്നതിന് നമ്മെ ഉത്തേജിപ്പിക്കുന്ന സ്നേഹവും വെളിച്ചവും കൊണ്ട് നമ്മുടെ ഹൃദയങ്ങൾ നിറയ്ക്കുവാൻ അവൻ ആഗ്രഹിക്കുന്നു. രക്ഷയിലേക്കുള്ള പാതയിൽ നില്ക്കുവാൻ നമ്മെ സഹായിക്കുന്നതിന് താൻ ആഗ്രഹിക്കുന്നു.

ഒരു വ്യക്തിയുമായി സ്നേഹബന്ധം വളർത്തുന്നതിനും നിലനിർത്തുന്നതിനും ആ വ്യക്തിയുമായി സമയം ചിലവഴിക്കാതെ സാദ്ധ്യമല്ല. ദൈവവുമിയി നാം സമയം ചിലവഴിച്ചില്ലെങ്കിൽ, നമുക്കു എന്തെങ്കിലും ബന്ധമുണ്ടായിരുന്നാലും അതു നശിക്കുകയും ഒടുവിൽ മറയുകയും ചെയ്യും. നമ്മുടെ ബന്ധം അഭിവൃദ്ധിപ്പെടുന്നതിനുവേണ്ടി ദൈവത്തോടൊപ്പം സമയം ചിലവഴിക്കേണ്ടത് നമുക്ക് ആവശ്യമാണ്. അതുമാത്രമല്ല, നമ്മുടെ സ്രഷ്ടാവുമായി നാം ചിലവഴിക്കുന്ന സമയം യോഗ്യമായതായിരിക്കണം. നമ്മെ തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ച ഒരുവനോട് ഉള്ളതിനേക്കാൾ നമ്മുടെ സമയവും ജാഗ്രതയോടെയുള്ള ശ്രദ്ധയും മറ്റാരും അർഹിക്കുന്നില്ല.

"ശബ്ബത്ത് പ്രശ്നം ഇന്ന് മുഴുരാഷ്ട്രത്തിനുമായുള്ള സുപ്രധാനമായ ഒന്നാണെന്നും ഞാൻ വിശ്വസിക്കുന്നു. ഇത് വർത്തമാന കാലത്തിന്റെ ജ്വലിക്കുന്ന ചോദ്യമാണ്. നിങ്ങൾ ശബ്ബത്ത് ഉപേക്ഷിക്കുകയാണെങ്കിൽ, സഭ നശിക്കുന്നു; നിങ്ങൾ സഭ ഉപേക്ഷിച്ചാൽ ഭവനം നശിക്കുന്നു; ഭവനം നശിച്ചു പോയാൽ രാഷ്ട്രം നശിക്കുന്നു. നാം സഞ്ചരിക്കുന്ന ദിശ അതാണ്. അനേകം മനുഷ്യർ ശബ്ബത്ത് ഉപേക്ഷിക്കുകയും സ്വാർത്ഥതയെ സ്ഥാപിക്കുന്നതിന് ഇതിനെ ഉപയോഗിക്കുകയും അക്കാരണത്താൽ ദൈവത്തിന്റെ സഭ അതിന്റെ ശക്തി നഷ്ടമാക്കുകയും ചെയ്യുകയാണ്"
(വെയ്ഡ് ആന്റ് വാൺടിംഗ്, ഡി. എൽ. മൂഡി).



# ശബ്ബത്തിൽ എന്തു ചെയ്യണം



ശബ്ബത്തിൽ നിങ്ങൾക്ക് എന്തു ചെയ്യുവാൻ കഴിയും? പള്ളിയിൽ പോകുന്നതു കൂടാതെ നിങ്ങൾക്കു വ്യക്തിപരമായി അഥവാ ഒരു സംഘത്തിന്റെ ഭാഗമായി സന്തോഷിക്കുവാൻ കഴിയുന്ന സാദ്ധ്യമായ ശബ്ബത്ത് പ്രവർത്തനങ്ങളുടെ ചില ആശയങ്ങൾ ഉള്ളത് ഇതാ:

1. പുറത്തുപോയി പ്രകൃതിഭംഗി ആസ്വദിക്കുക - ഒരു പാർക്കിലോ, കുന്നുകളിലോ അല്ലെങ്കിൽ സ്വന്തം ഭവനത്തിന്റെ പിൻഭാഗത്തോ ഉള്ള സൃഷ്ടിയുടെ അദ്ഭുതങ്ങൾ ആസ്വദിക്കുക. മൃഗങ്ങളെയും പക്ഷികളെയും നിരീക്ഷിക്കുന്നതിന് അഥവാ പാറകളും വനപുഷ്പങ്ങളും ഇലകളും ശേഖരിക്കുന്നതിനും വേണ്ടി ഒരു ദീർഘദൂര നടത്തത്തിനു പോകുക.
2. ഒരു സഭാസന്ദർശകനെ ഉച്ചഭക്ഷണത്തിന് ഭവനത്തിലേക്കു ക്ഷണിക്കുക.
3. ആത്മോന്മേഷപ്രദമായ ഗാനങ്ങൾ, തിരുവചനഗാനങ്ങൾ അല്ലെങ്കിൽ ശാസ്ത്രീയ സംഗീതഭാഗങ്ങൾ എന്നിവ കേൾക്കുക.
4. സംഗീതം രചിക്കുക. നിങ്ങൾ ഒരു വാദ്യോപകരണം വായിക്കുകയോ അഥവാ പാടുകയോ ചെയ്യുമെങ്കിൽ കർത്താവിനുവേണ്ടി ഇമ്പമായ ഒരു ഈണം എന്തുകൊണ്ട് തയ്യാറാക്കിക്കൂടാ.
5. വേദപുസ്തകം വായിക്കുക. നിങ്ങൾക്കിഷ്ടപ്പെട്ട ഒരു വിഷയം പദകോശം (കൺകോർഡൻസ്) ഉപയോഗിച്ച് പഠിക്കുകയും. നിങ്ങളോട് ഏറ്റവും അടുപ്പമുള്ളവരുമായി അതു പങ്കുവെക്കുകയും ചെയ്യുക.
6. ദൈവത്തെ മഹത്വപ്പെടുത്തുന്ന കീർത്തനം സ്വയം രചിക്കുകയും അത് ഒരു സുഹൃത്തുമായോ കുടുംബാംഗവുമായോ പങ്കുവെയ്ക്കുകയും ചെയ്യുക.
7. ഒരു രോഗിക്ക് അഥവാ ഏറ്റവും മുതിർന്ന ഒരു വ്യക്തിക്ക് ധൈര്യം പകരുന്ന ഒരു കുറിപ്പെഴുതുക.
8. ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ട മുതിർന്നവരെ സന്ദർശിക്കുക.
9. തടവുകാരെ സന്ദർശിക്കുക. അവരുമായി പുസ്തകങ്ങൾ പങ്കുവെക്കുകയും വേദപഠനങ്ങൾ നല്കുകയും ചെയ്യുക.
10. ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ട സ്നേഹിതരെ അഥവാ സഭാംഗങ്ങളെ സന്ദർശിക്കുകയും അവരോടൊത്തു പ്രാർത്ഥിക്കുകയും ചെയ്യുക.
11. ഒരു നോട്ടുപുസ്തകം എടുത്ത് അതിൽ നിങ്ങൾ നന്ദിയർപ്പിക്കേണ്ട കാര്യങ്ങളുടെ പട്ടിക രേഖപ്പെടുത്തുവാൻ ആരംഭിക്കുക. ആഴ്ചയിൽ അല്ലെങ്കിൽ ശബ്ബത്തുകളിൽ ഈ പട്ടികയോടു കാര്യങ്ങൾ കൂട്ടിച്ചേർക്കുക.
12. പുസ്തകങ്ങളും ലഘുലേഖകളും മറ്റു പ്രസിദ്ധീകരണങ്ങളും നിങ്ങളുടെ അയൽവാസികൾക്കു വിതരണം ചെയ്യുക.
13. ദിവസങ്ങളോളം കാലാവസ്ഥ നിങ്ങളുടെ പ്രവർത്തനങ്ങൾ തടയുമ്പോൾ ഒരു വേദപുസ്തകമത്സരക്കളി, ഒരു പദപ്രശ്നോത്തരി, ഒരു പ്രകൃതി കടംകഥയുടെ ഉത്തരം കണ്ടെത്തൽ എന്നിവ നടത്തുകയോ ഒരു ക്രിസ്തീയ പുസ്തകം വായിക്കുകയോ ചെയ്യുക.
14. ഒരു വേദപുസ്തകഭാഗം മനഃപാഠമാക്കിയശേഷം നിങ്ങളുടെ കുടുംബത്തിനുവേണ്ടി അതു പറഞ്ഞുകേൾപ്പിക്കുക.



പ്രപഞ്ചത്തിന്റെ ദൈവം ഓരോ ആഴ്ചയും ഒരു വിശേഷസമയം മാറ്റി വെച്ചിരിക്കുന്നു, അവന്റെ അദ്ഭുതകരമായ വാഗ്ദാനം ഇതാണ്:

> “നീ എന്റെ വിശുദ്ധദിവസത്തിൽ നിന്റെ കാര്യാദികൾ നോക്കാതെ ശബ്ബത്തിൽ നിന്റെ കാൽ അടക്കിവെച്ചു, ശബ്ബത്തിനെ ഒരു സന്തോഷം എന്നും യഹോവയുടെ വിശുദ്ധദിവസത്തെ ബഹുമാനയോഗ്യം എന്നും പറകയും നിന്റെ വേലെക്കു പോകയോ നിന്റെ കാര്യാദികളെ നോക്കുകയോ വ്യർത്ഥ സംസാരത്തിൽ നേരം പോക്കുകയോ ചെയ്യാതവണ്ണം അതിനെ ബഹുമാനിക്കയും ചെയ്യുമെങ്കിൽ, നീ യഹോവയിൽ പ്രമോദിക്കും; ഞാൻ നിന്നെ ദേശത്തിലെ ഉന്നതങ്ങളിൽ വാഹനമേറ്റി ഓടുമാറാക്കുകയും നിന്റെ പിതാവായ യാക്കോബിന്റെ അവകാശംകൊണ്ടു നിന്നെ പോഷിപ്പിക്കയും ചെയ്യും; യഹോവയുടെ വായല്ലോ അരുളിച്ചെയ്തിരിക്കുന്നതു” (യെശ. 58:13,14).





## ശബ്ബത്തിൽ ഉല്ലാസമില്ലേ?

ഈ വേദഭാഗത്തിലുള്ള “പ്രമോദം” എന്ന പദം ശബ്ബത്തിൽ ആനന്ദിക്കുന്നതിന് നിങ്ങൾ എന്തെങ്കിലും ചെയ്യുന്നത് സ്വയമേ തെറ്റാണെന്ന് അർത്ഥമാക്കുന്നില്ല. യഥാർത്ഥത്തിൽ, ഈ വേദഭാഗം ശബ്ബത്ത് പ്രമാണിക്കുന്നതിനെ‘ ‘ഒരു സന്തോഷം”എന്നു പറയുന്നു. ഇതു വാസ്തവത്തിൽ നിങ്ങളുടെ വ്യക്തിപരമായ പ്രവർത്തനങ്ങൾ പിന്തുടരുന്നതിനെയും, നിങ്ങളുടെ സ്വന്തം താൽപര്യങ്ങളും പദ്ധതികളും മാർഗ്ഗങ്ങളും പിന്തുടരുന്നതിനെയും പറ്റിയാണു പറയുന്നത്.

തന്റെ ശബ്ബത്ത് ദിനത്തെ നാം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുമെങ്കിൽ, അവൻ നമ്മെ സവിശേഷവിധത്തിൽ അനുഗ്രഹിക്കാമെന്നു വാഗ്ദാനം ചെയ്തിരിക്കുന്നു. ഈ ദിവസത്തിൽ, നമ്മുടെ സ്വന്തകാര്യങ്ങളും ഈ ലോകത്തിന്റെ വ്യാമോഹങ്ങളും മാറ്റിവെയ്ക്കണം. അങ്ങനെ നമുക്ക് യേശുവിന്റെ പാദങ്ങളിൽ ഇരുന്ന് അവനിൽനിന്നും പഠിക്കുവാൻ കഴിയും. ഈ വിശേഷദിനം ഒരിക്കലും ഒരു ഭാരമായിരിക്കുമെന്ന് അർത്ഥമാക്കുന്നില്ല. ഇത് ഒരിക്കലും വെറും “ചട്ടങ്ങളുടെ ഒരു ദിവസം” ആയിരിക്കുകയില്ല. പകരം ഇത് നമ്മെ സന്തോഷിപ്പിക്കണം, കാരണം നാം സ്നേഹിക്കുന്ന യേശുവിനോട് കൂടുതൽ അടുത്തു വരുന്നതിനുള്ള ഈ അതിശയകരമായ അവസരം നമുക്കുണ്ട്.

ആഴ്ചയിലുടനീളം നിങ്ങൾ വഹിക്കേണ്ട വലിയ ഭാരങ്ങൾ നിങ്ങൾക്കുണ്ടോ? കുറ്റം, ഭയം അഥവാ ദുഃഖം ഇവയിൽനിന്നും ഒരു സ്വസ്ഥതയ്ക്കുവേണ്ടി നിങ്ങൾ നോക്കിപ്പാർക്കുകയാണോ? അല്ലെങ്കിൽ ജീവിതത്തിൽ ഏറ്റവും ഉത്തമമായ ചിലതിനുവേണ്ടി നിങ്ങൾ നോക്കുകയാണോ? പ്രത്യാശയും, സന്തോഷവും രോഗസൗഖ്യവും വാഗ്ദാനം ചെയ്യുന്ന ജീവന്റെ ഒരു മാർഗ്ഗമുണ്ട്: യേശു പറഞ്ഞു, “അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും” (മത്താ. 11:28). നമുക്ക് വളരെ ആവശ്യമുള്ള ആത്മികവും മാനസികവും ശാരീരികവുമായ സ്വസ്ഥത കൈവരുത്തുന്ന, തന്റെ ശബ്ബത്ത് ദിനത്തിലൂടെയാണ് താൻ ഇതു നിവർത്തിക്കുന്നത്. ആദിയിൽ ദൈവം ശബ്ബത്ത് സൃഷ്ടിക്കുകയും അതിനെ അനുഗ്രഹിക്കുകയും ശുദ്ധീകരിക്കുകയും ചെയ്തു. ഇതുതന്നെ നിങ്ങളിൽ ചെയ്യുവാൻ അവനു കഴിയും-നിങ്ങളുടെ ഹൃദയത്തെ പുനർസൃഷ്ടിക്കുവാനും വിശുദ്ധീകരിക്കുവാനും നിങ്ങളുടെ ജീവിതത്തെ അനുഗ്രഹിക്കുവാനും കഴിയും.

**പ്രായോഗിക മാർഗ്ഗങ്ങളിൽ ശബ്ബത്ത് എങ്ങനെ വിശുദ്ധമായി പ്രമാണിക്കുവാൻ നിങ്ങൾക്കു കഴിയും എന്നു പരിചിന്തിക്കുന്നതിന് നിങ്ങൾ ഒരിക്കലും സമയം ചിലവഴിച്ചിട്ടില്ലെങ്കിൽ, ഇപ്പോൾത്തന്നെ എന്തുകൊണ്ട് ഒരു സമർപ്പണം നടത്തിക്കൂടാ? അവൻ നിങ്ങൾക്കു വഴി കാണിച്ചുതരും. മാത്രമല്ല, നിങ്ങൾ ദൈവത്തെ ഒന്നാമതാക്കുന്നതു തിരഞ്ഞെടുക്കുകയും തക്കസമയത്ത് ഈ സവിശേഷ നിയോഗത്തെ മാനിക്കുകയും ചെയ്യുമ്പോൾ, താൻ ശബ്ബത്തിനെ വിശുദ്ധമാക്കിയിരിക്കുന്നതുപോലെ, നിങ്ങളെ വിശുദ്ധീകരിക്കുന്നതിന് അവനിൽ ആശ്രയിക്കുവാൻ നിങ്ങൾക്കു സാധിക്കും!**

**ദൈവം വാഗ്ദാനം ചെയ്യുന്ന ഈ ‘വിശ്രമം’ അംഗീകരിക്കുന്നത് നിങ്ങൾക്ക് ഇപ്പോൾ തിരഞ്ഞെടുത്തുകൂടെയോ?**

# യുഗങ്ങളുടെ പ്രത്യാശ

എലൻ ജി. വൈറ്റ്




പേജ്
852

പുസ്തകത്തിന്റെ വില ₹ 380/-

നമുക്ക് സന്തോഷം വേണം. നാം അത് പ്രത്യാശിക്കുന്നു. നാമെല്ലാവരും ചരിത്രത്തിന്റെ യുഗങ്ങളിലൂടെ സന്തോഷത്തെ പ്രത്യാശിച്ചിരുന്നു. എന്നാൽ പ്രകടിപ്പിക്കാൻ കഴിയാത്ത യുഗങ്ങളുടെ പ്രത്യാശ, വസ്തുക്കളിലോ, പ്രശസ്തിയിലോ, അധികാരത്തിലോ, വിനോദത്തിലോ കണ്ടെത്താൻ കഴികയില്ല. ഒരു വ്യക്തിയിൽ മാത്രമേ അത് കണ്ടെത്താൻ കഴിയൂ. ആ വ്യക്തിയുടെ കഥയാണ് ഈ ഗ്രന്ഥം. നിങ്ങളുടെ പര്യവേക്ഷണത്തിന്റെ അവസാനം ആയിരിക്കും ഈ ഗ്രന്ഥം.

കൂടുതൽ വിവരങ്ങൾക്ക്:

**Ph: (O) 0487 2440341, 43, 9495955082**

e-mail: swiusda5@gmail.com, soeytom@gmail.com




വാർഷിക
വരിസംഖ്യ
₹150/-




# പ്രവചനശബ്ദം

തിരുവചനസത്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഒരു ക്രൈസ്തവ കുടുംബമാസിക

ഞങ്ങളുടെ വിലാസം:

എഡിറ്റർ, പ്രവചനശബ്ദം
പി. ബി. നമ്പർ 1, എവർഗ്രീൻ ലെയിൻ
മൂസ്പെറ്റ് റോഡ്, ഈസ്റ്റ് ഫോർട്ട്
തൃശൂർ – 680 005

**Ph: (O) 0487 2440341, 43, 9495955082**
e-mail: swiusda5@gmail.com, soeytom@gmail.com